
fmpb

# FMPB മിത്രസമാചാർ

(for private circulation only)

വാല്യം **14** | ലക്കം **10** | ഒക്ടോബർ 2024



**"സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും;..."**
**സെഖ. 4:7**

# സർവ്വശക്തനായ ദൈവം!

## സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ നീ ആരാകുന്നു?

ഞാൻ ആർ
2 ശമുവേൽ 7:18




# ആമുഖം ...

പിതാവയ ദൈവം പല പേരുകളിൽ അറിയപ്പെടുന്നു അവയിൽ ഒന്നാകുന്നു എൽ - ഷദ്ദായി ഇതിന്റെ അർത്ഥം സർവ്വശക്തനായ ദൈവം എന്നാകുന്നു .ദൈവം നമ്മുടെ പൂർവ്വപിതാക്കന്മാർക്കു സ്വയം വെളിപ്പെടുത്തിയത് സർവ്വശക്തനായിട്ടാണ് (പുറ.6:1-2). ഈ വേദഭാഗത്തു നാം കാണുന്നത് ദൈവം കൂടെയിരിക്കാം എന്ന വാഗ്ദത്തം നൽകി മോശെയെ ധൈര്യപ്പെടുത്തുന്നതാണ് "ഞാൻ യഹോവ ആകുന്നു". ചരിത്രത്തിലുടനീളവും നമ്മുടെ ദൈനംദിന ജീവിതത്തിലും നമ്മുടെ മിഷൻ വയലിലും സർവ്വശക്തനായ ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾക്കു നാം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എൽ - ഷദ്ദായി സർവ്വശക്തൻ (omnipotent) ആകുന്നു. ഇതിന്റെ അർത്ഥം അവൻ സകലത്തിനും മതിയായവൻ. "സർവ്വശക്തനെയോ നാം കണ്ടെത്തുകയില്ല; അവൻ ശക്തിയിൽ അത്യുന്നതനാകുന്നു. അവൻ ന്യായത്തിനും പൂർണ്ണ നീതിക്കും ഭംഗം വരുത്തുന്നില്ല" (ഇയ്യോബ് 37:23)

(A) സർവ്വശക്തനായ ദൈവത്തിനു ഇഷ്ടം പോലെ പ്രവർത്തിക്കുവാൻ ശക്തിയുണ്ട്. തന്റെ ഉദ്ദേശത്തെ തടയുവാൻ ആർക്കും കഴികയില്ല (ദാനി.4:35). (B) ദൈവം ഇഷ്ടമുള്ളത് ചെയ്യുന്നു (സങ്കീ.115:3; യെശ.46:9-10). ഞാൻ ദൈവം ആകുന്നു ... എന്റെ ആലോചന നിവൃത്തിയാകും എന്റെ താൽപര്യമൊക്കെയും അനുഷ്ഠിക്കും. (C) അവന്റെ ശക്തി സകല ശക്തിയിലും ഉന്നതമാകുന്നു. 85000 മൈൽ ഘനമുള്ളതും ഭൂമിയെക്കാൾ 1.3 ദശലക്ഷം മടങ്ങ് വലിപ്പമുള്ളതും ഒരു ദശലക്ഷം ഡിഗ്രി സെൽഷ്യസിൽ കത്തിജ്വലിക്കുന്നതുമായ സൂര്യനെ ചക്രവാളത്തിനകത്തു പ്രദർശിപ്പിക്കുന്ന ദൈവം എല്ലാ പ്രഭാതത്തിലും തന്റെ ശക്തിയുടെയും തേജസ്സിന്റെയും ഒരു ചെറിയ ദൃശ്യം നമ്മെ കാണിക്കുന്നു. ഓരോ രാത്രിയിലും ദൈവം തന്റെ മഹത്വത്തിന്റെ പ്രദർശനം ആകാശത്തു നടത്തുന്നു. ദൈവം അനന്തമായ ശക്തിയാണെന്നും അവന്റെ ശക്തിയുമായി താരതമ്യപ്പെടുത്തുവാൻ ഒന്നുമില്ലെന്നും ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു (സങ്കീ.19).

സർവ്വശക്തനായ ദൈവം എന്ന പേര് എന്താണ് അർത്ഥമാക്കുന്നത്? ആരാധനയും ഭയവും ആദരവും അത്ഭുതവും ഭീകരതയും ചേർന്നുള്ള സമിശ്രമായ ഒരു ബഹുമാനം (യെശ.8:13). സുവിശേഷത്തിൽ വിശ്വസിക്കാത്തവരുടെമേൽ ദൈവക്രോധം വരുമെന്നും ഇതു സൂചിപ്പിക്കുന്നു (2 തെസ്സ.1:8, സങ്കീ. 73), ദൈവക്രോധത്തിന്റെ നേർ വിപരീതമായ അഭയം (സങ്കി.91:1,2) "... സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കുകയും ..."

നമ്മുടെ പ്രാദേശിക സുവിശേഷകൻ ജാർഖണ്ഡിൽ സാഹിബ്ഗഞ്ച് ജില്ലയിലുള്ള ജോർദിഗ എന്ന ഗ്രാമത്തിൽ പോയി ഒരു നാൾ രാത്രി യോഗം നടത്തി. പാട്ടും പ്രസംഗവും അർദ്ധരാത്രി വരെ നീണ്ടു. അടുത്ത ദിവസം പ്രഭാതത്തിൽ ഗ്രാമീത്തിലുള്ളവർ സുവിശേഷകനെ സമീപിച്ചു പറഞ്ഞു, "കഴിഞ്ഞ രാത്രിയിൽ നീ പാട്ടു പാടിയപ്പോൾ ഞങ്ങളുടെ ദൈവം ഗ്രാമം വിട്ടു പോയി. ആ ദൈവത്തെ തിരികെ കൊണ്ടുവരുന്നതിനുള്ള ചിലവ് നീ വഹിക്കണം അതുവരെ നിന്നെ ഞങ്ങൾ വിടുകയില്ല." അതിനു മറുപടിയായി സുവിശേഷകൻ പറഞ്ഞു, " യേശുവിനെ സ്തുതിച്ചു പാടുന്നതു കേട്ടു നിങ്ങളുടെ ദൈവം ഓടയെങ്കിൽ, ഞങ്ങളുടെ ദൈവമായ യേശു യഥാർത്ഥത്തിൽ എത്ര ശക്തൻ എന്നു ഇപ്പോൾ എനിക്കു മനസ്സിലായി." സുവിശേഷകനെ ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെട്ട ആളുകൾ മറുത്തൊരു വാക്കു പറയാതെ സാവധാനത്തിൽ സ്ഥലം വിട്ടു.

ഇതെ സത്യം നാം സെരുബ്ബാബേലിന്റെ ജീവിതത്തിലും കാണുന്നു. തന്റെ മുമ്പിൽ നിന്ന മഹാപർവ്വതം പോലുള്ള വെല്ലുവിളികളുടെ മുമ്പിൽ തനിക്കു സ്വയമായി ഒന്നും ചെയ്യുവാൻ ഇല്ലായിരുന്നു. എന്നാൽ തന്നോടു കൂടെയുള്ള സർവ്വശക്തനായ ദൈവത്തിനു അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുവാൻ കഴിയുമായിരുന്നു. സെരുബ്ബാബേലിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ അവനിലൂടെ അതു പൂർത്തീകരിക്കുവാൻ കൂടെയിരുന്നു സഹായിച്ച അതെ ദൈവം തന്നെ ഇടുക്കുവും ഞെരുക്കുവുമുള്ള നമ്മുടെ ജീവിതത്തിലും കുടുംബത്തിലും ശുശ്രൂഷയിലും കൂടെയിരുന്നു നമ്മെ സഹായിക്കും. - എൽ ഷദ്ദായി - അവൻ സകലത്തിനും മതിയായവൻ ആകുന്നു!

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു; അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും; തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു; ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും."

– സെഫന്യാവ്. 3:17

"ദൈവ ഹിതം പൂർത്തീകരിക്കുവാൻ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുന്ന ദൈവ ജനത്തിന് അസാധ്യമായി ഒന്നുമില്ല"

– ഡേവിഡ് പ്ലാറ്റ്

"യഹോവേ, നിന്നോടു തുല്യനായവനൻ ആരുമില്ല; നീ വലിയവനും നിന്റെ നാമം ബലത്തിൽ വലിയതും ആകുന്നു"

– യിരെമ്യാവ്. 10:6

" ദൈവത്തിന്റെ പ്രവർത്തി ദൈവ ശക്തിയാൽ മാത്രമേ മുന്നോട്ടു കൊണ്ടു പോകുവാൻ കഴികയുള്ളു. ആത്മീക പോരാട്ടം നടത്തുന്ന ആത്മീക ജീവിയാകുന്നു ആകുന്നു സഭ: ദൈവം അഭിഷേകം ചെയ്യുന്ന ആത്മീക ശക്തിയാൽ മാത്രമേ പോരാട്ടത്തിൽ വിജയം വരിക്കുവാൻ സാധിക്കയുള്ളു."

– ജിം സിംബാല

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

## കേരള സോൺ:-


FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



മിത്ര സമാചാർ

FMPB യുടെ പ്രതിമാസ സൂനം

*Publisher & Editor*
S. ജോൺ ബർലിൻ


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

ആസ്ഥാന മന്ദിരത്തിലെ പ്രഭാത ധ്യാനത്തിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഞങ്ങൾ ഗ്രൂപ്പായി ചർച്ചകൾ നടത്താറുണ്ട്. ഞാൻ ചെന്നയിലുള്ളപ്പോഴൊക്കെ ഇതിൽ ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ ഭാഗമായി ചർച്ചയിൽ പങ്കെടുക്കുന്നതിനുള്ള അവസരം എനിക്കും ലഭിച്ചിട്ടുണ്ട്. സെപ്റ്റംബർ 10 ന് ഞങ്ങൾ പ്രവർത്തികൾ നാലാം അദ്ധ്യായം 23 മുതൽ 37 വരെയുള്ള തിരുവചന ഭാഗങ്ങൾ അടിസ്ഥാനമാക്കി ചർച്ച ചെയ്തു. ഞങ്ങൾ ആഴമായി ചിന്തിച്ച ഒരു കാര്യം ആദിമ ക്രൈസ്തവ വിശ്വാസികൾ എപ്രകാരമാണ് അവരുടെ വസ്തുവകകൾ അപ്പൊസ്തലന്മാരുടെ അടുക്കൽ കൊണ്ടു വന്നത്? ഓരോരുത്തരുടെയും ആവശ്യങ്ങൾ മനസ്സിലാക്കി എപ്രകാരമാണ് അവർ ഇതു വീണ്ടും വിതരണം ചെയ്തത്? ആളുകൾക്കു ഒരു കുറവും വരാത്ത വിധത്തിൽ അവർ ഇതു വിതരണം ചെയ്തു. അ.പ്ര.4:34,35 ഇപ്രകാരം പറയുന്നു, "മുട്ടുള്ളവർ ആരും അവരിൽ ഉണ്ടായിരുന്നില്ല; നിലങ്ങളുടെയോ വീടുകളുടെയോ ഉടമസ്ഥന്മാരായവർ ഒക്കെയും അവയെ വിറ്റു വില കൊണ്ടു വന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വയ്ക്കും; പിന്നെ ഓരോരുത്തനു അവനവന്റെ ആവശ്യം പോലെ വിഭാഗിച്ചു കൊടുക്കും." ചോദ്യം ഇതായിരുന്നു, ഇന്നത്തെ സാഹചര്യത്തിൽ ഇതു സാധ്യമാണോ? പെട്ടെന്നു FMPB ഏതാണ്ട് ഇതു പോലെയാണ് പ്രവർത്തിക്കുന്നതെന്ന ചിന്ത പെട്ടെന്നു എന്റെ മനസ്സിൽ വന്നു. നാം എല്ലാ സംഭവനകളും സമാഹരിച്ചു മിഷനറിമാർക്കും അവരുടെ ശുശ്രൂഷയുടെ ആവശ്യത്തിനുമായി ചില വഴിക്കുന്നു. വിതരണം ചെയ്യുന്നത് ഓരോ മിഷനറിമാരുടെയും അവരുടെ പ്രവർത്തനത്തിന്റെയും ആവശ്യം അനുസരിച്ചാണ്. FMPB യെ ഈ വിധത്തിൽ രൂപപ്പെടുത്തി എടുത്ത ദൈവത്തെ സ്തുതിക്കുകയും വേദപുസ്തക പ്രമാണങ്ങളോടു ചേർന്നു നിൽക്കുന്ന തത്വങ്ങളിലൂടെ FMPB യെ നയിച്ച പൂർവ്വപിതാക്കന്മാർക്കായി ദൈവത്തിനു നന്ദിയർപ്പിക്കുകയും ചെയ്യുന്നു.

### പൊക്കറായൻ സഭയിലെ പ്രശ്നം:

ഉത്തർപ്രദേശിലെ പൊക്കറായൻ ദൈവാലയത്തോടു ചേർന്നു ചില സൗകര്യങ്ങൾ നാം നിർമ്മിക്കുവാൻ തുടങ്ങി. ഈ ജോലിയെ ചില ആളുകൾ സംഘടിതമായി എതിർക്കുകയും വേല നിർത്തിക്കുകയും ചെയ്തു. ഈ പ്രശ്നം പരിഹരിച്ച് നിർമ്മാണ പ്രവർത്തനം തുടരുന്നതിനു സാധ്യമായ എല്ലാ വിധ ശ്രമങ്ങളും നടത്തി. കുരിശും ദൈവാല

യത്തോടു ചേർന്നുണ്ടായിരുന്ന ചുറ്റു മതിലിന്റെ ഒരു ഭാഗം ഉൾപ്പടെയുള്ള പ്രവേശന കാവാടവും ഇവർ നശി പ്പിച്ചു. ഈ വിഷയത്തിൽ ദൈവീക ഇടപെടൽ ഉണ്ടാകേണ്ടതിനായി നി ങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

**FMC മീറ്റിംഗ്:** ഫൈനാൻസ് മോണിറ്റ റിംങ് കമ്മറ്റി ഈ മാസത്തിൽ രണ്ടു പ്രാവശ്യം കൂടി 2023-24 കാലഘട്ട ത്തിലെ അവസാന കണക്കുകൾ അവ തരിപ്പിക്കുന്നതിനു ശുപാർശ ചെയ്തു.

**നമ്മുടെ മിഷനറിമാരുടെ വിവാഹം:** നമ്മുടെ മിഷനറിമാരായ ശ്രീ. എബ നേസർ ശമുവേലിന്റെയും ശ്രീമതി ജോഷ്ന ജയറാണിയുടെയും വിവാ ഹത്തിൽ പങ്കെടുക്കുന്നതിനുള്ള അവ സരം ദൈവം നൽകിത്തന്നു. ഇവർ രണ്ടു പേരും നമ്മുടെ മിഷനറിമാരാൽ സ്ഥാപിതമായ സഭയിലെ വിശ്വാസി കളാകുന്നു പിന്നീട് ഇവർ മിഷനറിമാർ ആയിത്തീർന്നു. ഇവർ ഒരുമിച്ചുള്ള ജീവിതത്തെ ദൈവമായ കർത്താവ് ആശീർവദിക്കുമാറാകട്ടെ.

**മാനേജ്മെന്റ് കമ്മറ്റി യോഗം:** ദൈവ കൃപയാൽ ആഗസ്റ്റ് 24,25 തീയതിക ളിൽ മാനേജ്മെന്റ് കമ്മറ്റി കൂടി.

**ഓർഡിനേഷൻ കമ്മറ്റി:** ഓർഡി നേഷൻ കമ്മറ്റി ആഗസ്റ്റ് 26 നു ചേർന്നു ഓർഡിനേഷനായി ലഭിച്ച അപേക്ഷക ളുടെ സൂക്ഷ്മ പരിശോധന നടത്തി.

**FES ബോർഡ് മീറ്റിംഗ്:** ഫ്രെണ്ട്സ് എഡ്യുക്കേഷൻ സൊസൈറ്റിയുടെ പൊതുയോഗം ആഗസ്റ്റ് 29 ന് ചേർന്നു സംഘടനയുടെ മുന്നോട്ടുള്ള ഗമന ത്തിനു സുപ്രധാന തീരുമാനങ്ങൾ എടുത്തു.

**ഗുജറാത്ത് പട്ടംകൊട ശുശ്രൂഷ:** ദൈവത്തിന്റെ വലിയ കൃപയാൽ നമു ക്കു ശക്തമായ പിന്തുണ നൽകുന്ന സി എൻ ഐ ഗുജറാത്ത് മഹായിട വക ബിഷപ്പ് റൈറ്റ് റവ. സിൽവാൻസ് ക്രിസ്റ്റ്യൻ നമ്മുടെ 28 മിഷനറിമാർക്കും സുവിശേഷകർക്കും ഗുജറാത്തിലെ സുറത്ത് സഭയിൽ വെച്ചു സെപ്റ്റംബർ രണ്ടാം തീയതി ശെമ്മാശ പട്ടം നൽകി ആശീർവദിച്ചു. ആദരണിയനായ ബി ഷപ്പിനോടും മഹായിടവകയുടെ ചുമ തലക്കാരോടും FMPB നിസീമമായ നന്ദി രേഖപ്പെടുത്തുന്നു.

**ഛത്തീസ്ഘട്ട് സന്ദർശനം:** സെപ്റ്റം ബർ 4 മുതൽ 8 വരെ ഫീൽഡ് സെക്ര ട്ടറിയോടും റീജിനൽ സെക്രട്ടറി യോടും കൂടെ ഛത്തീസ്ഘട്ട് റീജിയ നിലുള്ള മിഷനറിമാരെ സന്ദർശിച്ചു. ഒരോ മിഷനറി കുടുംബത്തോടും കൂടെ ചിലവിട്ട സമയം വളരെ അർത്ഥ സമ്പൂർണ്ണവും അനുഗ്രഹകരവുമായി രുന്നു.

**ഗോഹട്ടി പ്രോഗ്രാം:** സെപ്റ്റംബർ 14 ന് ഗോഹട്ടിയിലുള്ള സർക്കാർ ഉദ്യോഗസ്ഥരെയും ജോലിക്കാരെയും സഭാ മൂപ്പന്മാരെയും ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു യോഗം നടത്തി. ഉന്നത പദവിയിലുള്ള ഉദ്യോഗസ്ഥരുൾപ്പെടെ വലിയൊരു കൂട്ടം ആളുകൾ ഇതിൽ സംബന്ധിച്ചു. ആഴമായ രീതിയിൽ FMPB യെ അവതരിപ്പിക്കുന്നതിനു ഈ പ്രോഗ്രാമിൽ എനിക്കു അവസരം ലഭിച്ചു.

15 -ാം തീയതി മൂന്നു ബോറോ ബാപ്റ്റി സ്റ്റ് സഭകളിൽ ഞങ്ങൾ വചന ശുശ്രൂഷ നടത്തി. ഗോഹട്ടിയിൽ നി ന്നും 5 മണിക്കൂർ സഞ്ചരിക്കുന്ന ദൂര ത്തിലുള്ള തുക്ക്റാജ്പൂർ മേഖലക്കു

ചുറ്റുപാടുമാണ് ഈ സഭകൾ സ്ഥിതി ചെയ്യുന്നത്. അസമിൽ വിപുലമായ രീതിയിൽ സുവിശേഷ വേല ചെയ്യുന്നതിനും കൂടുതൽ മിഷനറിമാരെ കണ്ടെത്തുന്നതിനുമായി സെപ്റ്റംബർ 15 ന് ബോറോ ബാപ്റ്റിസ്റ്റ് സഭയും FMPB യും പരസ്പര ധാരണ പത്രത്തിൽ ഒപ്പിട്ടു.

ഒക്ടോബർ മാസത്തെ പ്രാഗ്രാമിനായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു.

**NIM ൽ CCC പരിശീലനം:** ഒക്ടോബർ ആദ്യവാരം ഝാർസിയിലെ **NIM** ൽ ക്രോസ് കൾച്ചറൽ കമ്യൂണിക്കേഷൻ ശില്പശാലക്കു ഞാൻ നേതൃത്വം കൊടുക്കുന്നതാണ്.

**കർണ്ണാടക സംസ്ഥാന സമ്മേളനം:** കർണ്ണാടക സംസ്ഥാന സമ്മേളനം ഒക്ടോബർ 11 മുതൽ നടത്തുന്നതിനു ക്രമീകരണം ചെയ്തു വരുന്നു. ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**പൂനെ മൊബലൈസേഷൻ യോഗങ്ങൾ:** ഒക്ടോബർ 12,13 തീയതികളിൽ പൂനെ മൊബലൈസേഷൻ മേഖലയിൽ ക്രമീകരിക്കുന്ന യോഗങ്ങളിൽ ഞാൻ സംബന്ധിക്കുന്നതാണ്.

**ഹൂബ്ലി രജത ജൂബിലി:** ഹൂബ്ലി മേഖലയിൽ നാം പ്രവർത്തനം ആരംഭിച്ച് 25 വർഷം പിന്നിടുന്നു. കഴിഞ്ഞ 25 വർഷത്തെ ദൈവത്തിന്റെ വിശ്വസ്തതക്കായി ഞങ്ങൾ നന്ദിയർപ്പിക്കുവാൻ പോകുന്നു, ഒക്ടോബർ 17 ന് ഞാനും ഈ യോഗത്തിൽ സംബന്ധിക്കുന്നതാണ്.

**തമിഴ്നാട് സോണൽ ശുശ്രൂഷകരുടെ സമ്മേളനം**


ഒക്ടോബർ 23, 24 തീയതികൾ തമിഴ്നാട് സോണിൽ പ്രവർത്തിക്കുന്ന എല്ലാ മിഷനറിമാരെയും സുവിശേഷകരെയും ഞാൻ നേരിൽ കാണുന്നതാണ്.

**സെന്റർ സോൺ ആത്മീക അനുഗ്രഹ കൂട്ടായ്മ:** സെന്റർ സോണിലെ മിഷനറിമാരുടെ ആത്മീക അനുഗ്രഹ കൂട്ടായ്മ ഒക്ടോബർ 25 ന് പെരിയമലയിൽ വെച്ചു നടത്തുന്നതാണ്. മറ്റു കർത്തൃ ദാസന്മാരുടെ കൂടെ ഞാനും ഈ സമ്മേളനത്തിൽ തിരുവചന ശുശ്രൂഷ നിർവഹിക്കുന്നതാണ്.

**ഡൽഹിയിലെ മിഷൻ കോൺഫ്രൻസ്:** ഒക്ടോബർ 31 ന് ഡൽഹിയിൽ ക്രമീകരിച്ചിരിക്കുന്ന മിഷൻ കോൺഫ്രൻസിൽ ഞാൻ വചന ശുശ്രൂഷ നിർവഹിക്കുന്നതാണ്.

മുകളിൽ പറഞ്ഞ യോഗങ്ങൾക്കായുള്ള നിങ്ങളുടെ പ്രാർത്ഥനകൾ ദൈവീക ശുശ്രൂഷകൾ ദൈവീക ഉദ്ദേശത്തിനായി നിർവഹിക്കപ്പെടുന്നതിനു വലിയ സഹായമായിരിക്കും. FMPB യുടെ ശുശ്രൂഷകൾക്കായി നിങ്ങൾ നൽകുന്ന ത്യാഗപൂർണ്ണമായ സംഭാവനകൾ നമ്മുടെ രാജ്യത്തെ സുവിശേഷത്താൽ നേടുന്നതിന് സഹായകരമാകുന്നു. ഞങ്ങൾ നിങ്ങളെല്ലാവരെയും ഓർത്തു പ്രാർത്ഥിക്കുന്നു. ദൈവമായ കർത്താവ് നിങ്ങളെല്ലാവരോടും കൂടെയിരിക്കുമാറാകട്ടെ.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ കൂട്ടു വേലക്കാരൻ



**റവ. ജോൺ ബർലിൻ എസ്.**

# മഹാപർവ്വതമേ, നീ ആർ?

ഈ വർഷം ദൈവം നമുക്കു നൽകിയ ചിന്താവിഷയം "ഞാൻ ആരാകുന്നു?" എന്നതാകുന്നു. എല്ലാ മാസവും നാം ഈ വിഷയത്തെക്കുറിച്ചു ധ്യാനിക്കുന്നു. ഈ മാസം നാം ധ്യാനിക്കുന്നത് സെഖര്യാവ് 4:7 ആണ്. "സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായിതീരും; അതിനു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും." ഈ വാക്യത്തിൽ പ്രതിപാദിക്കുന്ന മഹാപർവ്വതം എന്താകുന്നു? സെരുബ്ബാബേലിന്റെ മുമ്പിൽ സമഭൂമിയായി തീരുന്ന ഈ മഹാപർവ്വതത്തിന്റെ പ്രാധാന്യത എന്താകുന്നു എന്ന് സെരുബ്ബാബേലിന്റെ ജീവിതത്തിലൂടെ നമുക്കു ഗ്രഹിക്കാം. ദൈവീക പദ്ധതി നമ്മുടെ ജീവിതത്തിൽ പൂർത്തീകരിക്കുവാൻ നാം ശ്രമിക്കുമ്പോൾ നാം ധാരാളം തടസ്സങ്ങളെ അഭിമുഖീകരിക്കും. ഈ പ്രതിസന്ധികളുടെ മദ്ധ്യത്തിൽ നാം ആരാധിക്കുന്ന സർവ്വശക്തനായ ദൈവം നമ്മോടു കൂടെയുണ്ട്. ഈ ദൈവം തന്റെ മാറ്റമില്ലാത്ത വചനത്തിലൂടെ നമ്മെ ശക്തീകരിച്ചു ദൈവീക പദ്ധതി നമ്മിലൂടെ നമ്മുടെ ജീവിതത്തിൽ പൂർത്തീകരിക്കും.

## സെരുബ്ബാബേൽ ആരാകുന്നു

സെരുബ്ബാബേലിന്റെ അർത്ഥം "ബാബിലോണിൽ ജനിച്ചു" അല്ലെങ്കിൽ ഗ്രീക്കു ഭാഷയിൽ "ബാബിലേണിലെ വിത്ത്", എബ്രായ ഭാഷയിൽ "ബാബിലോണിൽ വിതെച്ചു". ദൈവത്തിന്റെ പദ്ധതി നിർവഹിക്കുവാൻ ബാബലോണിൽ നിന്നും സെരുബ്ബാബേലിനെ യരുശലെമിലേക്കു ദൈവം അയച്ചു. ദൈവത്തിന്റെ ദൗത്യം നിർവഹിക്കുവാൻ ദൈവം നമ്മെയും ഇന്ത്യയിൽ നിയമിച്ചിരിക്കുന്നു. ഇന്ത്യ മഹാരാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ വിതറിയിരിക്കുന്ന നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി എന്താകുന്നു? സെരുബ്ബാബേലിന്റെ ജീവിത്തിൽ നിന്നും നമുക്കു പഠിക്കാം അതായത് നമുക്കു പദ്ധതികൾ നൽകുന്ന സർവ്വശക്തനായ ദൈവം തന്നെ അത് പൂർത്തീകരിക്കും. എല്ലാ പുകഴ്ചയും മാനവും മഹത്വവും സർവ്വശക്തനായ ദൈവത്തിനു മാത്രം.



## പദ്ധതികൾ നൽകുന്നവൻ

സെരുബ്ബാബേലിനു ദൈവം നൽകിയ പദ്ധതി സർവ്വശക്തനായ ദൈവത്തിനു ഒരു ആലയം നിർമ്മിക്കുക. ഈ ലക്ഷ്യ നിർവഹണത്തിനായി ദൈവം അവനെ നേരിട്ടു അയയ്ക്കുന്നു. യിസ്രായേൽ ഏക രാഷ്ട്രമായി നിന്നത് മൂന്നു രാജാക്കന്മാരുടെ കാലത്താണെന്നു വേദപുസ്തകത്തിൽ നാം കാണുന്നു. ശൗലിന്റെ രാജ്യം, ദാവിദിന്റെ രാജ്യം, ശലോമോന്റെ രാജ്യം. ശലോമോനു ശേഷം രെഹോബായാമിന്റെ ഭരണ കാലത്തു യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ രണ്ടു രാജ്യങ്ങളായി വിഭാഗിക്കപ്പെട്ടു. വടക്കുള്ള പത്തു ഗോത്രങ്ങൾ ചേർന്നു യിസ്രായേൽ രാജ്യമായും തെക്കുള്ള രണ്ടു ഗോത്രങ്ങൾ – യഹൂദയും ബഞ്ചമിനും – ചേർന്നു യഹൂദ രാജ്യവും സ്ഥാപിക്കപ്പെട്ടു. ഈ രണ്ടു രാജ്യങ്ങളിലെയും രാജക്കന്മാർ ദൈവയിഷ്ടത്തിനെതിരായി പ്രവർത്തിച്ചതിന്റെ ഫലമായി കാലക്രമേണ തങ്ങളുടെ രാജ്യം വിട്ടു പ്രവാസികളായി പോകേണ്ടി വന്നു. യഹൂദയിൽ നിന്നും ബാബലോണിലേക്കു അടിമകളായി പിടിച്ചു കൊണ്ടു പോയവരാണ് സെരുബ്ബാബേലിന്റെ മാതാപിതാക്കൾ. സെരുബ്ബാബേൽ ബാബിലോണിൽ ജനിച്ചു. അവനെ ദൈവഭക്തിയിൽ വളർത്തി. അവൻ ഇപ്പോൾ രാജകൊട്ടാരത്തിലെ ഉദ്യോഗസ്ഥനായി സേവനം അനുഷ്ഠിക്കുന്നു. യരുശലെമിൽ മടങ്ങിപ്പോയി ദൈവത്തിന്റെ ആലയം പുനർ നിർമ്മിക്കുവാൻ ദൈവം സെരുബ്ബാബേലിനെ തിരഞ്ഞെടുക്കുന്നു. നമ്മുടെ ജീവിതത്തിൽ നാം വിവിധ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ ദൈവത്തിനു ദിവ്യമായ പദ്ധതികളുണ്ടെന്നു വിശ്വസിച്ച് ഓരോ സാഹചര്യത്തിലും അതിനനുസൃതമായി പ്രവർത്തിക്കണം.

## ലക്ഷ്യം നൽകുന്നവൻ

സെരുബ്ബാബേലിനെക്കുറിച്ചു ദൈവത്തിനു വലിയ ഉദ്ദേശം ഉണ്ടായിരുന്നതുപോലെ നാം ഓരോരുത്തരെ കുറിച്ചു ദൈവത്തിനു മഹത്തായ ലക്ഷ്യം ഉണ്ട്. ഹഗ്ഗായി 2:23 ൽ ദൈവം പറയുന്നു, "..സെരുബ്ബാബേലേ, ഞാൻ നിന്നെ എടുത്തു മുദ്രമോതിരമാക്കും എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു..." എസ്രാ. 2:1,2 വാക്യങ്ങളിലൂടെ നാം മനസ്സിലാക്കുന്നു, നെബുഖദുനേസർ രാജാവിന്റെ ഭരണ കാലത്തു സെരുബ്ബാബേലിനായുള്ള ദൈവീക ഉദ്ദേശം ബാബിലോണിൽ 70 വർഷം അടിമകളായി കഴിഞ്ഞ ജനത്തെ യരുശലെമിലേക്കു മടക്കി കൊണ്ടു പോകുക മാത്രമല്ല അവിടെ ദൈവത്തിനായി ഒരു ആലയം പണിയണം. ഇതിനായി ദൈവം സെരുബ്ബാബേലിനെ ഒരുക്കി രാജക്കൊട്ടാരത്തിൽ ഉത്തരവാദിത്വപ്പെട്ട പദവിയിൽ ആക്കിവെച്ചു. അവിടെ അവൻ നിർമ്മാണ പ്രവർത്തനത്തിന്റെ സാങ്കേതിക വിദ്യകൾ ഗ്രഹിച്ചു.

ഒരു വിദേശ രാജ്യത്തായിരുന്നിട്ടും സെരുബ്ബാബേൽ മെച്ചമായതു ദൈവത്തിനു നൽകുവാൻ പദ്ധതിയിട്ടിരുന്നു. സെരുബ്ബാബേലിനെ പോലെ നാം ഏതു സാഹചര്യത്തിലായിരുന്നാലും ദൈവീക പദ്ധതിക്കും ലക്ഷ്യത്തിനുമായി നമ്മുടെ ജീവിതത്തെ ദൈവസന്നിധിയിൽ സമർപ്പിക്കണം. നാം ഇപ്രകാരം ചെയ്യുമ്പോൾ ദൈവം നമ്മിലൂടെ തന്റെ വേല പൂർത്തീകരിക്കും.

## പ്രവർത്തിക്കുന്നവനായ ദൈവം

നമുക്കു ലക്ഷ്യവും പദ്ധതികളും നൽകുന്ന ദൈവം അതു പൂർത്തീകരിക്കുന്നതിനായി നമ്മോടു ചേർന്നു നിന്നു പ്രവർത്തിക്കും. ബാബിലോണ്യ പ്രവാസത്തിൽ 70 വർഷം കഴിഞ്ഞപ്പോൾ പ്രവാചകനിലൂടെ ദൈവം പേർഷ്യൻ രാജാവായ കോരശിന്റെ ആത്മാവിനെ ഉണർത്തി (എസ്രാ.1:1). കോരശ് രാജാവ് യിസ്രായേലിനോടു യരൂശലെമിലേക്കു മടങ്ങിപ്പോയി ദൈവാലയം നിർമ്മിക്കുവാൻ കല്പ

ിക്കുന്നതായും, പിന്നിൽ ശേഷിക്കുന്ന വരോടു ആവേശപൂർവ്വം വേലയെ പ ിന്തുണക്കുവാൻ ആവശ്യപ്പെടുന്നതായും എസ്രാ.1:3–5 വാക്യങ്ങളിൽ നാം കാണു ന്നു. ഇതു തന്നെയാണ് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ആപ്ത വാക്യം **പോകുക അല്ലെങ്കിൽ അയ യ്ക്കുക**. പുറപ്പെട്ടു പോകുന്നതി നായി അല്ലെങ്കിൽ പോയവരെ പ്രർ ത്ഥനയിലൂടെയും സാമ്പത്തിക സഹായ ത്തിലൂടെയും പിന്തുണയ്ക്കുന്നതിനായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ദൈവ വേലയിൽ നമുക്കു പ്രശംസിക്കുവാൻ ഒന്നുമില്ല. നമുക്കു പദ്ധതികളെയും ലക്ഷ്യങ്ങളെയും നൽകിയവൻ തന്നെ അതു പ്രാവർത്തീകമാക്കുന്നു.

## സെരുബ്ബാബേലിനോടു കൂടെ ദൈവാലയം നിർമ്മിക്കുന്നു

സെരുബ്ബാബേൽ ബാബലോണിൽ നി ന്നും ഉന്നത വിദ്യാഭ്യാസവും നിർമ്മാണ കലയിൽ നിപുണതയും നേടിയ കൊട്ടാ രത്തിലെ ഉയർന്ന ഉദ്യോഗസ്ഥനായിരു ന്നു. എന്നിട്ടും അവനു സ്വന്ത ജനവും ദൈവത്തിന്റെ ആലയവും നശിച്ചു പോ കുന്നതിൽ തീവ്രമായ ഭാരം ഉണ്ടായി രുന്നു. കൊട്ടാരത്തിൽ അഭിമാനകരമായ ഉന്നത പദവിയുടെ വാഗ്ദാനം ഉണ്ടാ യിരുന്നിട്ടും സെരുബ്ബാബേൽ ദൈവീക പദ്ധതിയായ ദൈവാലയ പുനർ നിർ മ്മാണം പൂർത്തീകരിക്കുന്നിതിനായി യഹൂദയിലെ ഗവർണ്ണർ ആകുന്നതു തിരഞ്ഞെടുത്തു. ഇന്നു സെരുബ്ബാ ബേലിനെ പോലെയുള്ള ആളുകളെ ആത്യാവശ്യമായിരിക്കുന്നു. തങ്ങളുടെ സുരക്ഷിത ജീവിതത്തെ വിട്ടു ദൈവീക പദ്ധതി പൂർത്തീകരിക്കുന്നതിനു തയ്യാ റാകുന്ന ആളുകളെ ഇന്നിന്റെ അടിയ ന്തിര ആവശ്യമാകുന്നു. ദൈവരാജ്യം കെട്ടിപ്പടുക്കുവാൻ ഇന്ത്യയുടെ വിവിധ കോണുകളിലേക്കു പോകുവാൻ രക്ഷി താക്കൾ തങ്ങളുടെ മക്കളെ പ്രോത്സാ ഹിപ്പിക്കണം. സെരുബ്ബാബേൽ തന്റെ സ്വാധീനം ഉപയോഗിച്ചു ആലയ നിർ മ്മാണത്തിനു വേണ്ടതെല്ലാം സ്വരൂപി ച്ചു. സെരുബ്ബാബേലിന്റെ ഭക്തിയും സേവനത്തോടുള്ള പ്രതിബദ്ധതയും ന മുക്കെല്ലാവർക്കും ഒരു മാതൃകയാകുന്നു.

## ദൈവവചനത്തിൽ വസിക്കുന്നു

സെരുബ്ബാബേൽ കൊട്ടാരത്തിലെ സുഖ സൗകര്യങ്ങൾ ഉപേക്ഷിച്ചതിന്റെ പരമ പ്രധാനമായ കാരണം അവൻ ദൈവവ ചനത്തിൽ വസിച്ചതിനാലാണ്. അവൻ കൊട്ടാരത്തിൽ ആയിരുന്നപ്പോഴും ദൈവത്തിന്റെ ഭാരം അവന്റെമേൽ ഉണ്ടായിരിന്നു. ദൈവാലയം പുനർ നിർ മ്മിക്കുവാൻ സെരുബ്ബാബേലിനെ തിര ഞ്ഞെടുത്തപ്പോൾ തന്നെ മുമ്പുണ്ടാ യിരുന്ന ശലോമോൻ രാജാവ് പണിത ദൈവാലയത്തിന്റെ നിർമ്മിതികളെ കുറി ച്ചുള്ള വിശദവും വ്യക്തവുമായ അറി വുണ്ടായിരുന്നു. അവന്റെ മാതാപിതാ ക്കൾ ആവർത്തനം 6:4–7 അടിസ്ഥാന ത്തിൽ ദൈവവചനത്തിന്റെ പ്രധാന്യത അവനെ അഭ്യസിപ്പിച്ചിരുന്നു. നാമും നമ്മുടെ മക്കളെ ഇത്തരത്തിൽ ദൈവീക വഴികളിൽ വളർത്തുവാൻ സമർപ്പിതരാ കണം. ഹഗ്ഗായി 1:12 ൽ സെരുബ്ബാബേ ലും അവനോടു കൂടെയുള്ളവരും ദൈവവചനവും പ്രവാചകന്മാരെയും അനുസരിച്ചതായി കാണുന്നു. ദൈവ വചനം ശ്രദ്ധിച്ചു അവന്റെ ഇഷ്ടം ചെയ്യുന്നവരിലൂടെ ദൈവം പ്രവർത്തി ക്കുന്നു. സെരുബ്ബാബേൽ തന്റെ അനു ഭവജ്ഞാനത്തിലോ ബാബീലോണിൽ നിന്നും അഭ്യസിച്ച വിദ്യയിലോ ആശ്ര യിച്ചില്ല. പകരം അവൻ പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചു. ദൈവത്തിന്റെ വേല ദൈവത്താൽ തിരഞ്ഞെടുക്കപ്പെ ട്ടവരിലൂടെയാണ് പൂർത്തീകരിക്കേണ്ടത് എന്ന് അവനു ബോധ്യമുണ്ടായിരുന്ന തിനാൽ ശത്രുക്കളോടു അനുരഞ്ജന പ്പെടുന്നതിനെ നിരസിച്ചു. ദൈവാലയ നിർമ്മാണത്തിനു സഹായിക്കുവാൻ അവരെ അനുവദിച്ചില്ല (സെഖ.4:1–3).

ദൈവാലയ നിർമ്മാണം രണ്ടു വർഷ ത്തോളം ശത്രു തടഞ്ഞുവെച്ചെങ്കിലും സെരുബ്ബാബേൽ ഉറച്ചു നിന്നു. സെഖ

ര്യാവ് 4:7 ൽ നാം വായിക്കുന്നതു പോലെ "സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായി തീരും." നാം ദൈവത്തിന്റെ പദ്ധതി പ്രകാരമാണ് ജീവിക്കുന്നതെങ്കിൽ എല്ലാ തടസ്സങ്ങളെയും അതിജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കും.

**വേല പൂർത്തീകരിക്കുന്നു:**

ദൈവം നൽകിയ ദൗത്യം പൂർത്തീകരിക്കുവാൻ സെരുബ്ബാബേൽ സമർപ്പിതനായിരുന്നു. സെഖര്യാവ് 4:7 പറയുന്നു, സെരുബ്ബാബേൽ ആണിക്കല്ലു കയറ്റും. ആവസാനത്തെ കല്ലു വെക്കും അത് സൂചിപ്പിക്കുന്നത് ദൈവാലയ നിർമ്മാണത്തിന്റെ പൂർത്തീകരണമാണ്. സെഖര്യാവ് 4:9 പറയുന്നത്, ദൈവാലയത്തിനു അടിസ്ഥാനമിട്ട കരം തന്നെ അതു പൂർത്തികരിക്കും. കാരണം സെരുബ്ബാബേൽ വിശ്വസ്തതയോടെ ദൈവത്തിന്റെ വേല ചെയ്തു. അവന്റെ പേര് കർത്താവിന്റെ വംശാവലിയിൽ കാണാം. മത്തായി.1:13.

സെരുബ്ബാബേൽ നിർമ്മിച്ച ദൈവാലയം പിന്നീട് തകർക്കപ്പെട്ടെങ്കിലും യിസ്രായേൽ ജനം ഈ ദൈവാലയം വീണ്ടും നിർമ്മിക്കുന്നതിനായി യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നു. 1 കൊരി. 3:16 ദൈവത്തിന്റെ ആത്മാവു വസിക്കുന്ന നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രിസ്ത്യാനികളായ നാം എല്ലാവരും മിഷനറിമാരാകുന്നു. ആത്മാക്കളെ ക്രിസ്തുവിങ്കലേക്കു കൊണ്ടു വരുവാനും അവരെ ദൈവത്തിന്റെ ജീവനുള്ള ആലയങ്ങളാക്കുന്നതിനുമായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. സെരുബ്ബാബേലിനെ പോലെ ദൈവവേലക്കായി നമ്മെ സമർപ്പിക്കാം. സെരുബ്ബാബേലിനെ സഹായിച്ച സർവ്വശക്തനായ ദൈവം നമ്മെയും സഹായിക്കുമാറാകട്ടെ. ആമേൻ.

**ശ്രീ. സെന്തിൽ മുരുകൻ @ സെൽവിൻ**; കമ്യൂണിക്കേഷൻ വിഭാഗം

# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

# BARCODE

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**



# FMPB വിശാഖ് കാർണിവൽ 2024

## ആനന്ദത്തിന്റെയും കൂട്ടായ്മയുടെയും ഒരു ദിവസം




ഇന്ത്യ, വിശാഖപട്ടണം: – 2024 ലെ FMPB യുടെ കാർണിവലിനു ആതിഥ്യം വഹിച്ചതിനാൽ പോർട്ട് ഇൻഡോർ സ്റ്റേഡിയം 2024 സെപ്റ്റംബർ 7, പ്രവർത്തനങ്ങളുടെ ഊർജ്ജസ്വലതയുള്ള കേന്ദ്രമായി രൂപാന്തരപ്പെട്ടു. മനോഹര ചിത്രങ്ങളാൽ അലംകൃതമായ വിശാലമായ വേദി ചിരികളാലും സംഗീത ഉപകരണങ്ങളിൽ നിന്നുയരുന്ന മനോഹര നാദങ്ങളാലും പാട്ടുകളാലും മാൾട്ടോ കുട്ടികളുടെ സാക്ഷ്യത്താലും നിറഞ്ഞു നിന്നു. രുചികരമായ ഭക്ഷണത്തിന്റെ സൗരഭ്യം പടർന്നു. ഈ മഹത്തകരമായ പ്രോഗ്രാം സാദ്ധ്യമാക്കി തന്ന, അനുകൂലമായ കാലവസ്ഥയും സുരക്ഷിതത്വവും ഒരുക്കിത്തന്ന അനേക സഭകളെ സജ്ജരാക്കിയ സർവ്വശക്തനായ ദൈവത്തിനു എല്ലാ മഹത്വവും പുകഴ്ചയും അർപ്പിക്കുന്നു. മാൾട്ടോ കുട്ടികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി "ഈ ചെറിയവരിൽ ഒരുവന്" എന്ന ചിന്താവിഷയത്തോടെ സംഘടിപ്പിച്ച ഈ കാർണിവലിൽ ആയിരക്കണക്കിനു വിശ്വാസികൾ സംബന്ധിച്ചു. ഈ പ്രവർത്തനത്തെ വിജയകരമാക്കുവാൻ വിവിധ മുഖാന്തരങ്ങളിലൂടെ സഹായങ്ങൾ നൽകിയ എല്ലാവരോടമുള്ള നന്ദി രേഖപ്പെടുത്തുന്നു. അവരെല്ലാവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കും!

പ്രാർത്ഥനയോടെ ആഘോഷങ്ങൾക്കു ഔദ്യോഗിക തുടക്കം കുറിച്ചു. 85 സ്റ്റാളുകൾ പ്രവർത്തിച്ചു. പുസ്തകങ്ങൾ, വസ്ത്രങ്ങൾ, ചെടികൾ, ഗെയിമുകൾ, സ്വദിഷ്ടമായ ലഘു ഭക്ഷണങ്ങൾ, വൈവിധ്യമായ ഭക്ഷണങ്ങളുടെ ലൈവ് കൗണ്ടറുകൾ, ഉന്മേഷം നൽകുന്ന ശീതള പാനിയങ്ങൾ, മെഡിക്കൽ & ഡെന്റൽ കൗണ്ടറുകൾ, തുടങ്ങി വിവിധ പ്രകാരത്തിലുള്ള സ്റ്റാളുകൾ ഇവിടെ പ്രവർത്തിച്ചു. തത്സമയ സംഗീതങ്ങൾ, കൊറിയോഗ്രാഫി, സംഭാവനയായി ലഭിച്ച സാധനങ്ങളുടെ ലേലം, FMPB മിഷ

നറിമാരുടെ പ്രചോദനം നൽകുന്ന അനുഭവങ്ങൾ, ഈ കാർണിവലിന്റെ നന്മ അനുഭവിക്കുന്ന രാജമഹാൾ ക്രിസ്ത്യൻ സ്റ്റഡി സെന്ററിന്റെ 19 പ്രോജക്ടുകളിൽ നിന്നു കടന്നു വന്ന കുട്ടികളുടെ സാക്ഷ്യങ്ങൾ തുടങ്ങിയവകളാൽ സ്റ്റേജ് സജീവമായിരുന്നു.



ജീവിതത്തിന്റെ വിവിധ മേഖലകളിലെ എല്ലാത്തരം ജനങ്ങളും ഉൾപ്പെടുന്ന ഒരു വലിയ കൂട്ടത്തെ സംഘടിപ്പിക്കുന്നതിൽ ഈ മേള വിജയകരമായിരുന്നു. സഭാ ശുശ്രൂഷകർ, വിശ്വാസ സമൂഹം, കുടുംബങ്ങൾ തുടങ്ങി എല്ലാ പ്രായത്തിലുമുള്ള ആളുകൾ ഈ ആഘോഷത്തിൽ പങ്കു ചേരുകയും തങ്ങളാൽ ആവോളം സഹായങ്ങൾ നൽകുകയും ചെയ്തു. കൂട്ടായ്മക്കും സമൂഹങ്ങളെ കെട്ടിപ്പടുക്കുന്നതതിനും ജാർഖണ്ഡിൽ രാജമഹാൾ മലനിരകളിൽ പാർക്കുന്ന മാൾട്ടോ കുട്ടികളുടെ ക്ഷേമത്തിനായുള്ള സമർപ്പണം പുതുക്കുന്നതിനും ഈ കാർണിവർ സഹായകരമായി.

“രാജാവ് അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്തു.” മത്തായി. 25:40

**ശാന്തി രമ്യരാജു**, FMPB, വിശാഖപട്ടണം

## മിഷനറി പ്രതിഷ്ഠ ശുശ്രൂഷ



2024 സെപ്റ്റംബർ 8 ന് ന്യൂ ഡൽഹിയിലുള്ള ലിവിംഗ് ഫെയ്ത്ത് ബാപ്റ്റിസ്റ്റ് ചർച്ചിൽ വെച്ച് നമ്മുടെ രണ്ടു മിഷനറിമാരെ പ്രതിഷ്ഠിക്കുവാൻ സഹായിച്ച അത്ഭുതകരമായ ദൈവകൃപക്കായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ രണ്ടു മിഷനറിമാരെ പ്രാർത്ഥനയാലും സാമ്പത്തിക സഹായത്താലും സ്പോൺസർ ചെയ്യുവാൻ തയ്യാറായ ഈ സഭക്കായി ദൈവത്തെ സ്തുതിക്കുന്നു.

മിഷനറിമാർ തങ്ങളുടെ ശുശ്രൂഷാ അനുഭവങ്ങൾ പങ്കുവെക്കുകയും ദൈവവചന സന്ദേശം നൽകുകയും ചെയ്തു. സമർപ്പണ പ്രാർത്ഥനക്കും ആശീർവാദത്തിനും ഡൽഹിയിലെ ലിവിംഗ് ഫെയ്ത്ത് ബാപ്റ്റിസ്റ്റ് സഭയിലെ പാസ്റ്ററായ റവ. ലാൽ അവും പുയ് നേതൃത്വം നൽകി.

**റവ. വൈ യെക്ടോ ചോപ്പി,** മൊബലൈസേഷൻ സെക്രട്ടറി, ഡൽഹി.

# പത്‌ലി ദബാർ സഭാചരിത്രം



എഴുതിയത്:
ശ്രീമതി ഡി ആഗ്നസ് എഡ്വേർഡ്

### പൊതുവായ വിവരങ്ങൾ

ഹരിയാന സംസ്ഥാനത്തെ സിർസ ജില്ലയിൽ സ്ഥിതി ചെയ്യുന്ന പത്‌ലി ദബാർ ഗ്രാമം ഹിസ്സാർ ഡിവിഷന്റെ കീഴിലാണ്. 2011 ലെ സെൻസസ് പ്രകാരം 73.7% സാക്ഷരത നിലവാരത്തിലുള്ള 840 കുടുംബങ്ങൾ ഇവിടെ പാർക്കുന്നു. ഗ്രാമീണരാൽ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമത്തലവൻ (സർപഞ്ച്) ആണ് ഇവിടുത്തെ ഭരണം നടത്തുന്നത്.

### മിഷനറി പ്രവർത്തനത്തിന്റെ ആരംഭം

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ഹരിയാനയിലെ ആദ്യത്തെ മിഷൻ വയലാകുന്നു സിർസ. മിഷനറിമാരായ ശ്രീ. ജയിംസ് കൈസറും ശ്രീ. വി അന്തോണിയും ചേർന്ന് 1974 ൽ ഈ മിഷൻ ആരംഭിച്ചു. 1977 ൽ ശ്രീ. അന്തോണി പോയതിനെ തുടർന്നു ശ്രീ. രാജേന്ദ്രൻ സിർസയിലേക്കു വന്നു. ശ്രീ. കൈസറും ശ്രീ. രാജേന്ദ്രനും ഫത്തെബാദിലെ സിവിൽ ആശുപത്രിയിൽ ജോലി ചെയ്യുന്ന ക്രിസ്ത്യാനിയായ പഞ്ചാബി നേഴ്സ് ശ്രീമതി. പ്രകാശ് ചാന്ദുവിനെ പരിചയപ്പെട്ടു. ഇപ്രകാരമാണ് 1979 ൽ ഫത്തെബാദിൽ പ്രവർത്തനം ആരംഭിച്ചത്. 1983 ൽ ശ്രീ. ജോയിക്കുട്ടിയും അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി റോസമ്മയും അവിടേക്കു കടന്നു വന്നു. ഇവരാണ് ഫത്തെബാദ് മിഷൻ വയലിലെ ആദ്യ മിഷനറിമാർ.

### മിഷൻ വയലിന്റെ വളർച്ചയിലെ പ്രധാന സംഭവങ്ങൾ:

1997 ൽ ശ്രീ. ജോൺ ബാലാസിങ്, ശ്രീ. സോളമൻ ഷൺമുഖം എന്നീ മിഷനറിമാർ ഫത്തെബാദ് മിഷൻ വയലിൽ നിന്നും വന്ന് പത്‌ലി ദബാർ ഗ്രാമത്തിലുള്ള സുർജിത് കുടുംബവുമായി പരിചയത്തിലായി. ദരീയാംമ്പൂർ സഭയിലെ ഒരു വിശ്വാസിയിലൂടെ നമ്മുടെ മിഷനറിമാർ ശ്രീ. സുർജിത്തിന്റെ പൈശാചിക ബന്ധനത്തിലായിരുന്ന എട്ടു വയസ്സുള്ള മകൾക്കു വേണ്ടി പ്രാർത്ഥിച്ചു. ആ ബാലികയുടെ വിടുതൽ കണ്ട സുർജിത്തും കുടുംബവും യേശുവിൽ വിശ്വസിക്കുകയും ഭവനത്തിലുള്ള വിഗ്രഹങ്ങളെ ഉപേക്ഷിക്കുകയും ചെയ്തു. മുഴുകുടുംബം സ്നാനപ്പെട്ടു ദൈവമക്കളായി. ഇത് അത്മ രാമിന്റെയും കുടുംബത്തിന്റെ മാനസാന്തരത്തിനു കാരണമായി. അവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു 1997 ഒക്ടോബർ

19ന് സ്നാനപ്പെട്ടു. മിഷനറി ഷീല ഷൺമുഖവും സുവിശേഷക ശ്രീമതി കമലേശും ചേർന്ന് ബഗുവാലി ഗ്രാമത്തിലെ ശ്രീമതി കുട്ടിയോടു സുവിശേഷം പങ്കുവെച്ചു. അവർ അവിടെ പ്രാർത്ഥന യോഗം നടത്തുന്നതിനും ആരംഭമിട്ടു. ബാഗുവാലിയിലും ചുറ്റുപാടുമുള്ള അനേക ഗ്രാമങ്ങളിൽ ശ്രീ. സോളമൻ ഷൺമുഖം ഫിലിം പ്രദർശനത്തിലൂടെ സുവിശേഷം അറിയിച്ചു. ദൈവം അത്ഭുത പ്രവർത്തനങ്ങളിലൂടെ മിഷൻ പ്രവർത്തനത്തെ വിശാലമാക്കി.

**ശ്രീ. ദേവിലാലിന്റെ സാക്ഷ്യം**

"പത്‌ലി ദബാർ ഗ്രാമത്തിൽ വസിക്കുന്ന ദേവിലാൽ എന്ന ഞാൻ മുമ്പു വിഗ്രഹാരാധിയായിരുന്നു. എന്റെ കുടുംബം ദാരിദ്ര്യത്തിലും രോഗത്തിലും ഏറെ ദുരിതം അനുഭവിച്ചു. ഞങ്ങളുടെ കൃഷിയെല്ലാം നശിച്ചു. ഈ വേളയിലാണ് ശ്രീമതി ഷീല ഷൺമുഖവും ശ്രീമതി. കമലേശും സുവിശേഷം പ്രഘോഷിക്കുന്നതിനു ഈ പ്രദേശത്തു വന്നത്. എന്റെ കുടുംബം യേശുവിങ്കലേക്കു തിരിഞ്ഞു. പൈശാചിക ബന്ധനത്താൽ ഉറക്കമില്ലാതെ ഏറെ കഷ്ടപ്പെട്ട എന്റെ മകൻ മിഷനറിമാരുടെ പ്രാർത്ഥനയാൽ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഞാനും വിശ്വാസത്തിലേക്കു കടന്നു വന്നു 2000 മാർച്ച് 13 ന് സ്നാനപ്പെട്ടു. അതിനു ശേഷം ഞങ്ങളുടെ സുവിശേഷീകരണ പ്രവർത്തനത്തീലുടെ ഗ്രാമത്തിലുള്ള ഏകദേശം 25 കുടുംബങ്ങൾ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. ക്രമേണ ഞങ്ങളുടെ ഗ്രാമത്തിൽ സഭ സ്ഥാപിതമായി."

**ആരാധനയോഗത്തിന്റെ ആരംഭം**

പത്‌ലി ദർബാറിൽ നടന്ന ആദ്യ സ്നാന ശുശ്രൂഷയെ തുടർന്നു വിശ്വാസികൾ ദരിയാമ്പൂർ സഭയിലെ ആരാധനയിൽ സംബന്ധിച്ചു. എന്നിരുന്നാലും പ്രാദേശിക വിശ്വാസിയായ ശ്രീ. നാജിറിന്റെ ഭവനത്തിൽ ആരാധന യോഗം 1998 ൽ ആരംഭിച്ചു. 2012 ഡിസംബറിൽ ഒറ്റ മുറി കെട്ടിടമുള്ള ഒരു വസ്തു ദൈവാലയ നിർമ്മാണത്തിനായി വിലെക്കു വാങ്ങി. 2016 ൽ ദൈവാലയ നിർമ്മാണം പൂർത്തീയകുന്നതുവരെ അവിടെ ആരാധന യോഗം നടത്തി വന്നു.

**സൗഖ്യത്തിന്റെയും വിശ്വാസത്തിന്റെയും സാക്ഷ്യം:**

**ശ്രീമതി രാജ്:** "എന്റെ ഭർത്താവ് ക്ഷയരോഗത്താൽ വലയുകയായിരുന്നു. എനിക്കും കാൻസറും ബാധിച്ചു. എന്റെ ക്രിസ്ത്യാനിയായ സഹോദരി എന്നെ സഭാ ആരാധനയിൽ കൂട്ടിക്കൊണ്ടു പോയി. അവിടെ ഞങ്ങൾ സ്നാനപ്പെട്ടു. പ്രാർത്ഥനയിലൂടെ ദൈവം ഞങ്ങൾക്കു പരിപൂർണ്ണ സൗഖ്യം നൽകി. തുടർന്നു ഞാൻ എന്റെ സ്വന്തക്കാരോടു സുവിശേഷം പങ്കുവെക്കുവാൻ ആരംഭിച്ചു. അവരെല്ലാം ഇന്ന് ക്രിസ്ത്യാനികളായി."

**ശ്രീ. ബുപ്സിങ്:** "കൻവാർപുര ഗ്രാമത്തിലുള്ള എന്റെ കുടുംബം 24 വർഷം പൈശാചിക ബന്ധനവും രോഗവും മൂലം അധികം കഷ്ടപ്പെട്ടു. ഞങ്ങളുടെ സകല സമ്പാദ്യവും ദുർമന്ത്രവാദികൾക്കു നൽകിയെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. ഒരു നാൾ എന്റെ ഒരു ബന്ധു ദേവിലാൽ ഞങ്ങളോടു സുവിശേഷം പങ്കു വെച്ചു ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം ഞങ്ങൾക്കു സമ്പൂർണ്ണ വിടുതൽ നൽകിത്തന്നു. ഞങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിച്ചു 2016 ഡിസംബർ 20 നു സ്നാനപ്പെട്ടു. പ്രാർത്ഥനയിലൂടെ ദൈവം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചതിനാൽ ധാരാളം ആളുകളെ

യേശുവിങ്കലേക്കു ആനയിക്കുവാൻ സാധിച്ചു.”

### ദൈവാലയത്തിനായുള്ള വസ്തു:

2011 ഡിസംബർ എട്ടിന് 6,30,000 രൂപ കൊടുത്തു ദൈവാലയം പണിയുന്നതിനുള്ള വസ്തു വാങ്ങി. 4083.75 ചതുരശ്ര അടി സ്ഥലമാണ് വാങ്ങിയത്. ആ കാലത്തു മിഷനറി ശ്രീ. ഏലിയാക്കിം ജനയാണ് വേലയുടെ മേൽനോട്ടം വഹിച്ചത്. ശ്രീ. രാജ എഡ്വിൻ മോസസ് ഹരിയാനയിലെ റീജിനൽ സെക്രട്ടറിയായിരുന്നു.

### സഭയിലെ അംഗങ്ങൾ:

പത്‌ലി ദബാർ സഭയിൽ ബഹുവാലി, കുസുമ്പി എന്നീ ഗ്രാമങ്ങളിൽ നിന്നുള്ള വിശ്വാസികളും കടന്നു വന്നിരുന്നു. ഇവർ ബാൽമികി, ജാട്ട്, മജ്‌ബി, ഓട് രാജ്പുട് എന്നീ ജാതിക്കൂട്ടങ്ങളിൽ ഉള്ളവരായിരുന്നു.

### പ്രതിരോധവും ദൈവാലയ നശീകരണവും:

2012 ജൂലൈ 11 ന് ദൈവാലയ നിർമ്മാണം ആരംഭിച്ചു. പ്രാദേശിക ഗ്രാമക്കാർ നിർമ്മാണ പ്രവർത്തനത്തെ ശക്തമായി എതിർത്തു. 150 പേർ അടങ്ങുന്ന ഒരു കൂട്ടം വന്നു തൂണുകൾ എല്ലാം നശിപ്പിക്കുകയും കെട്ടിടത്തിനു കേടുപാടുകൾ വരുത്തുകയും നിർമ്മാണ സാമഗ്രികൾ മോഷ്ടിക്കുകയും ചെയ്തു. നിർബന്ധിത മത പരിവർത്തനം എന്ന വ്യാജ കുറ്റാരോപണം ക്രിസ്ത്യാനികളുടെ മേൽ ചുമത്തുകയും ചെയ്തു. ദൈവകൃപയാൽ സിർസയിലെ ജില്ല കളക്ടർ തമിഴ്നാട്ടുകാരൻ ആയിരുന്നു. ആദ്ദേഹം ഈ വിഷയത്തിൽ ഇടപെടുകയും FIR ഇടുകയും ചെയ്തു. എതിർപ്പുകളുണ്ടെങ്കിലും വിശ്വാസികൾ നിരന്തരമായ പ്രാർത്ഥനയിലും വിശ്വാസത്തിലും ഉറച്ചു നിന്നു. ക്രമേണ എതിർപ്പുകൾ കുറഞ്ഞു ഒടുവിൽ എതിർക്കുന്നതു ഗ്രാമത്തലവൻ ശ്രീ. ഹനുമാൻ സിങ് മാത്രമായി ശേഷിച്ചു. രണ്ടു വർഷത്തിനു ശേഷം ആ ഗ്രാമത്തിൽ സമാധാനം സ്ഥാപിതമായി.

### ദൈവാലയത്തിന്റെ പൂർത്തീകരണം:

2016 നവംബറിൽ നിർമ്മാണം പൂർത്തീകരിച്ച ദൈവാലയത്തിനു **“പ്രഭു യേശു മിശിഹ് സത്സാംഗ് ഭവൻ”** എന്നു നാമകരണം ചെയ്തു. മുൻ ഗ്രാമത്തലവൻ ശ്രീ. ഹനുമാൻ സിങ് പിന്നീട് ദൈവലായ നിർമ്മാണത്തെ എതിർത്തതിനു ക്ഷമാപണം നടത്തി. 2017 നവംബർ 27 ന് ദൈവനാമ മഹത്വത്തിനായി ദൈവാലയത്തിന്റെ പ്രതിഷ്ഠ നടത്തി. പ്രതിഷ്ഠ വേളയിൽ മിഷനറി ശ്രീ. വിജയകുമാർ, ചെന്നയിലെ സെയ്ദപേട്ടിൽ നിന്നുള്ള പ്രാർത്ഥനക്കൂട്ട നേതാക്കന്മാരായ ശ്രീ. ഇമ്മാനുവേൽ, ശ്രീ. സ്റ്റീഫൻ എന്നിവർ സന്നിഹിതരായിരുന്നു.

### സഭയുടെ പ്രവർത്തനം:

സഭ കമ്മറ്റിയിൽ എട്ട് അംഗങ്ങളുണ്ട്. എല്ലാ രണ്ടാം ഞായറാഴ്ചയും തിരുവത്താഴ ശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നു. എല്ലാ ബുധനാഴചകളിലും പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിച്ചു നടത്തുന്നു. സഭാ മൂപ്പൻ ദേവും കമ്മറ്റിയംഗങ്ങളും ചേർന്ന് ചുറ്റുപാടുമുള്ള സമീപ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചതിലൂടെ കുസുമ്പി, കാൻവാർ എന്നീ ഗ്രാമങ്ങളിൽ രണ്ടു ആരാധനക്കൂട്ടങ്ങൾ സ്ഥാപിച്ചു. ഈ സഭയിലെ വിശ്വാസികൾ സ്വയപര്യാപ്തയിലെത്തേണ്ടതിനും ഇവർ വളർന്നു ശക്തമായ ഒരു സഭയായി തീരേണ്ടതിനുമായി നമുക്കു പ്രാർത്ഥിക്കാം. ഈ സഭ വളർന്നു പുഷ്പിച്ചു ദൈവനാമ മഹത്വത്തിനായി ഫലം പുറപ്പെടുവിക്കേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

# മിഷനറി ജീവചരിത്രം



## റവ. ജോർജ്ജ് ഐസക്ക്

(21.03.1951 - 31.12.2001)

കേരളത്തിൽ ഇടുക്കി ജില്ലയിലുള്ള ബുനാമി തേയില തോട്ടത്തിൽ താമസിക്കുന്ന ഹൈന്ദവ കുടുംബമായ ശ്രീ. ഐയക്കുട്ടുവിന്റെയും ശ്രീമതി മീനാക്ഷിയുടെയും മൂത്ത മകനായി 1951 മാർച്ച് 21 ന് സഹോ. ജോർജ്ജ് ഐസക് ജനിച്ചു. കേരളത്തിലെ ഇടുക്കി ജില്ലയിലുള്ള തേയിലത്തോട്ടത്തിലെ ജോലിക്കാരനായിരുന്നു. വീട്ടമ്മയായ മാതാവ് മീനാക്ഷി പൈശാചിക ബന്ധനത്തിലായി. ഇതിൽ നിന്നും അവളെ വിടുവിക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തി എങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. ഈ അവസരത്തിൽ ആ കുടുംബം സൗഖ്യമാക്കുന്ന യേശുവിനെക്കുറിച്ചു കേട്ടു. അവർ കുടുംബമായി യേശുവിൽ വിശ്വസിച്ചു സൗഖ്യത്തിനായി നിരന്തരം പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന ദൈവം കേട്ടു. മീനാക്ഷിക്കു പൂർണ്ണ സൗഖ്യം ലഭിച്ചു. ദുരാത്മാവിൽ നിന്നുള്ള വിടുതൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ അവരെ ഉറപ്പിച്ചു. ഈ കാലയളവിൽ മൂത്ത മകൻ ജോർജ്ജ് ഐസക് സ്കൂൾ പഠനം പൂർത്തീകരിച്ചു.

### രക്ഷയുടെ അനുഭവം

ഐസക്കിന്റെ മാതാവിനു ലഭിച്ച അത്ഭുത സൗഖ്യം നിമിത്തം മുഴുകുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കുടുംബമായി അവർ പ്രദേശിക സഭ ആരാധനയിൽ സംബന്ധിച്ചു വന്നു. ഒരു ദിവസം സഭയിൽ നടന്ന ആത്മീക യോഗത്തിൽ സംബന്ധിച്ച ജോർജ്ജിനോടു ദൈവം 2 കൊരി. 5:17 ലൂടെ സംസാരിച്ചു. അവൻ തന്റെ പാപത്തെ ഏറ്റുപറഞ്ഞു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വെളിപ്പാട്. 3:20 ൽ കാണുന്നതു പോലെ അവൻ ക്രിസ്തുയേശുവിൽ പുതു മനുഷ്യനായി തീർന്നു.

### ദൈവവേലക്കായുള്ള വിളി

പതിവായുള്ള വേദപുസ്ത പഠനത്തിലൂടെയും ധ്യാനത്തിലൂടെയും ശ്രീ. ജോർജ്ജ് ആത്മീക ശക്തി സംഭരിച്ചു. സഭയിൽ നടന്ന ഒരു ആത്മീക യോഗത്തിൽ ജോർജ്ജ് സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. യോഗത്തിൽ സുവിശഷം പ്രസംഗിച്ച കർത്തൃദാസൻ ഐസക്കിന്റെ പേര് വിളിച്ചു ദൈവം അവനെ തന്റെ വേലക്കായി തിരഞ്ഞെടുത്തു എന്നു പ്രഖ്യാപിച്ചു. താൻ പതിവായി വേദഭാഗത്തിലൂടെയും ദൈവീക തിരഞ്ഞെടുപ്പ് താൻ ഉറപ്പാക്കി. ആരംഭത്തിൽ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റിനോടു ചേർന്നു പ്രവർത്തിക്കുന്നതിനു ജോർജ്ജിനു അവസരം ലഭിച്ചു. ഈ സംഘടന അദ്ദേഹത്തെ ശരിയായ വിധം പരിശീലിപ്പിച്ചു. ജോർജ്ജ് സ്വന്ത ദേശത്തു പ്ര

വർത്തിക്കുവാൻ തുടങ്ങി. കുറച്ചു നാളുകൾക്കു ശേഷം ജോർജ്ജ് FMPB യെ കുറിച്ചു കേൾക്കുവാനിടയായി തുടർന്നു ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനോടു ചേർന്നു ഉത്തരേന്ത്യയിൽ സുവിശേഷം ശ്രവിക്കാത്തവരുടെ ഇടയിൽ ശുശ്രൂഷ ചെയ്തു. FMPB യിൽ മിഷനറിയായി ചേരുവാൻ ദൈവാത്മാവ് പ്രേരിപ്പിച്ചതിനാൽ ജോർജ്ജ് പൂർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു. അദ്ദേഹത്തെ ഒരു വർഷത്തെ മിഷനറി പരിശീലനത്തിനായി ഡാനീഷ്പേട്ടിലുള്ള ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലേക്കു അയച്ചു. പരിശീലനം പൂർത്തീകരിച്ചതിനെ തുടർന്നു അദ്ദേഹത്തെ ഉത്തരേന്ത്യൻ മിഷൻ വയലിലേക്കു അയച്ചു.

## വിവാഹ ജീവിതം

ജോർജ് ഐസക് തിമിഴ്നാട്ടിൽ ഈറോഡ് ജില്ലയിലുള്ള വെള്ളൈകോയിൽ ഗ്രാമത്തിലെ സഹോദരി ജയമേരിയെ 14.09.1981 ൽ വിവാഹം കഴിച്ചു. ദൈവം ഇവരുടെ കുടുംബ ജീവിതത്തെ ആശീർവദിച്ചു നാലു മക്കളെ നൽകി. മൂത്തമകൻ ജമിൻ ക്രിസ്റ്റോഫർ രാജ വിവാഹിതനായി എഞ്ചിനിയറായി അമേരിക്കയിൽ താമസിക്കുന്നു. ജലീൻ ക്രിസ്റ്റീന വിവാഹിതയായി ചെന്നയിൽ താമസിക്കുന്നു. ജാസൺ പോൾ, ജസ്റ്റിൻ രോഷൻ എന്നിവർ ചെന്നയിൽ താമസിച്ചു ജോലി ചെയ്യുന്നു.

## സഭാ സ്ഥാപന ശുശ്രൂഷ

1979 മുതൽ ജോർജ്ജ് FMPB യിലൂടെ സഭാ സ്ഥാപന ശുശ്രൂഷയിൽ വാപൃതനാകുന്നു. ഉത്തർപ്രദേശിലെ സിവാൻ, ബസ്തി, സീതമണ്ഡി എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. 1980 ൽ ഗോണ്ട, കൽപി എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. 1981 ൽ മദ്ധ്യപ്രദേശിലെ ദത്തിയ, ഡോൺ എന്നീ മിഷൻ വയലുകളിലേക്കു തന്റെ പ്രവർത്തനം മാറ്റി. മദ്ധ്യപ്രദേശിൽ 0.29% ക്രിസ്ത്യാനികൾ മാത്രമാണുള്ളത് അവരിൽ ഭൂരിപക്ഷവും പട്ടണ പ്രദേശങ്ങളിലാണ് പാർക്കുന്നത്. അനേക ജില്ലകളിൽ ഒരു ദൈവാലയം പോലുമില്ലാത്ത അവസ്ഥ. 1985 മുതൽ അദ്ദേഹം ഭണ്ഡേർ മിഷൻ വയലിന്റെ ചുമതലയേറ്റെടുത്തു അവിടെ ഒരു ദൈവാലയം പണിതു. 1996 ൽ ജോർജ്ജ് സിവൈത്തിൽ ബാലഭവനത്തിന്റെ ചുമതല ഏറ്റെടുത്തു. അതിന്റെ കൂടെ പുരുഷ മിഷനറിമാരുടെ പരിശീലന കേന്ദ്രത്തിന്റെ ചുമതലയും വഹിച്ചു.

## മൊബലൈസേഷൻ ശുശ്രൂഷ

1988 മുതൽ അലഹബാദിൽ താമസിച്ച് മൊബലൈസേഷൻ പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു പ്രവർത്തിച്ചു. വിവിധ സഭകൾ സന്ദർശിച്ച് അംഗങ്ങളെ മിഷനറി പ്രവർത്തനത്തെക്കുറിച്ചു ബോധവാന്മാരാക്കി മിഷനറി ശുശ്രൂഷയിൽ പങ്കുവഹിക്കുവാൻ അവരെ ഉത്സാഹിപ്പിച്ചു. അവരുടെ മദ്ധ്യത്തിൽ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു. FMPB പ്രവർത്തനത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനു അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു.

## അന്ത്യനാളുകൾ

ജോർജ്ജ് പ്രമേഹ രോഗത്താൽ കഷ്ടപ്പെട്ടു. 2001 ഡിസംബർ മാസത്തിൽ കരോൾ സംഘത്തിന്റെ കൂടെ ക്രിസ്തുമസ് ആഘോഷിച്ചു മിഷനറിമാർക്കുള്ള ക്രസ്തുമസ് സമ്മാനം ശേഖരിക്കുന്നതിൽ വ്യാപൃതനായിരുന്നു. ഡിസംബർ മാസം അവസാന ദിവസം രോഗം അധികരിച്ചതിനെ തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രമേഹവും രക്തസമ്മർദ്ദവും ഉണ്ടായിരുന്ന അദ്ദേഹത്തിനു ആശുപത്രിയിൽ വെച്ചു ഹൃദയസ്തംഭനമുണ്ടായി. അന്നു തന്നെ (31.12.2001) അദ്ദേഹം നിത്യതയിൽ പ്രവേശിച്ചു. റവ. ജോർജ്ജ് ഐസക്കിന്റെ 23 വർഷത്തെ ശുശ്രൂഷക്കായി നമുക്കു ദൈവത്തെ സ്തുതിക്കാം. അദ്ദേഹത്തിന്റെ പ്രീയ കുടുംബാംഗങ്ങളെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.

– റവ. ഡോ. ഇ. രാജൻ

# പിന്തുടരേണ്ട കാൽപാടുകൾ



## അലക്സാണ്ടർ മർഡോക്ക് മക്കെ

(13.10.1849 - 08.02.1890)

അലക്സാണ്ടർ മാർഡോക്ക് മക്കെ സ്കോണ്ട്ലന്റിലെ റിനിയിൽ 1849 ഒക്ടോബർ 13 ന് ജനിച്ചു. ചെറുപ്രായത്തിൽ തന്നെ തന്റെ ഹൃദയത്തെ ദൈവത്തിനായി സമർപ്പിച്ച് സത്യസന്ധനായി ജീവിച്ചു. ദൈവവേല ചെയ്യുവാൻ ആവേശമുള്ളവനായിരുന്നു. തന്റെ പിതാവിന്റെ വേദപുസ്തക പഠിപ്പിക്കലുകളും മാതാവിന്റെ കയ്യിലുള്ള വില്യം കേറി, ഹെന്റി മാർട്ടിൻ, ഡേവിഡ് ലിവിങ്സ്റ്റൺ തുടങ്ങിയ മിഷനറിമാരുടെ ജീവചരിത്ര പുസ്തകങ്ങളും അവനിൽ ഏറെ സ്വാധീനം ചെലുത്തി. സാങ്കേതിക വിദ്യയിൽ അധിക താൽപര്യമുള്ള അലക്സാണ്ടർ പിതാവിന്റെ ഫാക്ടറിയിലുള്ള ജോലിക്കാരോടു ചേർന്നു ജോലികൾ ചെയ്തു. പതിമൂന്നാം വയസ്സിൽ കപ്പൽ നിർമ്മാണത്തിന്റെ സാങ്കേതിക ജ്ഞാനം നേടി. കൂടുതൽ പഠനത്തിനായി ജർമ്മനിയിലേക്കു പോയി.

മിഷനറി ഡേവിഡ് ലിവിങ്സ്റ്റണിന്റെ ജീവചിത്രം വായിച്ച അലക്സാണ്ടർ തന്റെ ഡയറിയിൽ ഇപ്രകാരം രേഖപ്പെടുത്തി: “ഒരു സ്കോട്ടിഷ് ക്രിസ്ത്യാനിയായ ലിവിങ്സ്റ്റൺ ദൈവത്തെ സ്നേഹിച്ചു. ആഫ്രീക്കയിലുള്ള അയൽക്കാരെയും സ്നേഹിച്ചു. - നീയും പോയി അപ്രകാരം ചെയ്യുക.”

### ആഫ്രീക്കയിലേക്കുള്ള ദൈവവിളി

മക്കെ അടിക്കടി സ്വയം ചോദിക്കുമായിരുന്നു ഒരു എഞ്ചിനിയറായ എനിക്ക് ഒട്ടും വികസനം പ്രാപിക്കാത്ത ആഫ്രിക്കയിൽ പോയി എന്തു ചെയ്യുവാൻ സാധിക്കും? ഡേവിഡ് ലിവിങ്സ്റ്റണെ തേടി ആഫ്രീക്കയിലേക്കു പോയ ഹെന്റി എം സ്റ്റാൻലി എഴുതിയ ഒരു ലേഖനം ഡെയ്‌ലി റിവ്യുവിൽ 1875 ഡിസംബർ 12 ന് വായിക്കുവാൻ ഇടയായി. ഉഗാണ്ടയിലെ രാജാവ് വെള്ളക്കാരുടെ ദൈവത്തെ കുറിച്ചു അറിയുവാൻ ആഗ്രഹിക്കുന്നതായി ആ ലേഖനത്തിൽ നിന്നു ഗ്രഹിച്ചു. രോഗങ്ങൾ സൗഖ്യമാക്കുവാനും വിടുകൾ പണി

യുവാനും സാധിക്കുന്ന ഒരു വ്യക്തിക്കു ആഫ്രീക്കയെ രക്ഷിക്കുവാൻ കഴിയുമെന്നും സ്റ്റാൻലി എഴുതി. ഇത് ഒരു ദൈവവിളിയായി കണ്ട മക്കെ ഉടൻ തന്നെ ഉഗാണ്ടയിൽ പോകുവാൻ താൻ തയ്യാറാണെന്നു ചർച്ച് മിഷനറി സൊസൈറ്റിയെ അറിയിച്ചു. 1876 ഏഫ്രിൽ 27 ന് അലക്സാണ്ടർ മക്കെയും ചെറുപ്പക്കാരായ വേറെ ഏഴു മിഷനറിമാരും ചേർന്നു കപ്പലിൽ ഉഗാണ്ടയിലേക്കു യാത്ര തിരിച്ചു.

## ശുശ്രൂഷയുടെ വഴി

ആഫ്രീക്കയുടെ കിഴക്ക് ഭാഗത്ത് എത്തിയ മക്കെക്കു പനി ബാധിച്ചതിനാൽ യാത്ര താമസിച്ചു. സൗഖ്യം പ്രാപിച്ചാൽ ഉടനെ അവൻ തന്റെ വേല തുടരും. കടൽ തീരത്ത് നിന്നു എംബിവാബ്വ വരെയുള്ള 230 മൈൽ റോഡ് ഇടതൂർന്ന വനത്തിലൂടെ നിർമ്മിക്കുന്നതിനു അലക്സാണ്ടർ ധാരാളം കഷ്ടപ്പാടുകളും വെല്ലുവിളികളും സഹിക്കേണ്ടിവന്നു. ക്രിസ്തുവിന്റെ സന്ദേശം ജന ഹൃദയങ്ങളിലേക്കെത്താനുള്ള പ്രതീകാത്മക മാർഗ്ഗമായാണ് അദ്ദേഹം ഈ റോഡിനെ കണ്ടിരുന്നത്.

പ്രാദേശികമായ അന്ധവിശ്വാസങ്ങളെ തുരത്താനും മാക്കെ പോരാടി. മന്ത്രവാദത്തിനും ആഭിചാര ക്രീയയ്ക്കുമെതിരായി അദ്ദേഹം പ്രസംഗിക്കുകയും അദ്ദേഹത്തിന്റെ വിശ്വാസത്തെ പ്രകടമാക്കുന്നതിനായി പ്രാദേശികമായ മാന്ത്രിക വസ്തുക്കൾ വാങ്ങി ജനങ്ങളുടെ മുമ്പിൽ പരസ്യമായി കത്തിച്ചു കളയുകയും ചെയ്തു. അദ്ദേഹത്തിനു ഒരു ദോഷവും ഭവിക്കുന്നില്ലെന്നു കണ്ട ജനം മാക്കെ പ്രസംഗിച്ച സുവിശേഷത്തിൽ വിശ്വസിക്കുവാൻ തുടങ്ങി. രാജാവിന്റെ മരിച്ചു പോയ മാതാവിനു ശവപ്പെട്ടി നിർമ്മിച്ചു നൽകിയതിലൂടെ മാക്കെ രാജാവിന്റെ പ്രീതി സമ്പാദിച്ചു. അങ്ങനെ രാജാവിനോടു സുവിശേഷം പങ്കുവെക്കുന്നതിനു അവസരം ലഭിച്ചു. ഇരുമ്പ് ഉരുക്കിയെടുത്തു വിവിധ ഉപകരണങ്ങൾ ഉണ്ടാക്കുന്നതു ഉഗാണ്ടക്കാരെ പഠിപ്പിക്കുവാൻ മാക്കെ ഒരു ഫാക്ടറി ആരംഭിച്ചു. സ്ത്രീകൾ എല്ലാവിധ ജോലികളും ചെയ്യുകയും പുരുഷന്മാർ സാധാരണയായി രാജാക്കന്മാരോടു യുദ്ധം ചെയ്യുകയും സംവാദിക്കുകയും ചെയ്യുന്ന സംസ്കാരത്തിൽ മാക്കെയുടെ സാങ്കേതിക കഴിവുകൾ അദ്ദേഹത്തിനു ജോലി ചെയ്യുന്ന വെള്ളക്കാരൻ എന്നു വിളിപ്പേര് നേടിക്കൊടുത്തു. യേശു ക്രിസ്തു ആശാരിയെ പോലെ ജോലികൾ ചെയ്തു, സകല ജോലിയും മാന്യമാണെന്നു അദ്ദേഹം ജനങ്ങൾക്കു വിശദീകരിച്ചു കൊടുത്തു.

ജനങ്ങളെ ആരോഗ്യമുള്ളവരാക്കുവാൻ കിണറുകൾ കുഴിച്ച് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കി. അങ്ങനെ അവരുടെ മദ്ധ്യത്തിലെ രോഗങ്ങൾ കുറഞ്ഞു. താൻ കൊണ്ടുവന്ന പ്രിന്റിംഗ് പ്രസ്സ് ഉപയോഗിച്ചു ജനങ്ങളെ എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചു. പുതിയ നിമയത്തിന്റെ ചില ഭാഗങ്ങൾ പ്രാദേശിക ഭാഷയിലേക്കു പരിഭാഷപ്പെടുത്തി നൽകി. തന്റെ എല്ലാ സാങ്കേതികവും സാമൂഹ്യവുമായ സംഭാവനകൾക്കിടയിൽ മാക്കെ തന്റെ പ്രാഥമിക ലക്ഷ്യമായ ആത്മാക്കളെ ക്രിസ്തുവിനായി നേടുക എന്നതു മറന്നില്ല. അദ്ദേഹത്തിന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു, “എനിക്കു ആത്മാക്കൾക്കു വേണ്ടിയുള്ള തിവ്രമായ എരിവു നൽകുക, നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെയും ആത്മാക്കളെ രക്ഷിക്കുവാൻ

കഴിയുന്ന ഏക രക്ഷകനായ ക്രിസ്തു വിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഖണ്ഡിയായി ഞാൻ ഇവിടെ നിൽക്കട്ടെ"

ദൈവം അവന്റെ പ്രാർത്ഥന കേട്ടു ആദ്യമായി സെമ്പാരയെ സ്നാന പ്പെടുത്തി. പിന്നീട് രാജാവിന്റെ കുടുംബത്തിലെ മൂന്നു പേരെ മാന സാന്തരത്തിലേക്കു നയിച്ചു. ആദ്യം സ്നാനപ്പെടുവാൻ രാജാവ് തയ്യാറായി വന്നെങ്കിലും രാജാവ് തന്റെ ബഹു ഭാര്യത്വം, ആഭിചാരം, അടിമവ്യാ പാരം, മറ്റു ഗോത്രങ്ങളുമായുള്ള യുദ്ധം എന്നിവ ഉപേക്ഷിക്കുവാൻ മാക്കെ നിർബന്ധം പിടിച്ചു. അതിനു രാജാവ് തയ്യാറായില്ല.

## പീഡനവും ത്യാഗവും

ദൗർഭാഗ്യമെന്നു പറയട്ടെ ഉഗാണ്ട യിൽ ആക്രമം തുടർന്നു കൊണ്ടിരു ന്നു. രാജാവിന്റെ മരണത്തെ തുടർന്നു ആയിരക്കണക്കിനു ആളുകൾ കൊല്ല പ്പെട്ടു. രാജാവിന്റെ സംസ്കാര വേള യിൽ 2000 പേരെ കൊന്നു. വിവേക ശൂന്യമായ ഈ കൊലപാതകങ്ങൾ ഉപേക്ഷിക്കുവാൻ മാക്കെ രാജാവി നോടു അപേക്ഷിച്ചു. രാജാവിന്റെ മരണത്തെ തുടർന്നു പിൻഗാമിയായി വന്ന രാജാവ് മാംഗ ക്രിസ്ത്യാനിക ളോടു ക്രൂരമായി പെരുമാറി. നൂറുക ണക്കിനു ക്രിസ്ത്യാനികളെ കൊല്ലു വാൻ രാജാവ് കല്പന പുറപ്പെടുവി ച്ചു. സുവിശേഷം സ്വീകരിക്കുന്നവരെ ജീവനോടെ അഗ്നിക്കിരയാക്കി.

മാക്കെയുടെ ജീവനും അപകടത്തി ലായി. എന്നാൽ അവൻ തന്റെ ദൗത്യത്തിൽ ഉറച്ചു നിന്നു. സഹ പ്രവർത്തകനായ മിഷനറി ഹെന്റി സ്റ്റാൻലി അലകസാണ്ടർ മാക്കയെ സന്ദർശിച്ചു ധൈര്യപ്പെടുത്തി. ഇദ്ദേ ഹത്തിന്റെ ലേഖനം വായിച്ച് പ്ര ചോദിതനായിട്ടാണ് മാക്കെ ആഫ്രീ ക്കയിലെ ശുശ്രൂഷക്കായി സമർപ്പിത നായി കടന്നു വന്നത്. 1890 ഫെബ്രു വരി എട്ടിന് 41-ാം വയസ്സിൽ കടുത്ത പനി ബാധിച്ച് മരിക്കുന്നതു വരെ ക്ഷീണവും അസുഖവും വകവെ ക്കാതെ മാക്കെ തന്റെ വേല തുടർന്നു കൊണ്ടിരുന്നു.

## പൈതൃകം

അലക്സാണ്ടർ മാക്കെ ആഫ്രിക്ക യിൽ കടന്നു വന്നു പ്രവർത്തിച്ച 14 വർഷത്തിൽ ഒരു പ്രാവശ്യം പോലും തന്റെ രാജ്യത്തേക്കു മടങ്ങിപ്പോയില്ല. നന്നെ ചെറുപ്രായത്തിൽ താൻ മരി ച്ചെങ്കിലും താൻ ശേഷിപ്പിച്ച പൈ തൃകം എന്നാളും നിലനിൽക്കും. 1922 ൽ ഫാസിൽ മാത്യു ഇപ്രകാരം എഴുതി, "ഇന്ന് ഉഗാണ്ടയിലെ രാജാവ് കാവാടി ഒരു ക്രിസ്ത്യാനിയാകുന്നു. രാജ്യതലസ്ഥാനത്തു മനോഹരമായ ഒരു ദൈവാലയം സ്ഥിതിചെയ്യുന്നു. അവിടെ 70,000 ഉഗാണ്ട ക്രിസ്ത്യാ നികൾ ഉണ്ട്. അടിമ വ്യാപാരം സമ്പൂർണ്ണമായി മാഞ്ഞു പോയി. ആളുകളെ കൊല്ലുന്നതും വിഗ്ര ങ്ങൾക്കു മുമ്പിൽ ബലി കൊടുക്കു ന്നതും അവസാനിച്ചു."

ഈ വ്യതിയാനങ്ങൾ കാണാൻ അല ക്സാണ്ടർ മാക്കെ ഇന്നു ജീവിച്ചിരു പ്പില്ല. താൻ നൽകിയ വില വെറു തെയായില്ല. അദ്ദേഹത്തിന്റെ സമർപ്പ ണവും ത്യാഗവും ഉഗാണ്ടയുടെ രൂപാ ന്തരീകരണത്തിനു വഴിയൊരുക്കി. അദ്ദേഹത്തിന്റെ ജീവിത കഥ ലോക മെമ്പാടുമുള്ള ക്രിസ്ത്യാനികളുടെയും മിഷനറിമാരുടെയും തലമുറകൾക്കു ഉത്തേജനമായി തുടരുന്നു.

**ഒക്ടോബർ**
**1**
**ചൊവ്വ**

## ജന്മദിനാശംസകൾ

യുവനേശ് റ്റി

## ജമ്മു

**നാരോട്ട് : ജീവർ ജോയേശ്വ & ക്ഷേത്രിമയും പ്രീയ ദേവി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 670 വ്യക്തികൾക്കു ലഘുലേഖകൾ നൽകി. ജിമവ, ജാൻസിൽ സോക് എന്നീ ഗ്രാമങ്ങളിൽ വിബിഎസ് നടത്തി. നാഗരി ഗ്രാമത്തിൽ അന്വേഷക ക്യാമ്പ് സംഘടിപ്പിച്ചു. തലോർ ഗ്രാമത്തിൽ ദൈവത്തിന്റെ വലിയ കൃപയാൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു.

നക്രി ഗ്രാമത്തിൽ ആരാധനയോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിസ് പച്ചാനിയുടെ ക്രീസ്തിയ വിശ്വാസം തൃജിക്കുവാൻ സമ്മർദ്ദം ചെലുത്തുന്ന അവളുടെ കുടുംബാംഗങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച പുതിയ വിശ്വാസി സ്വപ്നയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സൈനിക സേവനത്തിനുള്ള പരീഷ പാസ്സായ ആശിഷ്, സുമൻ എന്നിവർ നിയമന ഉത്തരവിനായി കാത്തിരിക്കുന്നു. ശ്വസന സംബന്ധമായ പ്രയാസത്താൽ കഷ്ടപ്പെടുന്ന ശശിപാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒരു ജോലിക്കു വേണ്ടി കഷ്ടപ്പെടുന്ന സുനിലിനെ കർത്താവ് അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ആർ എസ് പുര**

**ലുൻജിലാൽ സോഗ്താറ്റ് & മേരി നെങ്നെകിം**

മൻജിത് സിങ്, അമർദീപ് സിങ്, ജനത സിങ് എന്നിവർ സുവിശേഷകനെ അവരുടെ വീട്ടിലേക്കു ക്ഷണിച്ചു. സഖറീനയ്ക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. ആത്മഹത്യക്കു ഒരുങ്ങിയ പട്യാല ഗ്രാമത്തിലെ വിഷ്ണുവിനെ കൂട്ടുവശ്വാസികൾ ധൈര്യപ്പെടുത്തി അവന്റെ ജീവൻ രക്ഷിച്ചു.

കുലിയോൻ സമുദായത്തിലെ ജനങ്ങൾ പതിവായി നമ്മുടെ ആരാധനയിൽ സംബന്ധിക്കേണ്ടതിനും വിശ്വാസ ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**നൗഷേര**

**ഷൈക് ശുഭാനി & എമി പാക്യ**

കാവൻ, പാല്ലി എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിന്റെ ഫലമായി നാലു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സിയാൽ ഗ്രാമത്തിലെ അശോക മോട്ടോർ സൈക്കിളിൽ വിട്ടിലേക്കു പോകുമ്പോൾ അവന്റെ മേൽ ഒരു പാറ വീണു. കൈയ്യിൽ പോട്ടലുണ്ടായെങ്കിലും ജീവൻ അപായപ്പെട്ടില്ല.

പുതുതായി പരിചയപ്പെട്ട ഡൊഗ്രി ഗ്രാമത്തിലെ ആകാശ്, സുമൻ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയ സംബന്ധമായ രോഗത്താൽ വലയുന്ന എട്ടു വയസ്സുകാരൻ സിബിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ചെകിടയും ഊമയുമായ കുഞ്ഞി എന്ന പൈതൽ ഭവനത്തിൽ നിന്നു കാണാതെ പോയി. അവൾ സുരക്ഷിതയായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ പ്രാർത്ഥന ദിനം

## ഒക്ടോബർ 2 ബുധൻ

### ജന്മദിനാശംസകൾ

വിരേന്ദ്ര കുമാർ
സുനിത വിരേന്ദ്രകുമാർ
ഡേവിഡ്സൺ രാജാസിങ്
ദേശായി ദിലീപ്ബായി വിനയബായി

**ബജൽദ: വസാവെ ഏലേശ് പ്രഭു & വസാവെ സുനിത വെച്ച**

ചെല്ല, ദിയാൾ, ദിയോത്, രാം കോതെ, മാൻവാൽ എന്നീ ഗ്രാമങ്ങളിൽ സംഘടിപ്പിച്ച കുട്ടികളുടെ യോഗത്തിൽ 96 കുട്ടികൾ പങ്കെടുത്തു. പ്രാർത്ഥനയുടെ ഫലമായി ഏഴു കുടുംബങ്ങൾ നമ്മളുമായ പരിചയത്തിലായി. ദിയാൾ ഗ്രാമത്തിലെ മഹാസ സമുദായത്തിൽ ഉള്ള പൽവന്ത് സിങ്ങും കുടുംബവും യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനു തയ്യാറെടുക്കുന്നു.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ ഭാര്യ സുനിതയുടെ കാൽ അപകടത്തിൽ പരുക്കേറ്റതിനാൽ നടക്കുവാൻ കഴിയുന്നില്ല. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ചികിത്സ സഹായമില്ലാത്തെ ബജാത ജനങ്ങൾ ഏറെ കഷ്ടപ്പെടുന്നു അവർക്കു ചികിത്സ സൗകര്യം വേഗത്തിൽ ക്രമീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഹാശ ജനങ്ങളുടെ മദ്ധ്യത്തിലുള്ള ജാതി പ്രശ്നം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്ത്യാനികളെ പരിഹസിക്കുകയും അവഗണിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

### അന്നി

**ജിൻ സ്വാം & ചിങ് ഹോയ് കിം**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 60 ലഘുലേഖകളും 20 സുവിശേഷ പ്രതികളും സുവിശേഷം ശ്രവിച്ചവരുടെ ഇടയിൽ വിതരണം ചെയ്തു. രാജി, സമത്രം എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനേക വർഷങ്ങൾ പൈശാചിക ബന്ധനത്താൽ കഷ്ടപ്പെട്ട റീനയെ വിശ്വാസികൾ ഒരുമിച്ചു ചേർന്നു വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം സൗഖ്യമാക്കി. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം വിജയകരമായി സംഘടിപ്പിച്ചു. അനേക സഭാ മൂപ്പന്മാർ ഇതിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന ചിത്ര, വർഷ, സീതാദേവി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഹേഷിന്റെ കുടുംബ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. രജനി, ചന്ദ്ര എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനും അതിലൂടെ ദൈവനാമം മഹത്വപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന ശ്രീദേവിയുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനത്തിൽ വിശ്വാസികൾ ആത്മാർത്ഥമായി സഹകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 3 വ്യാഴം

### ജന്മദിനാശംസകൾ

റോബിൻസൺ ഹസ്താക്

**രാംപൂർ : ദൗലപായോ ഗുയിത് & ഫ്ളോറൻസ് ലുംവങ്**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 655 വ്യക്തികൾക്കു സുവിശേഷ പ്രതികൾ നൽകി. ജ്യോതിയുടെ മകൾ, സമുദ്രയുടെ മകൻ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരായി. മോട്ടർ സൈക്കിൾ അപകടത്തിൽ ദീപക്കിനു അത്ഭുതകരമായ വിടുതൽ ലഭിച്ചു.

കൗശ ഗ്രാമത്തിലെ വിശ്വാസികൾ തമ്മിൽ ഐക്യത ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഹിരദേവിയുടെ മകനും മകളും തമ്മിലുള്ള ഭിന്നത പരിഹരിച്ച് സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവാരി മിഷൻ വയലിലെ ശുശ്രൂഷ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ കുടുംബത്തെ ഉപദ്രവിക്കുന്ന ദീപക്കിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**തനൈദാർ**

**ജപർസൺ ബി & ഗായത്രി സി**

നാലു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു ദൈവസഭയിലെ അംഗങ്ങളായി. 13 ഗ്രാമങ്ങളിൽ പ്രാർത്ഥന നടത്താം സംഘടിപ്പിച്ചു. 60 വ്യക്തികൾ സത്യാന്വേഷകരായി കടന്നുവന്നു. പ്രാദേശിക സുവിശേഷകൻ ഹരേന്ദ്ര സിങിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

പ്രാർത്ഥന നടത്താം സംഘടിപ്പിച്ച അഗർ, തേരസ, മോക്ദ, ബിദുദാർ എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബൽവാദി ഗ്രാമത്തിലെ സരസ്വതിക്കെതിരെ സ്വന്തം ഭർത്താവിന്റെ നേതൃത്വത്തിൽ ആഭിചാരം ചെയ്തു. അതിന്റെ ദോഷത്തിൽ നിന്നും അവൾ മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. ചില്ലാരു ഗ്രാമത്തിൽ ശകുന്തള ദേവിയുടെ ഭവനത്തിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**നെർവ**

**ഇമ്മാനുവേൽ എസ് & സംഗീത**

മൂന്നു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഏഴു സ്ഥലത്തു ഏകദിന ഉപവാസ പ്രാർത്ഥനകൾ നടത്തി. നാലു ഗ്രാമങ്ങളിൽ ഭവന സന്ദർശനത്തിലൂടെ അനുധാവന പ്രവർത്തനം നടത്തി. യാത്രയിലും ശുശ്രൂഷയിലും മിഷനറിമാരെ സുരക്ഷിതമായി പരിപാലിക്കുന്നു.

പഴയ വിശ്വാസത്തിലേക്കു തിരികെ പോകുന്നതിനു ഡോങ്ലി ഗ്രാമത്തിലെ വിശ്വാസികളുടെമേൽ സമ്മർദ്ദം ചെലുത്തുന്നു. ആ ചുറ്റുപാടുകൾക്കു മാറ്റം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ചോപാൽ, ജിക്കിനിൽര, കുപ്‌വി എന്നീ ഗ്രാമങ്ങളിൽ സുവിശേഷോത്സവം നടത്തുവാൻ ക്രമീകരണം ചെയ്യുന്നു. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളിൽ ആശയകുഴപ്പം ഉരുവാക്കുന്ന ദുരുപദേശകരിൽ നിന്നും വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഒക്ടോബർ 4 വെള്ളി

**ജന്മദിനാശംസകൾ**

ഉത്തമസ്ത്രീ യിസ്രായേൽ

## പഞ്ചാബ്

### മൻസ

**ദബറാത്തോ ബിസ്വാസ് & മന്ന സിങ്**

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാമും നാലു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശനവും രണ്ടു ഗ്രാമങ്ങളിൽ സ്ത്രീകളുടെ യോഗവും നടത്തി. ഗുലാബ് സിങിനു പ്രാർത്ഥനയുടെ ഫലമായി സർക്കാർ ജോലി ലഭിച്ചു. ഹർസിത് സിങിനു ഉന്നതപഠനത്തിനായി സർക്കാർ സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചു. വിശ്വാസികൾ ജോലി തേടി മറ്റു സ്ഥലങ്ങളിലേക്കു പോയതിന്റെ ഫലമായി നിർത്തിവെച്ച പോഗ സഭയിലെ ആരാധന പുനരാരംഭിച്ചു.

മന്ദേരമ്മ, കോകിയാർ, മാമഗത്കി എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന സത്സാംഗ് പ്രോഗ്രാമിൽ അനേകർ പങ്കെടുത്തു ദൈവവചനം ശ്രവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പോഗ ഗ്രാമത്തിലെ ആരാധനയിൽ പങ്കെടുക്കുന്നതിനു ഭാര്യയെ അനുവദിക്കാത്ത ഗുരുജിത് സിങിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മുഴുകുടുംബം ദൈവകൃപയാൽ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. 30 വയസ്സുള്ള സാംസി സിങ് ജോലിയില്ലാതെ ഭാരപ്പെടുന്നു. മക്കളെയും കുടുംബത്തെയും കരുതുവാൻ അവനു ജോലി അത്യാവശ്യമാകുന്നു. നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്താർബുധത്താൽ വലയുന്ന പരമേശ്വരി കൗറിനെ സർവ്വശക്തനായ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### കലൻവാലി

**വിജയകുമാർ ആർ & ജപല**

കുട്ടികൾക്കായി പ്രത്യേകം സംഘടിപ്പിച്ച വേദപഠന ക്ലാസ്സിൽ 25 കുട്ടികൾ സംബന്ധിച്ചു. പൈശാചിക ബന്ധനത്തിൽ കുടുംബത്തിലുള്ളവരെയും ഗ്രാമീണരെയും ഭയപ്പെടുത്തുന്ന സാവന്ത് കാര ഗ്രാമത്തിലെ ഹമീന്ദർ സിങ്ങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സ്ത്രീകളുടെ ഇടയിൽ നടത്തിയ യോഗത്തിന്റെ ഫലമായി ചില പള്ളികളിൽ സ്ത്രീകളുടെ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു..

ദേവു ഗ്രാമത്തിലെ മയക്കു മരുന്നിനടിമകളായ ജസ്‌വീർ സിങ്, 13 വയസ്സുള്ള ബാലൻ ഹർമ്മൻ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ജങ്മോലി ഗ്രാമത്തിലെ വിശ്വാസികൾ പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും ഹമീന്ദർ സിങ് വിടുതൽ പ്രാപിച്ചു. ഓടൻ ഇടത്താവളത്തിലെ ആരാധന യോഗത്തിൽ പുതുതായി ആറു കുടുംബങ്ങൾ സംബന്ധിക്കുന്നു. ഇവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 5 ശനി

### ജന്മദിനാശംസകൾ

രാഖി മാർദി

**തോഷാം : അജയ് ബർദെ**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സ്ത്രീകളുടെയും പുരുഷന്മാരുടെയും പ്രാർത്ഥന യോഗങ്ങൾ ഭംഗിയായി നടക്കുന്നു. സഭാമൂപ്പനായ പവൻ ബായി തന്റെ വയലിൽ കീടനാശിനി തളിച്ച വേളയിൽ അതു കണ്ണിൽ വീഴുകയും അവന്റെ കാഴ്ച ശക്തി നഷ്ടപ്പെടുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ അവർ പ്രാർത്ഥിക്കുകയും മുഖം കഴുകുകയും ചെയ്തു. അവനു കാഴ്ച ശക്തി തിരികെ ലഭിച്ചു.

ബലവാസ് ഗ്രാമത്തിൽ പുതുതായി ആരംഭിച്ച ആരാധന യോഗത്തിൽ ആരാധന നടത്തുന്നതിനു വിശ്വാസികൾ നേരിടുന്ന തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. സമൂദായത്തെ ഭയന്നു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു ധൈര്യമില്ലാത്തവരെ പരിശുദ്ധാത്മാവാം ദൈവം ബലപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി അപസ്മാരം വരുന്ന തത്മ ഗ്രാമത്തിലെ പ്രവീണിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

**കജുവാല : കുമാർ വി & പാട്രിഷ തമിഴ് സെൽവി**

എല്ലാ ഭവനത്തിലും സുവിശേഷം എന്ന പദ്ധതി പ്രകാരം ഞങ്ങൾ അഞ്ചു ഗ്രാമത്തിൽ പ്രവർത്തിച്ചു അനേക ഭവനങ്ങളിൽ പ്രാർത്ഥന യോഗങ്ങൾ നടത്തി. ജസ്ബീർ സിങിന്റെ ഭവനത്തിൽ നടത്തിയ പ്രാർത്ഥന യോഗത്തിൽ അനേക പുതിയ വ്യക്തികൾ സംബന്ധിച്ചു. പുതിയ വിശ്വാസികൾക്കായി സംഘടിപ്പിച്ച ആത്മീക കൂട്ടത്തിൽ നാലു പുതിയ കുടുംബങ്ങൾ പങ്കെടുത്തു.

അതിശക്തമായ മഴയിൽ വിളവുകൾ നശിച്ചു പോയി. സാമ്പത്തിക നഷ്ടത്തിൽ നിന്നും ദൈവം വിശ്വാസികളെ സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചുറ്റുപാടുമുള്ളവരെ സ്വാധീനിക്കത്തക്കവിധം വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹനുമാൻഘട്

**മുധവാത്തു രാജു നായക് & ഭൂക്കിയ ഝാൻസി ഭായ്**

നാലു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. വിവാഹ ജീവിതം തുടങ്ങി അഞ്ചു വർഷത്തിനു ശേഷം യേശുവിൽ വിശ്വാസം അർപ്പിച്ചതിനെ തുടർന്നു ദൈവം അവർക്കു മക്കളെ നൽകി അനുഗ്രഹിച്ചു. വിശ്വാസികൾ ഒരുമിച്ചു പ്രാർത്ഥിച്ചപ്പോൾ സുനിത കൗർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

കരൾ സംബന്ധമായ രോഗത്തിൽ നിന്നും നിർമ്മൽ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. അരുർകത്ത സിങിനു തന്റെ ലോൺ തിരികെ അടയ്ക്കേണ്ടതിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സണ്ണി, സവിത എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അജയ്ക്കു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 6 ഞായർ

**സമരണിയ : മീനുക അദേഷ & രാമുപുരം പെദ്രക്ക**

പിരോലി ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. ലഹോരി സഭയിൽ സ്വന്ത സമുദായത്തിലുള്ളവരുടെ മാനസാന്തരത്തിനായി നടത്തിയ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 30 പേർ പങ്കെടുത്തു. വിശ്വാസികൾക്കായി ഉണർവ്വു യോഗങ്ങളും സഭാമൂപ്പന്മാർക്കായി പരിശീലന പ്രോഗ്രാമും അനുഗ്രഹകരമായി നടത്തി.

മാന, എമിലിപുര എന്നീ ഗ്രാമത്തിലുള്ള പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഗോപാൽപുര ഗ്രാമത്തിലെ കുവെർ സിങ് കാൻസർ രോഗത്താൽ വലയുന്നു ഇയാളുടെ സൗഖ്യത്തിനായും അങ്ങനെ ആ ഗ്രാമത്തിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിഷാദ രോഗത്താൽ വലയുന്ന സഭാമൂപ്പൻ റാം സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഉത്തർഘണ്ട്

**ബാസ്പൂർ : ക്രിസ്റ്റ്യൻ പ്രകാശ് & കോകാനി സുമിത്രബൻ**

റാമ്പുര, സക്കോർ, മഹൽപുര എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.. ജഗദീപ് കൗർ മലേറിയ രോഗത്തിൽ നിന്നും മുക്തനായി. പൈശാചിക ബന്ധനത്തിൽ നിന്നും അനിഷിക വിടുതൽ പ്രാപിച്ചു. ഒന്നാം നിലയിൽ നിന്നും കാൽ തെന്നി താഴെ വീണ ആദിത്യയെ ദൈവം അത്ഭുകരമായി പരിപാലിച്ചു. ഇടുപ്പിലുണ്ടായ ട്യൂമറിനെ തുടർന്നു നടക്കുവാനോ ഇരിക്കുവാനോ കഴിയാതെ കഷ്ടപ്പെട്ട സോനാവതിയെ വിശ്വാസികളുടെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

നമ്മുടെ വിശ്വാസികൾ ആത്മീകമായി വളരേണ്ടതിനും അവർ സ്വന്ത ഗ്രാമത്തിൽ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാ മൂപ്പന്മാരുടെ യോഗം, മയക്കു മരുന്നിനെതിരെയുള്ള ബോധവത്കരണ ക്യാമ്പ്, വയോജന വിദ്യാഭ്യാസ പദ്ധതി, സുവിശേഷീകരണ പ്രോഗ്രാം എന്നിവ തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കുടലിൽ അണുബാധയുള്ള ഗുർമിത് സിങ്, ക്ഷയ രോഗിയായ രോഹിണി, വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന അനഷിക, പ്രസൺസിങ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ദൈവം പിശാചിന്റെ തലയെ തകർത്തു!

മദ്ധ്യപ്രദേശിലെ ദുൽക്കോത്ത് മിഷൻ വയിലുലുള്ള ബിബാരണ ഗ്രാമത്തിൽ വസിക്കുന്ന 28 വയസ്സുള്ള ജല്ലിയെ പൈശാചിക ബന്ധനം നിമിത്തം കഴിഞ്ഞ മൂന്നു മാസമായി ചങ്ങലക്കിട്ടിരിക്കയായിരുന്നു. അവളുടെ കുടുംബം അവളെ പലയിടങ്ങളിൽ ചികിത്സക്കായി കൊണ്ടു പോയി. അനേക ദുർമന്ത്രവാദികളെ സന്ദർശിച്ചു ധാരാളം പണം ചിലവഴിച്ചു. ഒരു പ്രയോജനവും ഉണ്ടായില്ല. ഒടുവിൽ അവളെ സരോണി മാൽ ഗ്രാമത്തിലെ പ്രാർത്ഥന യോഗത്തിൽ കൊണ്ടു ചെന്നു. ഞങ്ങൾ കണ്ണുനീരോടെ അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. അവൾ പൈശാചിക ബന്ധനത്തിൽ നിന്നും പൂർണ്ണ സ്വാതന്ത്ര്യം പ്രാപിച്ചു. ഈ അത്ഭുതത്തിലൂടെ അനേകർ കർത്താവിൽ വിശ്വസിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

ഒക്ടോബർ
7
തിങ്കൾ

## ജന്മദിനാശംസകൾ

വിജയ് പി ഐസക്ക്
സരോജിനി നർസാരി

### കിച്ച്

**ബിഭാബ പാനി & ബിത്തിക നായക്**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള അവസരം ലഭിച്ചു. പ്രാർത്ഥന യോഗം നടത്തുന്നതിനു ഗുരുനാം സിങ് തന്റെ ഭവനം തുറന്നു നൽകി. രാം പ്രകാശ്, ദീപക് എന്നിവർ വിശ്വാസത്തിൽ വളരുന്നു.

കിച്ച മിഷൻ വയലിലെ 95 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. റായ്സിഖ്, കുമോനി, പഹാടി എന്നീ സമുദായത്തിലുള്ളവർ സുവിശേഷം കേൾക്കുന്നതിനു താൽപര്യപ്പെടുന്നില്ല. ഗുരുദ്വാരയിൽ നിന്നുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ബോഡോലി, സജന, ന്യൂമങ്കൽ, ലാൽപുർ, കസൻപുര, ബോഡോരി, പ്രിത്തപൂർ, സിമോലിൻ, ദോദറാം, ശാന്തിപുരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നന്നക്മാത

**രാമസ്വാമി വി & അന്തോണി രാജം**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ചെറു ബാലന്റെ ജനനേന്ദ്രിയത്തിൽ നിന്നുള്ള രക്തസ്രാവം പ്രാർത്ഥനയെ തുടർന്നു സൗഖ്യമായി. സൽജിത് കൗർ പ്രാർത്ഥനയാൽ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

ഹരിയ, അമേരികാട, ഇസ്ലാം എന്നീ ഗ്രാമങ്ങളിൽ നടക്കുന്ന ക്രീസ്തീയ പ്രോഗ്രാമിൽ പങ്കെടുക്കരുതെന്നു പ്രാദേശിക ഗുരുദ്വാരയിൽ നിന്നുള്ള വിലക്ക് നീങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. പിങ്കി ത്രിലോക് സിങ്, ഷിവാനി എന്നീ കുടുംബങ്ങൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ബൽജിത് കൗർ, രോഹിനി എന്നിവർക്കു അനുയോജ്യരായ ജീവിതപങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ബസ്തി

**ശ്രീനിവാസൻ & ഷീബ ജി**

ഒരു പുതിയ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. 250 വ്യക്തികൾ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. പദപ്പൻ ദൈവാലയത്തിൽ നടത്തിയ യുവജന സമ്മേളനത്തെ ദൈവം അനുഗ്രഹിച്ചു. സ്വാതന്ത്ര്യ ദിനം പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ ആഘോഷിച്ചു. മിഷനറിമാർക്കും വിശ്വാസികൾക്കും പീഢനത്തിന്റെ മദ്ധ്യത്തിൽ ദൈവം സുരക്ഷിതത്വം നൽകി.

രവി രത്തൻ എന്ന പൈതൽ അപസ്മാര രോഗത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും പ്രീയ ചൗദരി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾക്കു തങ്ങളുടെ ഉപജീവനത്തിനായി നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ആത്മീക യോഗങ്ങളും സ്ത്രീകളുടെ യോഗങ്ങളും തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 8 ചൊവ്വ

### ജന്മദിനാശംസകൾ

അരവിന്ദ് കുജുർ

**ഘാട്ടംപൂർ: ജംങ്ഖോലുൻ തൗത്താങ് & നഗൈ തിയാൻചിങ് ഹൗസെൽ**

വിശ്വാസികളുടെ ബന്ധുക്കളോടു സുവിശേഷം അറിയിക്കുന്നതിനായി ഒരു പ്രത്യേക യോഗം സംഘടിപ്പിച്ചു. ഇതര വിശ്വാസത്തിലുള്ള നല്ലൊരു കൂട്ടം ആളുകൾ ഈ യോഗത്തിൽ പങ്കെടുത്തു. കുടുംബത്തെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാതിരുന്ന ബാൽറാമ്പൂർ ഇപ്പോൾ സ്വയമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. പാചകം ചെയ്യുന്ന വേളയിൽ പാചക വാതകം പെട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ ദൈവം രമാദേവിയെ സംരക്ഷിച്ചു. ജഗദീഷ്, ഗോപാൽ എന്നിവരെ അപകടത്തിൽ ദൈവം പരിപാലിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന സജ്ജൈജ, മനീഷ്, ഖുശിറാം, രാജു എന്നിവർ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ മിഥുൻ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### ആർ എസ് പുര

**ലുൻജലാൽഹോകിപ് & മേരി നൈങ്നെയ്കിം**

പതിനൊന്നു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. സുവിശേഷത്തെ എതിർത്തിരുന്ന പോപുര, രാമ്പൂർ, ബസ്ഖണ്ഡ്, ഡോമദുക്കുവ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിച്ചു. ചിലദോയി ഗ്രാമത്തിൽ സ്വന്ത സമൂദായത്തിന്റെ മാനസാന്തരത്തിനായി നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ 200 വിശ്വാസികൾ പങ്കെടുത്തു.

ഉദരത്തിലുണ്ടായ ട്യൂമറിനാൽ കഷ്ടപ്പെടുന്ന സിപ്പിപുര ഗ്രാമത്തിലെ ബഹദൂറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കരൾ രോഗത്താൽ വലയുന്ന റൈഗാഡ് ഗ്രാമത്തിലെ രാധേശ്യാമിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന ദുലിയ ഗ്രാമത്തിലെ ദിനേശിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നാദി, ലക്ഷ്മി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ മണ്ഡലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഗുജറാത്തിൽ ദൈവീക സംരക്ഷണം

ഗുജറാത്തിൽ ഖോരമ്പ മിഷൻ വയലിലുള്ള കസാവോ ഗ്രാമത്തിലെ വിശ്വാസി രത്തിലാൽ എന്തു ചെയ്യുന്നതിനു മുമ്പും പ്രാർത്ഥിക്കുമായിരുന്നു. മഴയുള്ള ഒരു പ്രഭാതത്തിൽ തന്റെ കൃഷിയിടത്തിലൂടെ നടക്കുമ്പോൾ വീണു കിടന്ന ഒരു വൈദ്യുത കമ്പി മാറ്റുന്നതിനായി ശ്രമിച്ചു വൈദ്യുതാഘാതമേറ്റു. അവൻ തറയിലേക്കു തെറിച്ചു വീഴുന്ന വേളയിൽ ഉറക്കെ ഹല്ലെലുയ്യ എന്നു പറഞ്ഞു. സമീപ വയലിൽ ജോലി ചെയ്തു കൊണ്ടിരുന്നവർ ഈ ശബ്ദം കേട്ടു ഓടിവന്നു അവനെ സഹായിച്ചു. കരങ്ങൾക്കു പൊള്ളലേറ്റെങ്കിലും ജീവൻ നഷ്ടപ്പെടാതെ കർത്താവ് പരിപാലിച്ചു. ഉയർന്ന വോൾട്ടേജ് ഉള്ള കമ്പിയായിരുന്നിട്ടും സർവ്വശക്തനായ ദൈവം അവനെ രക്ഷിച്ചു. ഹല്ലെലുയ്യ! എല്ലാ മഹത്വവും കർത്താവിനു മാത്രം!

ഉപവാസ പ്രാർത്ഥന ദിനം

**ഒക്ടോബർ 9 ബുധൻ**

### നേപ നഗർ

**ഗോപികൃഷ്ണൻ & മേനക എൽ**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഉറങ്ങി കിടന്ന ജന്ദലാൽ ധുവെയുടെ മേൽ ഒരു വിഷപാമ്പ് വീണെങ്കിലും ദൈവം അവളെ അത്ഭുതകരമായി പരിപാലിച്ചു. പൈശാചിക ബന്ധനം നിമിത്തം മൂന്നു മാസത്തോളം ചങ്ങലക്കിട്ടിരുന്ന ജീയാലിയ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

അജ്ഞാത രോഗത്താൽ കഷ്ടപ്പെടുന്ന ശ്രേയമാൾ ഗ്രാമത്തിലെ കലുറാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ ശുശ്രൂഷയെ എതിർക്കുന്ന നന്ദുറാം, ധാരർസിങ്, സുർള, ധുൾ സിങ്, റാമ ജന ദിവ്യ, ദാവ, നാഗൽ, ലുവ്രി, സിദ്ദി, ചിലാര എന്നിവരെ ക്രിസ്തുവിന്റെ സ്നേഹം തൊട്ടു മാനസാന്തരപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. റീന, സുരിത എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാകന, കോകാതി എന്നീ പ്രദേശത്തു നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷീകരണ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ചിറിയ

**മഹേന്ദ്രൻ & പുഷ്പം**

15 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. ദിവാലിയ, ബിൽഗാട്ട്, സോമലഗാട്ട്, ജാദിയയ, തരവാദി എന്നീ ഗ്രാമങ്ങളിൽ ദേശത്തിനുവേണ്ടി നടത്തിയ ഏകദിന ഉപവാസ പ്രാർത്ഥനകളിൽ ധാരാളം പേർ സംബന്ധിച്ചു. രണ്ടു ദിവസത്തെ യുവജന ക്യാമ്പിൽ 80 യൗവ്വനക്കാർ പങ്കടുത്തു കർത്താവിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു.

അനാർസിങിന്റ കുടുംബത്തിൽ മൂന്നുമാസം പ്രായമായ കുഞ്ഞിന്റെ മാതാപിതാക്കൾ മരിച്ചു പോയി. ഇവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കരൾ വീക്കത്താൽ വലയുന്ന രോഹിണി, പർക്കിബൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മുന്ന, ഗയത്രി ദമ്പതികൾ സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും അഞ്ചു വയസ്സുള്ള റിനു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ധാർ

**സത്തു മാറാണി & രാഖി**

ബക്കിലിയ എന്ന പുതിയ ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. ദപ്പന പാനി ഗ്രാമത്തിൽ നടത്തിയ സുവിശേഷ യോഗം അനുഗ്രഹമായിരുന്നു. കുൻഹാര, ഭാവൻത്തലൈ ഗ്രാമത്തിൽ രാത്രിയോഗങ്ങൾ നടത്തി സുവിശേഷം പങ്കുവെച്ചു. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കും സഭാമൂപ്പന്മാർക്കും പ്രാർത്ഥനക്കൂട്ട നേതാക്കന്മാർക്കുമായി പ്രത്യേക പരിശീലന പ്രോഗ്രാം നടത്തി.

ഭാര്യയുടെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന പുതിയ വിശ്വാസി കമൽഭായിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഉമാർബൻ, മനവാർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാർവിടത്തിൽ മുഴയുള്ള മങ്കള, രോഷിനി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പനക്ക ഗ്രാമത്തിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 10 വ്യാഴം

### ജന്മദിനാശംസകൾ

ചിത്ര പൊന്നു സ്വാമി, ഹരി ബാബു ഗുണ്ടേ, സന്തു മാറാണ്ടി

**ഗുണ : സതീഷ് & ഷർമ്മിള**

വിഷപാമ്പിന്റെ ദംശനമേറ്റ മോഹൻപൂർ ഗ്രാമത്തിലെ ജ്ഞാനചവുക്കയെ മിഷനറിമാർ ഫോണിലൂടെ പ്രാർത്ഥിച്ച വേളയിൽ കർത്താവ് സൗഖ്യമാക്കി. വൈദ്യുതാഘാതമേറ്റു ഒരു മണിക്കൂറോളം അബോധാവസ്ഥയിൽ കഴിഞ്ഞ ഉദൈപൂർ ഗ്രാമത്തിലെ സരിതയെ വിശ്വാസികളുടെ പ്രാർത്ഥന കേട്ടു കർത്താവ് വിടുവിച്ചു. രഞ്ച ഗ്രാമത്തിലെ മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 21 ദിവസം മലേറിയ രോഗത്താൽ വലഞ്ഞ സഭാമൂപ്പൻ രാമചന്ദ് ബരേലയെ കർത്താവ് സൗഖ്യമാക്കി. യുവജനക്യാമ്പിൽ 25 യൗവ്വനക്കാർ പങ്കെടുത്തു. കൈം സിങ് സന്നദ്ധ സുവിശേഷകനായി നമ്മോടു ചേർന്നു.

കമലേശിന്റെ കാലിലെ എല്ലിൽ കാൻസർ ബാധിച്ച മകളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും കൂയ് ബായ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നായയുടെ കടിയേറ്റു ചികിത്സിക്കുന്ന സോണിയയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇവിടെ പരിശീലന കേന്ദ്രം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചെറിയ ഒരു ദൈവാലയം ഇവിടെ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ദബ്രേ : സതികാന്ത് പരിച്ച & സാഗരിക പ്രധാൻ**

എട്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 700 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. രാത്രി യോഗത്തിൽ സംബന്ധിച്ച സുരേന്ദ്ര പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. സുവിശേഷം പങ്കുവെക്കുവാൻ അലക്സ് താൽപര്യം കാണിക്കുന്നു. ആകാശ് പുരിഹാർക്ക് ജീപ്പ് ടീമിനോടു ചേർന്നു പ്രവർത്തിക്കുന്നതിനു താൽപര്യപ്പെടുന്നു.

ശുശ്രൂഷയെ സഹായിക്കുവാൻ തയ്യാറായ രാകേഷ് പട്നാക്കറിനെ കർത്താവ് ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാവിന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന നമ്മുടെ സന്നദ്ധ സുവിശേഷകൻ വിശാൽ വർമ്മയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിജയ് സിങിനു മക്കൾ ജനിക്കേണതിനായി പ്രാർത്ഥിക്കുക.

### കുഷ്ഠ രോഗം സൗഖ്യമായി

മദ്ധ്യ പ്രദേശിൽ ഖർഗോൺ മിഷൻ വയലിലുള്ള നവൽപുര ഗ്രാമത്തിലെ ബാലൻ സലെൻ കുഷ്ഠരോഗത്താൽ കഷ്ടപ്പെട്ടു. ഇതു നിമിത്തം അവന്റെ വലതു കാൽ അഴുകുവാൻ തുടങ്ങി. രോഗം മൂലം മാത്രമല്ല കുടുംബത്തിനു താൻ ഒരു ഭാരമായല്ലോ എന്ന ചിന്തയിൽ അവൻ നിരാശിതനായി. ചികിത്സക്കു വിധേയമായെങ്കിലും അവന്റെ സ്ഥിതി ദുഷ്കരമായി. ഒടുവിൽ അവൻ യേശുവിനെ കുറിച്ചു കേട്ടു ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. വിശ്വാസികൾ ഒന്നു ചേർന്നു അവനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ സെലന്റെ കാലിലെ വ്യണം സുഖമാകുവാൻ തുടങ്ങി. മുറിവുകൾ ഉണങ്ങി അവനു നടക്കുവാൻ കഴിയുന്നു. ഇപ്പോൾ അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഹല്ലെലുയ്യ!

## ഒക്ടോബർ 11 വെള്ളി

### ജന്മദിനാശംസകൾ

മേരി പുഷ്പം ദാനിയേൽ
ഗജൻ ചമ്പ്രമേരി

## ജാർഖണ്ഡ്

**സിന്ദുരിയ : ബഞ്ചമിൻ ജ്യോതി & പുഷ്പിത റാണി ബഹറ**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 162 വ്യക്തികൾ വ്യക്തിഗതമായി സുവിശേഷം ശ്രവിച്ചു. സ്ത്രീകൾക്കായി പ്രത്യേക യോഗം ക്രമീകരിച്ചു.

മകന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന പ്രകാശിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ജോലി തേടി മറ്റു പട്ടണങ്ങളിലേക്കു പോയതിനാൽ പത്കർക്കോട ഗ്രാമത്തിലെ ആരാധന താൽക്കാലികമായി നിർത്തിവെച്ചിരിക്കുന്നു. ഗ്രാമത്തിൽ ശേഷിക്കുന്നവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകൻ മനോജ്, ബിപിൻ എന്നിവരുടെ ശുശ്രൂഷ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ധാൽഭൂംഘട്

**പ്രമോദ് കുമാർ & യശോദബൻ**

അടിക്കടി മയങ്ങി വീഴുന്ന മക്രി ഗ്രാമത്തിലെ മാഗി മുർമ്മു പ്രാർത്ഥനയാൽ പൂർണ്ണ സൗഖ്യം പ്രാപിച്ചു. നല്ല മഴ നൽകി ഈ പ്രദേശത്തെ ദൈവം അനുഗ്രഹിച്ചു. കുടുംബജീവിതം ആരംഭിച്ച് അനവധി വർഷങ്ങളായിട്ടും മക്കളില്ലാതെ ഭാരപ്പെട്ട ദീപക് ഹസ്തക്കു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

മവുദോസോൾ ഗ്രാമത്തിലെ സോളൻ കിസ്കു, പകദിസോൾ ഗ്രാമത്തിലെ ദുപ്പ കിസ്കു എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി സമർപ്പണമുള്ള ദൈവവേലക്കാർ എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന സമറായ്, സാം, സ്വർണറാം, പാർവ്വതി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കാൻസർ സുഖമായി

മഹാരാഷ്ട്രയിൽ ദുലെ ജില്ലയിലാണ് ചൊപട് മിഷൻ വയൽ സ്ഥിതി ചെയ്യുന്നത്. അമോൾ ഗ്രാമത്തിലാണ് കൃഷ്ണ വസിക്കുന്നത്. രോഗിയായ അവനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിശോധനയിൽ അവന്റെ ശ്വാസ കോശത്തിൽ ഒരു മുഴയുണ്ടെന്നും അതു കാൻസറാണെന്നും മനസ്സിലാക്കി. ശരിയായ ചികത്സക്കു വിധേയനാകുവാൻ അവനോടു ആവശ്യപ്പെട്ടു. എന്നിരുന്നാലും കൃഷ്ണ കർത്താവിന്റെ ഒരു വാഗ്ദത്തം മുറുകെ പിടിച്ചു. 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ' അവൻ ഗ്രാമത്തിൽ മടങ്ങിവന്നു തീവ്രമായി പ്രാർത്ഥിക്കുവാൻ തുടങ്ങി. അവന്റെ കുടുംബാംഗങ്ങളും സഭയിലുള്ളവരും അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം കൃഷ്ണയുടെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ചു. വീണ്ടും പരിശോധനക്കായി കൃഷ്ണ ആശുപത്രിയിൽ ചെന്നു. പരിശോധനയിൽ ഡോക്ടറന്മാർ പറഞ്ഞതു കേട്ടു അവൻ ആശ്ചര്യപ്പെട്ടു. അവന്റെ കാൻസർ മുഴകൾ മാറി സാധാരണ മുഴകളായി. അതു സാവധാനത്തിൽ സൗഖ്യമാകും. കൃഷ്ണ ദൈവത്തോടു നന്ദിയുള്ളവനായി ദൈവത്തിന്റെ വിശ്വസ്തത ഗ്രാമത്തിലുള്ളവരോടു പങ്കുവെക്കുവാൻ തുടങ്ങി.




## ജന്മദിനാശംസകൾ

സോമ്പു സിങ്സൺ ജി

### ജമ

### മുന്ന മഹിന്ദിയാർ & സുമിതദാസ്

13 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 2560 പേർ സുവിശേഷം ശ്രവിച്ചു. അഞ്ചു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും മഹിമ സൊറൻ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. വാഹന അപകടത്തിൽ പെട്ട നിക്കോളാസ് ഹസ്താക്കിനെ നിസ്സാര പരുക്കുകളോടു കർത്താവ് പരിപാലിച്ചു. മഞ്ഞപിത്ത രോഗത്തിൽ നിന്നും രാഹുൽ ടുഡു വിടുതൽ പ്രാപിച്ചു. കാലിലെ നീരു കാരണം നടക്കുവാൻ കഴിയാതിരുന്ന സുബോദു സൊരനെ കർത്താവ് സൗഖ്യമാക്കി.

കാൻസർ രോഗിയായ താല മാറാണ്ടി, കാലിൽ പെട്ടലുണ്ടായ അന്തോണി സൊറൻ, കാഴ്ച ശക്തി മങ്ങുന്ന കൻസായ് മാറാണ്ടി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആഭിചാര ക്രീയ ചെയ്യുന്ന ലുക്കിറാമിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മങ്ക ഗ്രാമത്തിൽ സുവിശേഷത്തെ എതിർക്കുന്ന മിസി മാറാണ്ടി കർത്താവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെ പരിശീലനം വിശ്വാസികളുടെ ആത്മീക യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### മാൾട്ടോ യൂത്ത് മിനിസ്ട്രി

### ഗോഡ്വിൻ കൃപാകരൻ & പ്രഭ കമാലി

49 ഭവനങ്ങൾ സന്ദർശിച്ച് യുവജന സമ്മേളനത്തിൽ പങ്കെടുക്കുവാൻ യൗവ്വനക്കാരെ ക്ഷണിച്ചു. സഭകളുടെ ഉണർവ്വിനായി അഞ്ചു സ്ഥലത്തു ഉപവാസ പ്രാർത്ഥനകൾ സംഘടിപ്പിച്ചു. ദൈവകൃപയാൽ യുവജനങ്ങളുടെ ആത്മീക ആഭിവൃദ്ധിക്കായുള്ള വേദപഠനക്ലാസ്സുകൾ തടസ്സമില്ലാതെ നടക്കുന്നു. യുവജനങ്ങൾക്കും ബാലകന്മാർക്കുമായി ഒമ്പതു സ്ഥലത്തും യുവതികൾക്കായി അഞ്ചു സ്ഥലത്തും പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു.

20 വർഷം മുമ്പ് ആരംഭിച്ച സഭകളിൽ ഇന്നും ആത്മീക പുരോഗതിയില്ലാത്തതിനാൽ സഭയെ ശക്തീകരിക്കുന്നതിനായി സന്നദ്ധ സുവിശേഷകർ എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജന സംഘങ്ങളുടെ പ്രാർത്ഥനകളെയും പ്രയത്നങ്ങളെയും കർത്താവ് അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരിൽ നിന്നും വിശ്വാസികളിൽ നിന്നും ഈ യൗവ്വനക്കാർക്കു നല്ല സഹകരണം ലഭിക്കേണതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകരായി കർത്താവിന്റെ വേല ചെയ്യുവാൻ സമർപ്പിതരായ യുവതി യുവാക്കളെ കർത്താവ് അനുഗ്രഹിക്കേണ്ടതിനും അവർ തങ്ങളുടെ സമർപ്പണത്തിൽ നിലനിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മാൾട്ടോ വിശ്വാസികളുടെ ആത്മീക ഉണർവ്വ് ലക്ഷ്യമാക്കി ഹൃസ്വ ചലച്ചിത്രം, നാടകങ്ങൾ, പാട്ടുകൾ എന്നിവ യുവജനങ്ങൾ വിജയകരമായി നിർമ്മിച്ചു.

## ഒക്ടോബർ 13 ഞായർ

### ജന്മദിനാശംസകൾ

അനുഷ് പീറ്റർ ജപരാജ്
ദെബോര വിജയ റാണി എഡ്വേർഡ്

### പാക്കുടിയ

**ഇമ്മാനുവേൽ മുർമ്മു & നില ഹസ്ദ**

17 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 1200 പേർ സുവിശേഷം ശ്രവിച്ചു. 13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അപസ്മാര രോഗത്തിൽ നിന്നും പ്രദീപ് മറിയ വിടുതൽ പ്രാപിച്ചു. നല്ല മഴ നൽകി ദൈവം ദേശത്തെ അനുഗ്രഹിച്ചു..

തൽത്തലി ഗ്രാമത്തിലെ സുന്ദരി മുർമ്മു വിഷാദ രോഗത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇടതു വശം തളർന്നു പോയ ബോഗൻ ഹസ്തയുടെ വിടുതലിനായി പ്രാർത്ഥിക്കുക. രണ്ടു വയസ്സുള്ള എലിയാസിന്റെ ഹൃദയത്തിൽ സുഷിരമുണ്ട്, അവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച കൃഷ്ണ ഹസ്തായുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുർജാടി ഗ്രാമത്തിലെ ആരാധന യോഗത്തെ എതിർക്കുന്ന രോസനാൽ ഹസ്തയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി പ്രാദേശിക സുവിശേഷകരെയും സഭാമൂപ്പന്മാരെയും വിശ്വാസികളെയും കർത്താവ് എടുത്തു ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മൺട്രോ & ഭഗയ്യ ബാലഭവനം

**ഹിജം കെന്നടി സിങ് &**
**ഹജോം ലിന്തോബി ചാനു**

ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ സാധിച്ചു.17 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കത്തിഗാർ, മണിഹാരി എന്നീ ഗ്രാമങ്ങളിൽ നാടകത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു. വിഷ പാമ്പിന്റെ ദംശനമേൽക്കാതെ പുൽകുമാരിയെയും തോടോപാടോയെയും ദൈവം പരിപാലിച്ചു. പക്ഷാഘാതത്തിൽ നിന്നും സാംസൺ ഹെമ്പ്രം വിടുതൽ പ്രാപിച്ചു. അപസ്മാര രോഗത്തിൽ നിന്നും ജോളി സൊറനും നെഞ്ചു വേദനയിൽ നിന്നു രജ്ജിത് മുർമ്മുവും നിരന്തരമായ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. നമ്മുടെ ബാലഭവനത്തിലെ കുട്ടികൾക്കു ആരോഗ്യവും യാത്ര സുരക്ഷയും നൽകി ദൈവം അനുഗ്രഹിക്കുന്നു.

പലജോർ, മാഹി എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ ഉപദ്രവിക്കുന്ന മതതീവ്രവാദികളുടെ മാനസാന്തരത്തിനായും വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ശക്തരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. രാമ്പുനി, ബോർദല, തിയാര, സിമാര എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുവാൻ അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും പ്രമോദ് ഹെമ്പ്രം, രബീന്ദ്ര എന്നിവരെയും കൻസർ രോഗത്തിൽ ഹോബോൺ മാസിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്താം ക്ലാസ്സിലെ പരീക്ഷക്കായി പഠിക്കുന്ന സെബാസ്റ്റ്യൻ, സിൽബാനസ് എന്നിവർ ദൈവീക ജ്ഞാനത്താൽ നിറയേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 14 തിങ്കൾ

### ഭഗയ്യ

**ജപകുമാർ പ്രീയസ്വാമി & പൊൻലത**

പുധാല ഗ്രാമത്തിലെ നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തവർ ആത്മീക അനുഗ്രഹം പ്രാപിച്ചു. സ്വാതന്ത്ര്യ ദിനത്തിൽ പുത്താല ഗ്രാമത്തിൽ ത്രിവർണ്ണ പതാക ഉയർത്തി. വിശ്വാസികൾ ദേശത്തിനു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തി.

പുധാല ഗ്രാമത്തിലെ നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന മുനിലാൽ രാജ്, ദശരഥ്, ജഗദീഷ്, ശങ്കർ, രഘുനാഥ്, മാഗേഷ്, കട്ടുവ, നെബുല, സുനിൽ, പാപ്പു ലക്കട എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഡൈനിത്താല ഗ്രാമത്തിൽ നിന്നും പിന്മാറ്റത്തിൽ പോയ പ്രാദേശിക സുവിശേഷകരും വിശ്വാസികളും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ വഴിതെറ്റിക്കുന്ന അൽബർട്ട് ഗുജാർ, മീന ലക്കട എന്നീ കുടുംബങ്ങളിലുള്ളവരെ കർത്താവ് തൊടേണ്ടതിനും അവർ തങ്ങളുടെ തെറ്റുകൾ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ബോടുവ ബാലഭവനം

**സോമ്പു സിങ്സൺ & തിങ്നെയ്നെങ്**

കുട്ടികളുടെ ആദ്യ ടേമിലെ പരീക്ഷ നല്ലവണ്ണം എഴുതുവാൻ ദൈവം സഹായിച്ചു. കഠിനമായി പനി ബാധിച്ച വിദ്യാർത്ഥി കുയ്ബോ പരീക്ഷ സമയത്തു സൗഖ്യമായി ദൈവകൃപയാൽ പരീക്ഷ എഴുതി. എല്ലാദിവസവും ഏഴു കിലോമീറ്റർ നടന്നു സ്കൂളിൽ പോകുവാൻ വിദ്യാർത്ഥികളെ ദൈവം ശക്തീകരിക്കുന്നു.

ചികിത്സക്കായി ഭവനത്തിൽ പോയ ദേവ, കുയ്യ, രോഹിത് എന്നിവർ ആരോഗ്യത്തോടെ ബാലഭവനത്തിൽ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിൽ തടസ്സമില്ലാതെ വൈദ്യുതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിരങ്ങിനാൽ കഷ്ടപ്പെടുന്ന വിശാൽ, ഷൈലേശ് എന്നിവരുടെ സൗഖ്യത്തിനായും ഇതു മറ്റു കുട്ടികളിലേക്കു പകരാതിരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

---

### മഹാരാഷ്ട്രയിൽ ദൈവീക അത്ഭുതം!

മഹാരാഷ്ട്രയിൽ ബോറാഡി മിഷൻ വയലിലെ ചക്രിപാട ഗ്രാമത്തിലെ വിശ്വാസി പായൽ പാനെ നല്ലൊരു ഭക്തയായിരുന്നു. എന്തു ചെയ്യുന്നതിനു മുമ്പും അവൾ പ്രാർത്ഥിക്കുമായിരുന്നു. മഴക്കാലം കഴിഞ്ഞപ്പോൾ അവർ കൃഷി ചെയ്യുന്നതിനായി നാസിക്കിലേക്കു കുടിയേറി. പൂർണ്ണ ഗർഭിണിയായിരുന്ന പായൽ കുടുംബത്തോടൊപ്പം വയലിൽ ജോലിക്കായി പോയി. പെട്ടെന്നു അവൾക്കു കഠിനമായ വേദനയനുഭവപ്പെട്ടു. പ്രസവ വേദനയാണെന്നു കരുതി അവളെ അവർ സമീപത്തുള്ള ആശുപത്രിയിൽ എത്തിച്ചു. പരിശോധിച്ച ഡോക്ടർമാർ ഗർഭസ്ഥ ശിശുവിന്റെ ജീവൻ മൂന്നു ദിവസം മുമ്പ് നഷ്ടപ്പെട്ടു എന്നറിയിച്ചു. അവളെ ശസ്ത്രക്രിയക്കായി വേഗത്തിൽ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുടുംബം ഉപവസിച്ചു പ്രാർത്ഥിച്ചു. അമിതമായി രക്തം നഷ്ടപ്പെട്ടതിനാൽ അവൾ രക്ഷപ്പെടുക എളുപ്പമല്ല എന്നു ഡോക്ടർമാർ മുന്നറിയിപ്പു നൽകി. എന്നാൽ ദൈവം അത്ഭുതം പ്രവർത്തിച്ചു! പായൽ പൂർണ്ണ ആരോഗ്യം വീണ്ടെടുത്തു അവൾ എഴുന്നേറ്റു ദൈവത്തെ സ്തുതിച്ചു. ദൈവത്തിനു മഹത്വം!

---




**ജന്മദിനാശംസകൾ**

ബാഗി സതീഷ്

**ചോട്ടഗഗരി**

**ശാന്തകുമാർ സുധാകരൻ & ഫ്ളോറൻസ്**

പ്രാദേശിക സുവിശേഷകർക്കായി മൂന്നു ദിവസത്തെ ആത്മീക യോഗവും കുടുംബ സംഗമവും അനുഗ്രഹകരമായി സംഘടിപ്പിച്ചു. അഞ്ചു പുതിയ മിഷനറിമാരും പത്തു സുവിശേഷകരുടെ കുടുംബവും പങ്കെടുത്തു വിശ്വാസത്തിൽ ശക്തിപ്പെട്ടു. മൺസൂൺ കാലത്തു നല്ല മഴ ലഭിച്ചു. മഴക്കാലത്തു പടരുന്ന രോഗങ്ങളിൽ നിന്നു വിശ്വാസികളെയും മിഷനറിമാരെയും കർത്താവ് കാത്തു പരിപാലിച്ചു.

പശ്ചിമ സന്താൾ റീജിയനിലുള്ള മിഷനറിമാരുടെ പരിശീലന ക്യാമ്പ് അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും കുടുംബാംഗങ്ങളോടൊപ്പം നടത്തുന്ന മൂന്നു ദിവസ ഉപവാസ പ്രാർത്ഥന അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജനസമ്മേളനം, ചെറു പ്രാർത്ഥന സംഘം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വാഹനാപകടത്തിൽ മുറിവേറ്റ സഭാ മൂപ്പൻ ഡേവിഡ് മാറാണ്ടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ നിന്നുള്ള മഷനറി ശാന്തിക്കു നല്ല വരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ബർഹർവ & പത്തന ബാലഭവനം**

**പീറ്റർ പ്രഭാകരൻ & വിമല**

മൂന്നു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. ദേശത്തിന്റെ വിടുതലിനായി സംഘടിപ്പിച്ച മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 60 ആളുകൾ സംബന്ധിച്ചു. മറിയം കിസ്കു ശുശ്രൂഷ കഴിഞ്ഞ മടങ്ങിവന്ന ഓട്ടോറിക്ഷ മറിഞ്ഞെങ്കിലും ദൈവം അവളെ അത്ഭുതകരമായി പരിപാലിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ഗോമൽ മുർമ്മുവിനെയും എസ്ഥേർ മുർമ്മുവിനെയും ദൈവം രക്ഷിച്ചു. നല്ല മഴയെ നൽകി അനുഗ്രഹിച്ച ദൈവത്തിനു വിശ്വാസികൾ നന്ദിയർപ്പിച്ചു.

സഭയിൽ ഭിന്നത ഉണ്ടാക്കുവാൻ ശ്രമിക്കുന്ന സക്കനെൽ മുർമ്മുവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം കേൾക്കുവാൻ വലിയ താൽപര്യമില്ലാത്ത സറെങ്ക, കെസ്രോ എന്നീ ഗ്രാമങ്ങളിലുള്ളവർക്കായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ നേഴ്സിങ് പഠിക്കുന്ന കുട്ടികൾ വിജയകരമായി പഠനം പൂർത്തീകരിക്കേണ്ടതിനും അവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. അക്രൈസ്തവരെ വിവാഹം കഴിച്ച യുവജനങ്ങളുടെ മാനസാന്തരത്തിനും അവർ ക്രിസ്തീയ വിശ്വാസത്തിൽ ഉറെച്ചു നിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ദൈവാലയത്തിന്റെ അറ്റകുറ്റ പണിക്കു പ്രദേശിക അധികാരികളിൽ നിന്നും അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ പഴയ ദൈവാലയത്തിനും അറ്റകുറ്റ പണി ചെയ്യേണ്ടത് ആത്യാവശ്യമായിരിക്കുന്നു. യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ പ്രാർത്ഥന ദിനം
**ഒക്ടോബർ 16 ബുധൻ**

## ജന്മദിനാശംസകൾ

വിജയ റാണി രൂബൻ, ചുച്ചാവോ എസ്

### തീൻപഹാട്

**നെഹമ്യാവ് & അനാമിക**

വികാസ്, പ്രദീമ എന്നിവരെ ജാർഖണ്ഡ് പോലീസിലേക്കു തിരഞ്ഞെടുത്തു. പുതിയ ഗ്രാമമായ ബീൽ പഹാടി സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ അനേക വിശ്വാസികൾ പങ്കെടുത്തു.

അങ്കിത തബുവിന്റെ മക്കളും നാരായണനും മാനസിക രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ രാത്രിയിലും പൈശാചിക പോരാട്ടത്താൽ വലയുന്ന റിങ്കി മുണ്ടയുടെ വിടുതലിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന പ്രധീർ താബു, ദിലീർ താബു, റീന, രാജേഷ്, സജ്ജൈജ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### ലിറ്റിപാട

**എബനേസർ ശമുവേൽ & മേബൽ ഫ്ളോറൻസ്**

ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കുമ്പർബജ സഭയിൽ യുവജനങ്ങൾക്കായി സ്ഥിരീകരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. യുവജനങ്ങൾ തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുത്തു. വിഷപാമ്പിന്റെ കടിയേറ്റ സഭാമൂപ്പൻ കൊർന്നല്ലിയോസിനെ വിശ്വാസികളുടെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി.

അജ്ഞാത രോഗത്താൽ വലയുന്ന ജാംക്കുന്ദേർ ഗ്രാമത്തിലെ ദുൽഹ കിസ്കോയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഗദീശ്വർ, സോകുൽ, രാമ്പൂർ, ഗോഗാഡ, മഗർലോങ്, കമ്പ്രിയ, കൈരിയ എന്നീ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സഭാ മൂപ്പന്റെ കുടുംബാംഗങ്ങൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹൻസിദിഹ

**സെന്തിൽകുമാർ തിമോത്തി & മുത്തുസെൽവി**

കംഗുവാര സഭയിലെ വിശ്വാസികൾ നെല്ലു നിറച്ച ചാക്കുമായി ട്രെയിനിൽ കയറുവാൻ ശ്രമിക്കുമ്പോൾ വീണു മുറിവേറ്റെങ്കിലും ദൈവം അവരുടെ ജീവനെ പരിപാലിച്ചു. ആഗസ്റ്റ് 15 ന് ലുസിയ ഗ്രാമത്തിലെ സഭ ദേശത്തിന്റെ അനുഗ്രഹത്തിനും ഉണർവ്വിനുമായി പ്രാർത്ഥിച്ചു. ചൊട്ക ഹെബ്രത്തിന്റെ സംസ്കാര ശുശ്രൂഷ എതിർപ്പുകളുടെ മദ്ധ്യത്തിൽ ഭംഗിയായി നടത്തി.

വിശ്വാസത്തിലേക്കു കടന്നുവരാത്ത രാജേന്ദ്ര സൊറന്റെ പക്ഷഘാതത്തെ കുടുംബാംഗങ്ങളുടെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം സൗഖ്യയമാക്കേണതിനായി പ്രാർത്ഥിക്കുക. ഛോട്ടാ ഹെബ്രത്തിന്റെ അമ്മായിയപ്പൻ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശർക്കർ ഗ്രാമത്തിലെ മഹാദേവ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഈ പ്രശ്നങ്ങളിൽ നിന്നും വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡോക്ടറന്മാരുടെ പ്രതീക്ഷ നഷ്ടപ്പെട്ട ലുസിയ ഗ്രാമത്തിലെ ശ്രിമതിയെ കർത്താവ് സൗഖ്യമാക്കി.

**ഒക്ടോബർ 17 വ്യാഴം**

**മഹാരോ : ഇമ്മാനുവേൽ കാർത്തി & ജ്യോതി ലക്ഷ്മി**

പത്തു ഗ്രാമങ്ങളിലുള്ള 64 വ്യക്തികളുടെ മദ്ധ്യേ അനുധാവന പ്രവർത്തനം നടത്തി. അഞ്ചു സ്ഥലത്തു വിഘ്നങ്ങളില്ലാതെ രാത്രി യോഗങ്ങൾ നടത്തി. നമ്മുടെ മിഷനറിയുടെ ഭാര്യയെ കർത്താവ് സൗഖ്യമാക്കിയതിനാൽ മിഷൻ വയലിലേക്കു തിരികെ വന്നു. മംഗല ദെഹരി, പ്രാദേശിക സുവിശേഷകൻ ആനന്ദി ബുജാർ എന്നീ കുടുംബങ്ങളെ ദൈവം എടുത്തു ഉപയോഗിക്കുന്നു.

മന്ത്രവാദിയായ മഹാലക്ഷ്മിയുടെ ഭർത്താവിനെയും മക്കളെയും കർത്താവിന്റെ സ്നേഹം സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സുന്ദരി ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലാൽ മോഹൻ, കോതോ പച്ചു, നെയ്‌വേണി രാജു എന്നിവർക്കു അവരുടെ വസ്തു സംബന്ധമായ വിഷയത്തിൽ നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും സുവിശേഷ വേലയിൽ പങ്കാളികളാകേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന ബാബുലാൽ, സാധു, ബാമൈ, രാജേഷ്, സുരേന്ദ്രനാഥ്, ഭിക്കാരി പുജർ എന്നീ പ്രാദേശിക നേതാക്കളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന വിശ്വാസികളുടെ മടങ്ങി വരവിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### പക്കുവഹാട്

**രാമകൃഷ്ണ & അഞ്ജലി ദേവി ബന്തുമിലി**

20 ഗ്രാമങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി. 85 കുടുംബങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്തു. 16 സ്ഥലത്തു ജീസസ് ഫിലം പ്രദർശനത്തിലൂടെ സുവിശേഷം അറിയിച്ചു. സഭാ മൂപ്പനായ സാമോൾ ഹെബ്രത്തിന്റെ നിര്യാണത്തെ തുടർന്നു ഗ്രാമീണർ ആരും സംസ്കാര ശുശ്രൂഷയിൽ ഒരു സാഹായവും നൽകിയില്ല. വിശ്വാസികൾ സ്വയം സംസ്കാര ശുശ്രൂഷയുടെ നേതൃത്വം ഏറ്റെടുത്തു. ദുസ്വപ്നങ്ങൾ കാണുന്നതിനാൽ നല്ലവണ്ണം ഉറങ്ങുവാൻ കഴിയാത ഭാരപ്പെട്ട പഹമാർദി ഉപവസിച്ചു പ്രാർത്ഥിച്ചു ഈ പോരാട്ടത്തിൽ ജയം വരിച്ചു.

സൽപോന, ഉത്തർകർമ്മ, ഓലാർദുർ, പതോടാള എന്നീ ഗ്രാമത്തിലുള്ളവർ തങ്ങളുടെ ബന്ധുമിത്രാദികളോടു സുവിശേഷം അറിയിക്കുവാൻ തീരുമാനം എടുത്തു. ഈ സംരംഭത്തിൽ നല്ല ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന മണികപൂർ ഗ്രാമത്തിലുള്ളവരുടെ ആശ്വാസത്തിനായും പുതിയ സഭാമൂപ്പനെ കണ്ടെത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. സ്ത്രീകളുടെ യോഗം, കുട്ടികളുടെ വേദപഠന ക്ലാസ്സ്, ചെറു പ്രാർത്ഥന സംഘങ്ങൾ എന്നീവ പതിവായി നടക്കുന്നു. പിന്മാറ്റ ജീവിതം നയിക്കുന്ന സുങ്കി മുർമ്മു, സുനിൽ ഹെബ്രം, കലു സൊറൻ, മുനി സൊറൻ, രാജീവ് മുർമ്മു, നിർമ്മൽ എന്നിവർ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക.

**ഒക്ടോബർ 18 വെള്ളി**

## ജന്മദിനാശംസകൾ

സുമിത ദാസ് മുന്ന മൊഹിന്ദിയാർ
ശ്രീധർ മോഷിദേനി

### സാംസി

**ദീപാർത്തന & മിത്തിലേഷ്**

ജോലി തേടി ഡൽഹിയിലെത്തിയ ജിത്താൽ ഗ്രാമത്തിലെ ഒരു വിശ്വാസിയെ കഴിഞ്ഞ ഒരുവർഷമായി കാണാതെ പോയി എങ്കിലും അയാൾ സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു. പെമ്മൈ ഗ്രാമത്തിലെ പുജൻ മിശ്ര തന്റെ അന്ത്യനാളുകളിൽ സുവിശേഷം ശ്രവിക്കുവാൻ ആഗ്രഹിച്ചു മിഷനറിമാരെ പ്രാർത്ഥനക്കായി ക്ഷണിച്ചു. സുവിശേഷം കേട്ടു കൊണ്ടിരിക്കെ അയാൾ മരിച്ചു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

സുവിശേഷത്തെ എതിർക്കുന്ന ഫത്കു മാറാണ്ടി, റോഹി ഹൻസ്താക്, ലൂക്ക്യറാം മാറാണ്ടി, സജ്ജയ് ടുഡു, ലക്കൻ ടുഡു എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ആരാധനയിൽ സംബന്ധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചതിനാൽ ദൈവാലയം വിശാലമായി പുനർനിർമ്മിക്കേണ്ട ആവശ്യമായിരിക്കുന്നു.

### കരൺധിഹി

**കൈതേഗിൻ വൈഫേയ്**

പത്തു പുതിയ ഗ്രാമങ്ങളിലെ 220 പേരോടു സുവിശേഷം പങ്കുവെച്ചു. ഗുണർഗാവ് പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിച്ചു. ജുനോ കാത്തോ ഗ്രാമത്തിലെ ലോഗോൻ മാരതി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അതിനെ തുടർന്നു ദൈവം അവളുടെ മാനസികവും ശാരീരികവുമായ സകല രോഗങ്ങളും പ്രാർത്ഥനയാൽ സൗഖ്യമാക്കി.

സത്തിനികുദു ഗ്രാമത്തിൽ ആരാധന യോഗം പുനരാരംഭിച്ചു. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 17 ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനുള്ള ശ്രമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ലോഗൻ മാരതി, വിജയ് മുർമ്മു മജ്ജു ഹസ്ത, സോമു ചേളൻ, ഹപ്പൻ ഹസ്ത എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നാലു വയസ്സായിട്ടും സംസാരിക്കുവാനും നടക്കുവാനും ഇരിക്കുവാനും ശേഷിയില്ലാത്ത സുന്ദീപ് മുരുങ്കോയുടെ വിടുതലിനായും താലു കിസ്തു, സീതൈ ടുഡു, മനു കുഷി, സോഫൽ മുർമ്മു എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

---

### ദൈവവചനത്തിന്റെ ജ്ഞാനം!

രാജസ്ഥാനിലെ കജുവാല മിഷൻ വയലിലുള്ള രാജപാലിന്റെ മകളായ കുർബിത്. അവൾ ആഴമായ ദൈവവചന ജ്ഞാനത്തിൽ വളർന്നു വരുന്ന വിശ്വാസിയാകുന്നു. ഒരിക്കൽ കുറച്ചു പേർ തിരുവചനത്തെ തെറ്റായ വിധം പഠിപ്പിക്കുവാൻ തുടങ്ങി. നമ്മുടെ വിശ്വാസികൾ അതിനെ എതിർത്തു. നമ്മുടെ വിശ്വാസികൾ വചനം പഠിപ്പിച്ചവരോടു തിരുവചനത്തിൽ എഴുതിയിരിക്കുന്നതു കാണിക്കുവാൻ ആവശ്യപ്പെട്ടു. വിശ്വാസികളുടെ ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ സാധിക്കാതെ അവർ സ്ഥലം വിട്ടു. ദൈവം നമ്മുടെ വിശ്വാസികൾക്കു നൽകിയ വിവേചന വരത്തിനായും തിരുവചന പരിജ്ഞാനത്തിനായും ദൈവത്തെ സ്തുതിക്കാം.

---

**ഒക്ടോബർ**
**19**
**ശനി**

## ജന്മദിനാശംസകൾ

ഹവീല പരമാനന്ദൻ എസ്

## അസം

### ഗോഗമുഖ് :ഡെൻസിങ് പി & കവിത

നാലു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. അനേക കുഞ്ഞുങ്ങൾ വിബിഎസിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പക്ഷാഘാതത്താൽ കഷ്ടപ്പെട്ട ആൽഫ, പല്ലവിൻ എന്നിവരെ കർത്താവ് അവരുടെ പ്രാർത്ഥന കേട്ട് സൗഖ്യമാക്കി.

പനസിറമാസാക്, ഭാഗുരഗാട്, പല്ലിസബരി, പുയന്ദുകാസം എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിൽ വിശ്വസിക്കുന്ന ധനസുക്, പിത്തവാലി, നത്തുങ്, ജോയ്സങ് എന്നിവർ എത്രയും വേഗം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ പിലസവൽ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അടിവയറ്റിൽ അനേക നാളായി വേദനയനുഭവിക്കുന്ന ദിസ്കു ബീഗം, മോനിക്ക എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഗോഹ്പൂർ

### നാഥൻ കുമാർ ബബർത്ത & നിരുപമ നാഥൻ

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബോർദമൂലി ഗ്രാമത്തിൽ സംഘടിപ്പിച്ച വിശ്വാസികളുടെ യോഗത്തിൽ 55 പേർ പങ്കെടുത്തു. വിശ്വാസി പോൾ കൗറിനെയും മകനെയും ശക്തമായ മിന്നലിൽ നിന്നും ദൈവം അത്ഭുതകരമായി രക്ഷിച്ചു. ബയാൻവൈയുടെ മാതാപിതാക്കൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

സൊറൈ പാരി ഗ്രാമത്തിൽ നടത്തുന്ന ഫിലിം പ്രദർശനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. തടസ്സങ്ങളില്ലാതെ രാത്രി യോഗങ്ങൾ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പൂർണിമ, ദെബോനാഥ്, രഘുനാഥ് ഡോയ്, ബോദേശ്വർ, അയാളുടെ ഭാര്യ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒഡിഷ

### തെൽക്കോയ്

### സുഖിനാൽ & ജയ

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസം ഏറ്റു പറഞ്ഞു. ഈ കാലത്ത് ദൈവം നല്ല മഴ നൽകി അനുഗ്രഹിച്ചു. മൂത്രാശയ അണുബാധയിൽ നിന്നും നമ്മുടെ സ്വദേശ സുവിശേഷകനെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും സുക്കണ സത്താർ വിടുതൽ പ്രാപിച്ചു..

ഉടനെ നടത്തുന്ന സ്ത്രീകളുടെ യോഗം, യുവജന ക്യാമ്പ്, വിശ്വാസ പ്രഖ്യാപന യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും ജിതിൻ മുക്തനായി സാധാരണ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മാർത്ത സൊറൻ
വിജിത

**കിയോൻജ്ഹർ: പ്രത്യുഷ് നായക് & മാരിത്തായ് ലിയോണ**

43 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. കാലിമാദി ഗ്രാമത്തിലെ രണ്ടു വയസ്സുള്ള സോന മുണ്ട മരിച്ചു എന്ന് പറഞ്ഞ് ഗ്രാമത്തിൽ കൊണ്ടുവന്നു. വിശ്വാസികൾ ഒരുമിച്ചു കൂടി തീവ്രമായി പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു ആ പൈതലിനെ എഴുന്നേൽപ്പിച്ചു. സുവിശേഷത്തെ എതിർക്കുന്നവർ ബാൾട്ട ഗ്രാമത്തിലെ വിശ്വാസിയായ ദസര മുണ്ടയെ ആക്രമിച്ചു. പോലീസുകാർ ഇടിപെട്ട് അവനെ രക്ഷിച്ചു. വാഹന അപകടത്തിൽ നിന്നും നമ്മുടെ വിശ്വാസി പൈത്തറിനെ ദൈവം അത്ഭുതകരമായി വിടുവിച്ചു. ദൈവനാമ മഹത്വത്തിനായി അവൻ തന്റെ സാക്ഷ്യം മറ്റുള്ളവരോടു പങ്കുവെക്കുന്നു.

പമ്പാരി ഗ്രാമത്തിലെ എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും വില്ലി മുണ്ട വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹന്ദിബങ്കാ ഗ്രാമത്തിൽ എതിർപ്പുകളില്ലാതെ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. മസ്തിഷ്ക ആഘാതത്തിൽ കഷ്ടപ്പെടുന്ന ഹെമൽ മുണ്ടയുടെ വിടുതലിനായി പ്രാർത്ഥിക്കുക. രാജോത്, ആധി, പനമതി, ദിലീപ് എന്നിവരുടെ ആത്മീക വളർച്ചക്കായ് പ്രാർത്ഥിക്കുക.

**ജാഷിപൂർ**

**ശമുവേൽ ജെ & ഹവീല**

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. ബദൻപേട, ദയാരിങ്, ഗാന്ധിസൺ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിക്കുവാൻ അനുകൂലമായ സാഹചര്യം ഉരുവായി. അനേക വർഷങ്ങളായി ശയ്യാവലംബനായ ഷർമ്മു മുണ്ട തീവ്രമായ പ്രാർത്ഥനയുടെ ഫലമായി സൗഖ്യമായി. സന്ദിക്മല ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ബാഗുറാമിന്റെ കൃഷിയിടത്തു ജോലി ചെയ്യുവാൻ ഗ്രാമിണർ തയ്യാറായില്ലെങ്കിലും ദൈവകൃപയാൽ എല്ലാ വേലയും ഭംഗിയായി പുരോഗമിക്കുന്നു.

നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തി പണ പിരിവു നടത്തുന്ന ഇതര വിശ്വാസത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ക്രിസ്ത്യാനികളുടെ കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്നതിനു ഗ്രാമത്തിലുള്ളവരെ വിലക്കിയിരിക്കുന്നു. ക്രിസ്ത്യാനികൾ ഈ പ്രയാസങ്ങളെ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബസക്കുത്തു ഗ്രാമത്തിലെ ആളുകളുടെ ഭീഷണിയെ തുടർന്നു ദൈവാലയത്തിൽ പോകുന്നതു നിർത്തിയ രഘുപിങ്കയും കുടുംബവും വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. അമവാസിയിലും പൗർണ്ണമിയിലും ദുരാത്മാവ് ബാധിക്കുന്ന ശാന്തി പൂർത്തിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഉത്താസ് ഗ്രാമത്തിലെ പ്രമുഖനായ വ്യക്തി ആ ഗ്രാമത്തിൽ നടത്തുന്ന ക്രിസ്തീയ ശുശ്രൂഷയെ എതിർക്കുന്നു. അയാൾ കർത്താവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 21 തിങ്കൾ

### ദെങ്കനാൽ

**അശോക് നായക് & സുരഭി നായക്**

റാമ്പികാർ, മാരാർബാര, കിയോ സാക്കി, അല്ലുരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മോഹൻ സർദാർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പക്ഷാഘാതത്തിൽ നിന്നും ഗണേശ് ബങ്ക പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു.

സുവിശേഷം പ്രഘോഷിച്ച ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കേറ്റ ലക്ക്മ ഹെബ്രം, ധർമ്മേശ്വർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**റായ്റംഗ്പൂർ: കുണ ചന്ദ്ര പായ്ക് & ക്രുന്താഞ്ജലി പായ്ക്**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഹൃദയ ശസ്ത്രക്രിയയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ച ഗബ്രിയേലിനെ കർത്താവ് സൗഖ്യമാക്കി. അവൻ ഭവനത്തിൽ തിരികെ വന്നു ദൈവത്തെ മഹത്വപ്പെടുത്തുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി സുഖ്ലാലിനെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം രക്ഷിച്ചു. പെട്ടെന്നു കുഴഞ്ഞു വീണ വിശ്വാസി റാണിബർത്തിയെ വിശ്വാസികളുടെ പ്രാർത്ഥന കേട്ടു ദൈവം രക്ഷിച്ചു. അനേക വർഷങ്ങളായി രോഗശയ്യയിലായിരുന്ന പുനം പൂർത്തിയെ കർത്താവ് സൗഖ്യമാക്കി.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭ മൂപ്പന്മാരുടെ യോഗം, യുവജന ക്യാമ്പ്, സ്ത്രീകളുടെ യോഗം, ആത്മാക്കളെ ആദായപ്പെടുത്തുന്ന വിശ്വാസികളുടെ ക്യാമ്പ് എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന അമരേന്ദ്ര, ഭഗത് സിങ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. കാലിൽ മന്തുരോഗം ബാധിച്ച ബാഘികാത്രിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ജഗനാഥപൂർ

**ബസുദേവ മാൾട്ടോ & ബാസന്തി മാൾട്ടോ, സുരേഷ് മാൾട്ടോ; അബിരഹാം എസ് & ആലിസ് ഷീബ**

21 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. 28 ഗ്രാമങ്ങളിൽ അനുഗ്രഹകരമായി സുവിശേഷം പങ്കുവെച്ചു. ഇവിടെ സംഘടിപ്പിച്ച രണ്ടു ദിവസ ഉപവാസ പ്രാർത്ഥനയിൽ ധാരാളം വിശ്വാസികളും പ്രാദേശിക സുവിശേഷകരും പങ്കെടുത്തു. സ്ത്രീകളുടെ യോഗം, യുവജന യോഗം, സഭാമുപ്പന്മാരുടെ പരിശീലനം എന്നിവ വിജയകരമായി നടത്തി.

റിബൽദോവ, പുരുസായ്, മബാസിത്തെ എന്നീ ഗ്രാമങ്ങളിൽ നടത്തുവാൻ പദ്ധതിയിട്ട സുവിശേഷീകരണ പ്രവർത്തനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക. പാണിപാട ഗ്രാമത്തിൽ നടത്തുന്ന വിശ്വാസികളുടെ ക്യാമ്പിന്റെയും പരംജമ്ട ഗ്രാമത്തിൽ നടത്തുന്ന സഭാമുപ്പന്മാരുടെ ക്യാമ്പിന്റെയും ബജക്കുട്ട ഗ്രാമത്തിൽ നടത്തുന്ന യുവജന ക്യാമ്പിന്റെയും ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി നടത്തുന്ന ക്യാമ്പിന്റെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ സുമുറു പിങ്കുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ഒക്ടോബർ**

# 22

**ചൊവ്വ**

## ജന്മദിനാശംസകൾ

ജപറാണി അസറിയ രാജ്കുമാർ
മാരിത്താൾ ലീയോന

## ഗുജറാത്ത്

### ജാലോദ്

**കുമാർ പോൾ & അമുധ**

കുന്ദി ഗ്രാമത്തിലെ കാലിബന്നിനെയും മാന്ദനി ഗ്രാമത്തിലെ ദിനേശിനെയും പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. കോദിയ ഗ്രാമത്തിലെ സുർപ്ലയുടെ വീടിനുള്ളിൽ താമസിച്ചിരുന്ന മൂർഖൻ പാമ്പിനെ കണ്ടുപിടിച്ചു കൊന്നു. ലുഗാന്ദ ഗ്രാമത്തിലെ ലീലയും വിശ്വാസികളും തമ്മിലുള്ള പ്രശ്നം സമാധാനപരമായി പരിഹരിക്കപ്പെട്ടു. അനേക നാളുകളായി രോഗിയായിരുന്ന കാലിയ ഗ്രാമത്തിലെ മാധനെ കർത്താവ് സൗഖ്യമാക്കി. നിരന്തര പ്രാർത്ഥനയുടെ ഫലമായി അവൻ ഇപ്പോൾ ജോലിക്കു പോകുന്നു.

കുന്ദി ഗ്രാമത്തിലെ പൂജബായി പക്ഷാഘാതത്താലും മാനസിക രോഗത്താലും കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും തേടി ഫലമില്ലാത്തിനാൽ ഇപ്പോൾ പ്രാർത്ഥനക്കായി ദൈവാലയത്തിൽ വന്നിരിക്കുന്നു. വിഷാദ രോഗത്താൽ വലയുന്ന ശാരദയെ അമ്മായിയമ്മ ഭവനത്തിൽ നിന്നും ഇറക്കി വിട്ടു. അവൾ ദൈവാലയത്തിൽ അഭയം പ്രാപിച്ചു. അവളുടെ വിടുതലിനായി പ്രാർത്ഥിക്കുക. പെട്ടെന്നുണ്ടായ രോഗത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ജലന്ദർ ഗ്രാമത്തിലെ കാലിയ ബായിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നിസവാദി

**ഹെൻട്രി സോളമൻ ജി & എയ്ഞ്ചൽ ജപ എസ്**

ജലന്ദറിലെ സുക്ല ഭായി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിയവാട്, സർപണ എന്നീ ഗ്രാമങ്ങളിൽ നടത്തിയ പ്രാർത്ഥന നടത്തം അനുഗ്രഹകരമായിരുന്നു. ബീൽ ഗ്രാമത്തിൽ സംഘടിപ്പിച്ച യുവജനക്യാമ്പിൽ 250 യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ദുന്ത, കന്യായറിയ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കുവാൻ ദൈവം കൃപ നൽകി.

ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന കുട്ടികളുടെ ക്യാമ്പും വയോജന വിദ്യാഭ്യാസ പദ്ധതിയും വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ബീൽ ഗ്രാമത്തിൽ സംഘടിപ്പിക്കുന്ന മുഴുദിവസ ഉപവാസ പ്രാർത്ഥനയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ വിശ്വാസത്തിൽ വളരുന്നതിനും മറ്റുള്ളവർക്കു പ്രാർത്ഥിക്കുന്നതിനുള്ള എരിവ് അവരിൽ ഉരുവാകേണ്ടതിനുമായി പ്രാർത്ഥിക്കുക. അഞ്ചു വ്യക്തികളെ രക്ഷയിലേക്കു നയിച്ച കേസവാടി ഗ്രാമത്തിലെ മനിഷയെയും അവളുടെ കുടുംബത്തെയും കർത്താവ് ആശീർവദിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജന്ദർ, അമ്പ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു കർത്താവ് കൃപ നൽകി. വിശ്വാസികളുടെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുക.

ഉപവാസ പ്രാർത്ഥന ദിനം

## ഒക്ടോബർ 23 ബുധൻ

## ജന്മദിനാശംസകൾ

ജയന്തി ഗ്രേസ്

### സൂറത്ത്

**മാധവറായ് & ജപതങ്കം**

യുവജനങ്ങൾക്കും സ്ത്രീകൾക്കുമായി പ്രത്യേക യോഗങ്ങൾ നടത്തുവാൻ ദൈവം കൃപ നൽകി. പ്രാർത്ഥനയുടെ ഫലമായി അലുബായിക്കു നല്ലൊരു ജോലി ലഭിച്ചു. തലമുറക്കു വേണ്ടി അനേക വർഷം ദൈവസന്നിധിയിൽ കാത്തിരുന്ന ആശക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. പ്രീതി പവാറിന്റെ മകൻ പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷക്കു നല്ല മാർക്കു വാങ്ങി വിജയിച്ചു. സന്നദ്ധ സുവിശേഷകനായി നമ്മുടെ പ്രവർത്തനത്തെ സഹായിച്ച തോമസിന്റെ ജോലി നഷ്ടപ്പെട്ടെങ്കിലും വിശ്വസ്തതയോടെ കർത്താവിനെ സേവിച്ചതിന്റെ പ്രതിഫലമായി ദൈവം അവനു അതിലും മെച്ചമായ ജോലി നൽകി അനുഗ്രഹിച്ചു.

പ്രാർത്ഥന നടത്തുവാൻ ഭവനം നൽകിയതിനെ തുടർന്നു ഹേമബന്നിന്റെ അയൽക്കാരി സംഗീത ബൻ അവളോടു സംസാരിക്കുന്നില്ല. ദൈവം അവളുടെ ഹൃദയത്തെ തൊട്ടു മാനസാന്തരപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. നേത്ര സംബന്ധമായ രോഗത്തിൽ നിന്നും നിഷ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്ധ്യപ്രദേശിൽ നിന്നും ജോലി തേടി സൂറത്തിലേക്കു പോയ ദുർഗ ബന്നിനെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെയും സഭാമൂപ്പന്മാരുടെയും യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### വിജയനഗർ

**വിജയകുമാർ കെ & സുശീല**

ഗർഭാവസ്ഥയിൽ പലവിധ പ്രയാസങ്ങൾ നേരിട്ട ദിനേശിന്റെ ഭാര്യക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. ദിനേശിന്റെ മകൻ യുവരാജ് സ്കൂളിൽ പോകാതെ മോഷണത്തിൽ പങ്കാളിയായി ജീവിച്ചു. മാതാപിതാക്കളുടെ നിരന്തരമായ കണ്ണീരോടു കൂടിയ പ്രാർത്ഥനയുടെ ഫലമായി അവൻ മാനസന്തരപ്പെട്ടു ആരാധനയിൽ സംബന്ധിക്കുന്നു. തൊണ്ടക്കുണ്ടായ നീരു കാരണം കേൾവി തടസ്സപ്പെട്ട നൈനയെ ദൈവം അത്ഭുതകരമായി വിടുവിച്ചു. ഇടയ്ക്കിടെയുണ്ടാകുന്ന ഇക്കിളിനാൽ അരുൺ ഏറെ കഷ്ടപ്പെട്ടു. ചികിത്സ കൊണ്ടു ഫലം ലഭിച്ചില്ല. കർത്താവ് അവനു പൂർണ്ണ സൗഖ്യം നൽകി.

ഗർഭസ്ഥ ശിശു തലകീഴായി കിടക്കുന്നു എന്നറിഞ്ഞതിനെ തുടർന്നു നിരാശിതയായ ആശക്കു സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക പോരാട്ടത്താൽ രാത്രിയിൽ ഭീതി സ്വപ്നങ്ങൾ കാണുന്നതിനെ തുടർന്നു ഉറക്കമില്ലാതെ കഷ്ടപ്പെടുന്ന നക്കുബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന രാകേഷ്, ജിത്തേന്ദർ, രമേശ്, ഷുബുൾ, പ്രതാപ്, സഞ്ജയ് എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബ്യൂല ജപകുമാരി
ചിന്ത മാണി കിസ്കു

### ഘോരമ്പ

**പുഷ്പരാജ് & ജ്യോതി നിർമ്മല**

പൈശാചിക ബന്ധനത്താൽ ഏഴു വർഷത്തോളം സംസാരിക്കുവാൻ കഴിയാതിരുന്ന ഷാല ഗ്രാമത്തിലെ കിരൺ, പ്രാർത്ഥനയെ തുടർന്നു ചെറുതായി സംസാരിക്കുവാൻ ആരംഭിച്ചു. കാശ്വാൾ ഗ്രാമത്തിലെ പതി ദേവലിനെ വൈദ്യുത ആഘാതത്തിൽ നിന്നും ദൈവം വിടുവിച്ചു. ഒരു ദിവസം പെട്ടെന്നു സംസാര ശേഷി നഷ്ടപ്പെട്ടു പോയ ഹിന്ദ്പൂർ ഗ്രാമത്തിലെ കമദാത്തിബായ് ദൈവാലയത്തിൽ കടന്നു വന്നു പ്രാർത്ഥിച്ചതിനെ തുടർന്നു സൗഖ്യം പ്രാപിച്ചു. അനേക വർഷങ്ങളായി മക്കളില്ലാതെ ഭാരപ്പെട്ട ദിൻ കെ ഭായിക്കു ഇരട്ട കുട്ടികളെ നൽകി ദൈവം അനുഗ്രഹിച്ചു.

സ്വാമി മഹാരാജ്, സഹാര എന്നീ ഗ്രാമങ്ങളിൽ എത്രയും വേഗത്തിൽ രാത്രി യോഗങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്താർബുധത്താൽ കഷ്ടപ്പെടുന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥി അരവിന്ദന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മിയാൻവാടി, കാദോട് എന്നീ ഗ്രാമങ്ങളിലെ ആളുകൾ ക്രിസ്തീയ യോഗങ്ങളിൽ സംബന്ധിക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വറൗലി പ്രദേശത്തു സുവിശേഷം അറിയിക്കുവാൻ അവസരം ലഭിച്ചു.

## ദാദ്ര നഗർ ഹാവേലി

### ഖാൻവേൽ

**അരുൾ ആശീർ & സുഗുണ**

തീവ്രമായ പ്രാർത്ഥനയുടെ ഫലമായി ഉമർവാനി ഗ്രാമത്തിലെ നമ്മുടെ വിശ്വാസി രോഹിണിക്കു സർക്കാർ അദ്ധ്യാപികയായി ജോലി ലഭിച്ചു. അനേക വർഷങ്ങളായി കാലിലുണ്ടായ നീരിനാൽ കഷ്ടപ്പെട്ട കിന്നോരി ഗ്രാമത്തിലെ മീന ബന്നിനെ കർത്താവ് സൗഖ്യമാക്കി. കുളിക്കുവാനായി നദിയിൽ പോയ സിക്കൽദ ഗ്രാമത്തിലെ മീനാക്ഷി ഒഴുക്കിൽ പെട്ടെങ്കിലും ദൈവം അവളെ അത്ഭുതകരമായി രക്ഷിച്ചു. ജോലി സ്ഥലത്തു നിന്നു ഭവനത്തിലേക്കു മടങ്ങിവരുന്ന വേളയിൽ വാഹന അപകടത്തിൽ പെട്ട കിരൺ ഭായിയെ കർത്താവ് അത്ഭുതകരമായി പരിപാലിച്ചു. വിഷപാമ്പിന്റെ മേൽ അബദ്ധത്തിൽ ചവിട്ടിയ തക്ലു ഭായി, സന്നി ബൻ എന്നിവരെ ദംശനമേൽക്കാതെ കർത്താവ് രക്ഷിച്ചു.

ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന മധുപോൺ ഗ്രാമത്തിലെ നിർമ്മൽ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉമർവാനി ഗ്രാമത്തിൽ സംഘടിപ്പിക്കുന്ന യുവജന ക്യാമ്പിൽ ധാരാളം ചെറുപ്പക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരമാസകലം പരുക്കളാൽ കഷ്ടപ്പെടുന്ന സിൽദി ഗ്രാമത്തിലെ സത്നാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിലാസ്, ലക്ഷുമൻ എന്നിവർ തങ്ങളുടെ ഭാര്യമാരെ ഉപദ്രവിക്കുന്നു. ഇവരുടെ മാനസാന്തരത്തിനും ഭവനത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനുമായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന അരവിന്ദ് ഭായ്, അപ്പാജി ഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പ്രേമ രാജദുരൈ

## മഹാരാഷ്ട്ര

**തലസാരി : ഗദ്ദാം ശ്രീനിവാസ റാവു & രാജലക്ഷ്മി**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തലസാരി ഗ്രാമത്തിൽ എല്ലാ മാസവും നടത്തുന്ന ഉപവാസ പ്രാർത്ഥനയിൽ ധാരാളം പങ്കെടുത്തു അനുഗ്രഹം പ്രാപിക്കുന്നു. വങ്കൻ, ജൻ എന്നീ ഗ്രാമങ്ങളിൽ നടത്തിയ ആത്മീക ക്യാമ്പിൽ അനേക വിശ്വാസികളും അക്രൈസ്തവരും പങ്കെടുത്തു.

ക്രിസ്തേശുവിൽ വിശ്വസിക്കുന്ന അഞ്ചു കുടുംബം വിശ്വാസത്തിൽ ശക്തി പ്രാപിച്ചു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. സാൽനി, കൻജത് എന്നീ ഗ്രാമങ്ങളിൽ നിന്നു പിന്മാറി പോയവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ സഭകളിലും സ്ത്രീകളുടെ പ്രാർത്ഥനക്കൂട്ടം ആരംഭിക്കുന്നതിനുള്ള ശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്ത്രീകളുടെ പ്രാർത്ഥനക്കൂട്ടങ്ങൾ നയിക്കുന്നതിനു തക്കതായ വനിത നേതാക്കളെ ദൈവം എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അക്കർകുവ

**ജഗമോഹൻ സിങ് & സ്വാതി ഷർമ്മ**

എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 60 വ്യക്തികളോടു വ്യക്തിഗതമായി സുവിശേഷം അറിയിച്ചു. ദേശത്തിന്റെ വിടുതലിനു വേണ്ടി സംഘടിപ്പിച്ച മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ 26 പേർ സംബന്ധിച്ചു. മൊറെന ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

സുനിലിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ഭാര്യ നിർമ്മലയുടെയും മക്കളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന സുനന്ദ പുന്നയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സുകന്യയുടെ വിടുതലിനായി പ്രാർത്ഥിക്കുക.

### ചാലിസ്ഗൗൺ

**യേശു പ്രകാശ് & സുനന്ദ ബല്ലി**

നാലു സഭകളിൽ നടത്തിയ ഏക ദിന ഉപവാസ പ്രാർത്ഥനകളിൽ വിശ്വാസികൾ ആത്മാർത്ഥമായി പങ്കെടുത്തു. കിഡ്നി, കരൾ എന്നിവ സംബന്ധമായ രോഗങ്ങളാൽ വലഞ്ഞ പണോര ഗ്രാമത്തിലെ ജുലാലിനെ കർത്താവ് സൗഖ്യമാക്കി. തങ്കർവാടി, സത്ന എന്നീ ഗ്രാമങ്ങളിലെ ദീപക്, സരള എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരായി..

മാനസിക വിഷാദത്തിൽ നിന്നും സുഭാഷ് സിരാദിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പത്രാട്, നത്താട് എന്നീ ഗ്രാമങ്ങളിലുള്ള ആനന്ദ്, ജ്യോതി എന്നിവർ പക്ഷാഘാതത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നും നാനബായി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുന്ന യുവജന ക്യാമ്പിന്റെയും സ്ത്രീകളുടെ യോഗത്തിന്റെയും സഭാമൂപ്പന്മാരുടെ പരിശീലനത്തിന്റെയും വിജയത്തിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 26 ശനി

**ബോറാദി : ഓംപ്രകാശ് & സപ്ന**

കന്ദബാനി, പർസിപാട, ജുര ബാനി എന്നീ ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനത്തിൽ വ്യക്തിപരമായി നമ്മോടു ഇടപെട്ട 175 വ്യക്തികൾക്കു വേണ്ടി പ്രാർത്ഥിച്ചു. സിച്ചപാനി ഗ്രാമത്തിൽ സംഘടിപ്പിച്ച ഭജൻ യോഗത്തിൽ 500 പേർ സംബന്ധിച്ച് സുവിശേഷം ശ്രവിച്ചു. സ്ത്രീകൾക്കും വിശ്വാസികൾക്കുമായി നടത്തിയ ഉണർവ്വ് യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

പുതുക്കി ഗ്രാമത്തിലെ മൂന്നു വയസ്സുള്ള പ്രീയൻ കാൻസർ രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിഷാദരോഗത്താൽ വലയുന്ന ചാന്ദുസുര്യ ഗ്രാമത്തിലെ ചാന്ദമ്മ, ഹരിയ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. തപാസിയ ഗ്രാമത്തിലെ മധുഭായിയുടെ കാലിലെ ദീർഘകാലമായ വൃണം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉമർദ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വിഘ്നമില്ലാതെ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക

**മാസവാട് & തലോദ ബാലഭവനം**

**ഭരണിധരൻ & സെൽവറാണി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കാന്ദർസിക്കി, പൂരിമാൾ എന്നീ ഗ്രാമങ്ങളിൽ ആരാധന യോഗങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തരാവ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. അമ്പ പാനി ഗ്രാമത്തിൽ നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ 40 പേർ പങ്കെടുത്തു.

കന്ദികൽ ബാബ ശരീരമാസകലം ചൊറിച്ചിലിനാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന ചന്ദ്ര സിങ് ഇപ്പോൾ പൂരിമാൾ സഭയിൽ കടന്നു വരുന്നു. ഇയാളുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഉടനെ നടത്താനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗത്തിന്റെയും ആരാധന യോഗങ്ങളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ലജ്ജിപ്പിച്ചില്ല

മഹാരാഷ്ട്രയിലെ ജവഹർ മിഷൻ വയലിലുള്ള മഹാവീര ഗ്രാമത്തിൽ പാർക്കുന്ന ഉത്തമ വിശ്വാസിയാകുന്നു സുരേഷ് റാവത്. തന്റെ കുടുംബത്തിന്റെ ഉപജീവനത്തിനായി അവൻ ഗ്രാമത്തിൽ ഒരു ചെറിയ കട നടത്തുന്നുണ്ട്. വലിയ പട്ടണമായ ഖാൻവലിയിലെ മൊത്ത വ്യാപരിയിൽ നിന്നും സാധനങ്ങൾ വാങ്ങിയാൽ ഗ്രാമീണർക്ക് വില കുറച്ചു നൽകുന്നതിനും അതിലൂടെ തന്റെ വ്യാപാരം വിപുലപ്പെടുത്തുവാനും തീരുമാനിച്ചു. ക്രിസ്തീയ വിശ്വാസം നിമിത്തം ഗ്രാമത്തിലെ പൂജകൾക്കു അവൻ പണം നൽകാത്തതിനാൽ അവന്റെ സാധനങ്ങൾ കൊണ്ടുവരുവാൻ പിക്കപ് വാനുകൾ ഓടിക്കുന്നവർ തയ്യാറായില്ല. ദൂരത്തു നിന്നും സാധനങ്ങൾ മോട്ടർ സൈക്കിളിൽ കൊണ്ടുവരുക ദുഷ്കരമായതിനാൽ നുറുങ്ങിയ ഹൃദയത്തോടെ അവൻ ഈ വിഷയം ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. ദൈവം അവന്റെ പ്രാർത്ഥന കേട്ടു സ്വന്തമായി ഒരു ജീപ്പ് വാങ്ങുവാൻ ദൈവം സഹായിച്ചു. ഇപ്പോൾ അവൻ സ്വന്ത ജീപ്പിൽ സാധനങ്ങൾ വാങ്ങിക്കൊണ്ടു വരിക മാത്രമല്ല അതിൽ യാത്രക്കാരെ കൊണ്ടുപോയി ഗ്രാമീണരുടെ സ്നേഹവും കരസ്ഥമാക്കി. ദൈവം തന്റെ മക്കളെ അപമാനം സഹിക്കുവാൻ അനുവദിക്കയില്ല, മറിച്ച് അവനെ അനേകർക്കു അനുഗ്രഹമാക്കി മാറ്റി.

## ഒക്ടോബർ 27 ഞായർ

### പെയിന്റ്

**അലക്സ് പ്രഭു & പ്രീയ ഹെത്സി**

ഹെദപാട ഗ്രാമത്തിൽ സംഘടിപ്പിച്ച വിശ്വാസ പ്രഖ്യാപന യോഗത്തിലൂടെ എട്ടു പേർ സഭയിലെ അംഗങ്ങളായി. ദേശത്തിന്റെ അനുഗ്രഹത്തിനും ഉണർവ്വിനുമായി സംഘടിപ്പിച്ച മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ 180 പേർ സംബന്ധിച്ചു. പാട ഗ്രാമത്തിൽ രണ്ടു സുവിശേഷ സംഘത്തെ രൂപീകരിച്ചു. സപർണ, വങ്കാനി എന്നീ ഗ്രാമങ്ങളിൽ പുതി ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. നടക്കുവാൻ കഴിയാതിരുന്ന ഹൗസ എന്ന ബാലനെ കൃപയാൽ കർത്താവ് സൗഖ്യമാക്കി. ബരുദ, സംഗീത എന്നിവരെ വിഷപാമ്പിൽ നിന്നും രാംജിയെ വിഷത്തേളിൽ നിന്നും കർത്താവ് രക്ഷിച്ചു.

വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സുരേഷ് സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പല പ്രാവശ്യം ഗർഭം അലസിപ്പോയ കോസു വീണ്ടും ഗർഭിണിയായിരിക്കുന്നു. അവളുടെ ഉദരഫലത്തെ കർത്താവ് അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന നുത്തുൻ, പക്ഷാഘാതം മൂലം കാലിൽ നീര് ബാധിച്ച രഘുനാഥിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ഹേമന്ത് വിടുതൽ പ്രാപിച്ചു. നട്ടെല്ലിലുണ്ടായ ക്ഷതം നിമിത്തം 21 വയസ്സുള്ള പെലരമോക്കിന്റെ അരക്കു കീഴെ തളർന്നു പോയി. രജ്ജന കഴിഞ്ഞ രണ്ടു പ്രാവശ്യവും ജീവനില്ലാത്ത കുഞ്ഞിനാണ് ജന്മം നൽകിയത്. ഈ പ്രാവശ്യം ആരോഗ്യമുള്ള കുഞ്ഞിനു ജന്മം കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. കംസേത്, ദേവഡൊഗ്ര എന്നിവർക്കു കോടതി കേസിൽ നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

### മുന്ദഗോഡ്

**നരേന്ദ്രകുമാർ**

ജോലിക്കു വേണ്ടി നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരുന്ന മനോജിനു നല്ലൊരു ജോലി നൽകി കർത്താവ് അനുഗ്രഹിച്ചു. പനിയാലും ശരീര ക്ഷീണതയാലും വീട്ടിനുള്ളിൽ കഴിഞ്ഞ ആരാധന ദൈവാലയത്തിൽ കടന്നു വന്നു പ്രാർത്ഥിക്കുവാൻ ആരംഭിച്ചതിനെ തുടർന്നു ദൈവം അവൾക്കു സൗഖ്യം നൽകി. അവൾ ആരോഗ്യം വീണ്ടെടുക്കുന്നു. കയ്യിൽ പൊട്ടലുണ്ടായ വിശ്വാസി നിർമ്മലയുടെ സൗഖ്യത്തിനു വേണ്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അത്ഭുത സൗഖ്യം നൽകി.

ലത, ലക്ഷ്മി, ഗീത, കിത്തപ്പ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കസ്തൂരിയും ഭർത്താവും തമ്മിലുള്ള ഭിന്നത കർത്താവ് പരിഹരിച്ച് അവരുടെ മദ്ധ്യത്തിൽ സമാധാനം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവരുടെ ശരീര ബലഹീനതയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന നിർമ്മലയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഒക്ടോബർ 28 തിങ്കൾ

### നിദഗുന്ദി

**മജ്ജിയ നായക് & എൽ രത്തന**

നമ്മുടെ വിശ്വാസിയായ ജയശ്രീയുടെ വസ്തു സംബന്ധമായ പ്രശ്നം പ്രാർത്ഥനയാൽ പരിഹരിക്കപ്പെട്ടു. സോമിലി ബായിയുടെ ഹൃദയസംബന്ധമായ രോഗം പ്രാർത്ഥനയിലൂടെ സൗഖ്യമായി. ലക്ഷ്മമ്മ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനു പിന്നാലെ അവളുടെ സഹോദരൻ മൂന്നു വർഷം മുമ്പു കടം വാങ്ങിയ മൂന്നു ലക്ഷം രൂപ തിരികെ നൽകി. ജോലി തേടി അലഞ്ഞു നടന്ന പ്രദീപ് ദൈവകൃപയാൽ ഒരു ബേക്കറി ആരംഭിച്ചു. ക്രിസ്തീയ വിശ്വാസം നിമിത്തം വിജയലക്ഷ്മിക്കു തന്റെ ജോലി നഷ്ടപ്പെട്ടു എങ്കിലും പ്രാർത്ഥനയിലൂടെ അവൾക്കു തന്റെ ജോലി തിരികെ നേടി.

വിശ്വാസം നിമിത്തം പീഡനം അനുഭവിക്കുന്ന ഉപ്പാൽദിനിത്താണ ഗ്രാമത്തിലുള്ള ബഞ്ചാര ജാതിക്കൂട്ടത്തിൽ നിന്നുള്ള വിശ്വാസികളുടെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക. വലതു കാലിലും ഇടത്തു വിരലുകളിലും നീരു ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന കസ്തുരി ഭായിയുടെയും കരൾ സംബന്ധമായ രോഗത്തിനു ചികിത്സിക്കുന്ന രാജുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ കുടുംബത്തിൽ പ്രശ്നം സൃഷ്ടിക്കുന്ന സന്തോഷ് കുംസിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഭവനത്തിൽ നിന്നും കാണാതെ പോയ ശിവനന്ദ ഭവനത്തിലേക്കു സുരക്ഷിതയായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. യേഗേഷ് മോനിഷ്, ജഗദീഷ് എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

**കട്ടച്ചെരിവ് : ദേശായ് ദിലീപ് ഭായ് & റാമെഡ ലക്ഷ്മിബൻ**

പൈരാപുരം, മൈലിപള്ളി, ജനകംപള്ളി, ലൊച്ചാറിയ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ലഭിച്ച അവസരത്തിനും സഹായത്തിനുമായി ദൈവത്തെ സ്തുതിക്കാം. കാലിൽ നീരു ബാധിച്ചു കിടക്കയിൽ നിന്നും എഴുന്നേൽക്കുവാൻ പോലും കഴിയാതെ വിഷമിച്ച ഒബുലാമ ക്രിസ്തേശുവിൽ വിശ്വാസം വെച്ചു തീവ്രമായി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചപ്പോൾ കർത്താവ് കൃപ തോന്നി സൗഖ്യമാക്കി. അവനു ഇപ്പോൾ നടക്കുവാൻ കഴിയുന്നു. സൈനഗർ ഗ്രാമത്തിലെ കീർത്തനയുടെ മേൽ 30,000 രൂപ പിഴ ചുമത്തിയപ്പോൾ പ്രാർത്ഥനയുടെ ഫലമായി ദൈവം കരുണ ചെയ്തു പിഴ എഴുതിത്തള്ളി.

വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ നാരായണനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശസ്ത്രക്രീയക്കു വിധേയമായെങ്കിലും കാലു വേദനയിൽ നിന്നും വിടുതൽ ലഭിക്കാത്ത നാഗലക്ഷ്മി, ലക്ഷ്മിയമ്മ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലോക്സർള ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. പ്രഭാവതി, തിരുപതി എന്നിവർ ക്രിസ്തീയ വിശ്വാസം നിമിത്തം സ്വന്ത കുടുംബാംഗങ്ങളിൽ നിന്നും എതിർപ്പുകൾ നേരിടുന്നു. കുടുംബാംഗങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സൈനഗറിൽ ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഒക്ടോബർ 29 ചൊവ്വ**

## ജന്മദിനാശംസകൾ

ഹത്തിനെൽതിങ് ഡാൽസ്ക്കം

### കുപ്പം

**വെങ്കിടേശൻ സി & ശശികല**

സിസാല കാലി ഗ്രാമത്തിൽ ഒരു പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. പന്ദപള്ളി ഗ്രാമത്തിൽ നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ 60 പേർ പങ്കെടുത്തു ദേശത്തിന്റെ ഉണർവ്വിനായി പ്രാർത്ഥിച്ചു. കുടുംബ സംഗമത്തിൽ സംബന്ധിച്ച നാഗരാജ്, പുനിത ദമ്പതികൾ അവർ തമ്മിലുള്ള അഭിപ്രായം വ്യത്യാസങ്ങൾ മറന്നു അവർ ഒരുമിച്ചു ജീവിക്കുവാൻ തീരുമാനിച്ചു. സുവിശേഷ പ്രഘോഷണം നല്ല രീതിയിൽ നടത്തുവാൻ സാധിച്ചതിന്റെ ഫലമായി അഞ്ചു കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ഉത്സവങ്ങൾ നടക്കുന്ന ഈ മാസങ്ങളിൽ നമ്മുടെ വിശ്വാസികൾക്കു പ്രയാസം വരാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കണ്ടത്തിമാന പ്പള്ളിയിൽ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന ആരാധനയുടെ വിജയത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ വയലുകളിൽ നല്ല വിളവ് ലഭിച്ചു. വിശ്വാസികൾ സുവിശേഷ വേലയിൽ സജീവമായി പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. മിദ്ദപ്പള്ളി, കാദു വാനപ്പള്ളി എന്നി ഗ്രാമങ്ങളിലുള്ള ദൈവാലയങ്ങളുടെ സുരക്ഷിതത്വത്തിനായി ചുറ്റുമതിൽ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയം FMPB യുടെ പേരിലേക്കു മാറ്റി. ഇതു ഗ്രാമത്തിന്റെ രേഖകളിലും മാറ്റി എഴുതി.

## തമിഴ്നാട്

### ചന്ദിരപാട്ടി

**അർച്ചന എം**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 13 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. കുട്ടികൾക്കായി സുവിശേഷ ക്ലബ്ബുകളും ഉപവാസ പ്രാർത്ഥനയും സംഘടിപ്പിച്ചു. ചന്ദിരപെട്ടി ഗ്രാമത്തിലെ മജ്ജുള, മുരുകൻ എന്നിവർ സുവിശേഷം താൽപര്യത്തോടെ ശ്രവിച്ചു. മൗലി, ശിവപ്രീയ എന്നിവർ പനിയിൽ നിന്നും സാവിത്രി അരവിന്ദ് ടൈഫോയ്ഡിൽ നിന്നും ദൈവകൃപയാൽ സുഖം പ്രാപിച്ചു. പിന്മാറ്റ ജീവിതം നയിച്ച ധനഭാഗ്യം വീണ്ടും കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു മടങ്ങി വന്നു.

ചന്ദ്രിരപട്ടി ഗ്രാമത്തിലെ അരുണാഗിരി, സൗരമ്മ എന്നിവരെ ദൈവസ്നേഹം സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് അവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ ഇടയിലെ ശുശ്രൂഷകളെ ദൈവം ആശീർവദിച്ചു. യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാഹന സൗകര്യം വളരെ പരിമിതമായിരിക്കുന്ന ഈ മേഖലയിൽ സഞ്ചരിക്കുന്ന മിഷനറിമാരുടെ യാത്ര സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ദൈവം അവർക്കു നല്ല ആരോഗ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ പ്രാർത്ഥന ദിനം
ഒക്ടോബർ
30
ബുധൻ

## ജന്മദിനാശംസകൾ

എസ്ഥേർ ജോൺ ഡേവിഡ്സൺ

### വാർളി വേദപുസ്ത പരിഭാഷ

**അബ്രഹാം ജി & ഹേമലത**

വാർളി ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ മത്തായി, മർക്കൊസ് എന്നീ പുസ്തകങ്ങൾ പരിശോധിച്ച് അക്ഷരത്തെറ്റുകൾ തിരുത്തുന്നതിനു ദൈവം കൃപ ചെയ്തു. വാർളി ഭാഷയിൽ പാട്ടു പുസ്തകം തയ്യാറാക്കി അച്ചടിക്കുന്നതിനായി പ്രസിൽ നൽകി. വേദപുസ്കത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന സാങ്കേതിക പദാവലിക്കു തത്തുല്യമായ പദങ്ങൾ നിർണ്ണയിച്ചു. മിഷനറിയുടെ മകന്റെ ഉദരത്തിൽ ഉരുവായ 6.5 mm വലിപ്പമുള്ള ട്യൂമർ പ്രാർത്ഥനയുടെ ഫലമായി അലിഞ്ഞു പോയി. മിഷനറി വാഹനം പാർക്കു ചെയ്തതിന്റെ മുകളിലുണ്ടായിരുന്ന വൈദ്യുതി കമ്പി പൊട്ടി വീണുണ്ടായ അപകടത്തിൽ നിന്നും ദൈവം അത്ഭുതകരമായി മിഷനറിയെ രക്ഷിച്ചു.

പരിഭാഷപ്പെടുത്തിയ വാർളി ഭാഷയിലെ പുതിയ നിയമത്തിൽ സങ്കീർത്തനങ്ങൾ കൂടി ചേർക്കുന്നതിനു ഞങ്ങൾ ശ്രമിക്കുന്നു. പരിഭാഷ പ്രവർത്തനത്തിൽ സഹായിക്കുന്നവരുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക. വാർളി ജനങ്ങളുടെ വയലുകളിൽ നല്ല വിളവ് ലഭിച്ചു. പരിഭാഷപ്പെടുത്തിയ ഭാഗങ്ങൾ പരിശോധിച്ച് അതിന്റെ തെറ്റുകൾ തിരുത്തി. നമ്മുടെ മിഷനറിയുടെ കണ്ണിന്റെ കാഴ്ച ശക്തി മങ്ങുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മെച്ചേരി

**ധർമ്മരാജ് ആർ ആർ &**
**മറിയ സെൽവി**

തങ്കമ്മ ലക്ഷ്മികല, ദിവ്യ എന്നിവർ പുതുതായി ആരാധനയിൽ സംബന്ധിക്കുന്നു. ദുരസ്വാമി, പൂനമ്മാൾ എന്നിവരുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അവരുടെ വയലുകളിൽ നല്ല വിളവ് ലഭിച്ചു.

മൂന്നു വയസ്സുള്ള കവി പുഗൽ സംസാരിച്ചു തുടങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. ഡെങ്കു പനി ബാധിച്ച സൗഖ്യം പ്രാപിച്ച യേശുദാസിനു ജോലിക്കു പോകുന്നതിനുള്ള ആരോഗ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെൽവരാജ് മുരുകേശൻ മൂർത്തി മദ്യപാനം ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്രീനിവാസൻ, പ്രീയ ദമ്പതികൾക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കണ്ണിലെ കൃഷ്ണമണി പോലെ ദൈവം സംരക്ഷിക്കുന്നു!

ഒടിഷയിൽ ജാഷിപ്പൂർ മിഷൻ വയലിലുള്ള കടക്കുട്ടി ഗ്രാമത്തിലെ വിഷയ് സാത്തുവിന്റെ മൂന്നു വയസ്സുള്ള മകളുടെ ജീവിതത്തിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. കളിക്കുന്ന വേളയിൽ പൈതൽ കാലുതെന്നി എരിയുന്ന വിറകടുപ്പിൽ വീണു. കത്തിക്കൊണ്ടിരുന്ന വിറക് തെറിച്ച് അവളുടെ കണ്ണിൽ കുത്തി കൊണ്ടു. തീവ്ര വിശ്വാസിയായ സാത്തു ആദ്യം പൈതലിനെ ദൈവാലയത്തിൽ കൊണ്ടുവന്നു. പ്രാർത്ഥനക്കു ശേഷം അവളെ ആശുപത്രിയിലാക്കി. കണ്ണിനു യാതൊരു കേടും ഇല്ലാതെ ദൈവം അത്ഭുതകരമായി പൈതലിനെ വിടുവിച്ചു, പ്രാർത്ഥനയിലൂടെ ദൈവം എപ്രകാരമാണ് പൈതലിനു കാഴ്ച ശക്തി തിരികെ നൽകിയതെന്നു സാത്തു അനേകരോടു സാക്ഷ്യം പറയുന്നു. എല്ലാ മഹത്വവും കർത്താവിനു മാത്രം!

## ഒക്ടോബർ 31 വ്യാഴം

### ജന്മദിനാശംസകൾ

സുച്ചാനോ യൻന്താൻ

**സതേൺ സോൺ**

**പോൾ ദയാസിങ് & ബനിൽദ**

പാലത്തോട്ടനപള്ളിയിലെ രാജമ്മ കനാലിൽ വീണതിനെ തുടർന്നു നടക്കുവാൻ കഴിയാതെ ഭാരപ്പെട്ടു. പ്രാർത്ഥനയെ തുടർന്നു സൗഖ്യം പ്രാപിച്ചു. വേപ്പനപ്പള്ളി മിഷൻ വയലിലെ ബന്ദിക്കുടി സഭ ചുറ്റുപാടുമുള്ള ഏഴു ഗ്രാമങ്ങളിൽ തടസ്സങ്ങളില്ലാതെ സുവിശേഷം അറിയിക്കുവാൻ കർത്താവ് കൃപ നൽകി. മൂന്നു വർഷത്തോളം നടക്കുവാൻ കഴിയാതെ കഷ്ടപ്പെട്ട സിക്കത്തോട്ടി എന്ന മാതാവിനെ കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി. ഭുവനേശ്വരിക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. നെഞ്ചു വേദനയിൽ നിന്നും കാവേരി പട്ടണത്തിലെ കനകയെ കർത്താവ് സൗഖ്യമാക്കി. നാലു സ്ഥലത്തു ജീസസ് ഫിലിം പ്രദർശനം നടത്തി. തമ്പലമേടു ഗ്രാമത്തിലെ സരോജമ്മയുടെ കൊച്ചുമകനെ അപകടത്തിൽ നിന്നും ദൈവം വിടുവിച്ചു. വനമംഗളം സഭയിൽ നാലു പേർ വിശ്വാസ പ്രഖ്യാപനം നടത്തി. ദുരസിങ് & റെജീന കുടുംബം അവരുടെ പത്തു ലക്ഷത്തിലധികമുള്ള കടഭാരത്തിൽ നിന്നും മുക്തരായി.

തളർന്നു പോയ കുട്ടമ്മയുടെ വിടുതലിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും നടരാജും ജോതു കൊത്തുരും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ ഉത്തരപള്ളി ഗ്രാമത്തിലെ വിശ്വാസികൾ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിവാനിപള്ളി ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാണിയമ്പാടി സഭക്കു ചുറ്റുപാടുമുള്ള ഗ്രാമക്കാർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സമാനപ്പള്ളി ഗ്രാമത്തിലെ വിജയമ്മയുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചെട്ടി മിഷൻ വയലിലെ ഉമയുടെ ഭർത്താവ് അശോകും കുമാരത്തിനയും മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ദേവനത്തം സഭയിലെ മങ്ക കുടുംബ പ്രശ്നത്തിൽ നിന്നും പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണതിനായി പ്രാർത്ഥിക്കുക. സംഗിതക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാമച്ചി, ഗ്രേസി ശബരി, അന്നമലൈ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സർപ്പത്തിന്റെ മേൽ അധികാരം!

കർണ്ണാടകയിൽ ഹുബ്ലി റീജിയനിൽ നമ്മുടെ മിഷൻ വയലിൽ പ്രവർത്തിക്കുന്ന സുവിശേഷകൻ എല്ലപ്പായുടെ വാതിലിനരികിൽ ഒരു കരി മൂർഖൻ പാമ്പ് ചുരുണ്ടു കിടക്കുയായിരുന്നു. ഇതറിയാതെ വീട്ടിലെ ജോലികൾ ചെയ്യുന്ന എല്ലപ്പയുടെ ഭാര്യ ആ വാതിലിലൂടെ പലയാവർത്തി കയറുകയും ഇറങ്ങുകയും ചെയ്തു. ഒടുവിൽ അവൾ സാധനം ഉള്ളിലേക്കു കൊണ്ടു വരുമ്പോൾ അബദ്ധത്തിൽ ആ വിഷപാമ്പിന്റെ മേൽ ചവിട്ടി. അതു ചീറ്റിക്കൊണ്ടു കടിക്കാനായി ആഞ്ഞു. അവൾ ഭയന്നു യേശുവിന്റെ നാമം വിളിച്ചു. അത്ഭുതം പാമ്പ് പിൻവാങ്ങി. പിന്നീട് അവർ ആ പാമ്പിനെ കൊന്നു. ദൈവം വിഷപാമ്പിന്റെ വായെ അടെച്ചു മുദ്രയിട്ടെന്നു അവർ ഉറച്ചു വിശ്വസിക്കുന്നു. ദൈവം നൽകിയ സംരക്ഷണത്തിനായ് കുടുംബം സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്നു. ഹല്ലെലുയ്യ!

**398**

**മിഷനറി ആൽബം**

തിരുച്ചിറപള്ളിയിലുള്ള കത്തോലിക്ക കുടുംബമായ ശ്രീ. അന്തോണിസാമിയുടെയും ശ്രീമതി മേരിയുടെയും മകനായി 1979 മാർച്ച് 17 ന് ശ്രീ. ഏ സെൽവരാജ് ജനിച്ചു. 1977 ൽ ഈ കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സ്കൂൾ പഠനകാലഘട്ടത്തിൽ അവൻ ദൈവവേലയിൽ പങ്കാളിയായി. എന്നാൽ പാപസ്വഭാവത്തിന്റെ പോരാട്ടം അവന്റെ ഉള്ളിൽ ഉണ്ടായിരുന്നു. ഒരു നാൾ ഒരു കർത്തൃദാസന്റെ സുവിശേഷ പ്രസംഗത്തിൽ മത്തായി 11:28 അവനോടു സംസാരിച്ചു. അന്നു അവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തുടർന്നു ക്രമമായി സഭ ആരാധനയിൽ സംബന്ധിക്കുവാനും ദൈവചനാനുസൃതം ജീവിതം നയിക്കുവാനും തുടങ്ങി. തുടർന്ന് സഭയിലെ പാസ്റ്ററോടു ചേർന്നു പ്രവർത്തിച്ചു. ഈ നാളുകളിൽ തന്റെ സ്നേഹിതരിലൂടെ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ പ്രവർത്തനങ്ങളെ കുറിച്ചു അറിയുവാൻ ഇടയായി. 2003 ൽ FMPB യിലൂടെ പ്രവർത്തിക്കുവാൻ ദൈവം സെൽവരാജിനെ വിളിച്ചു. നമ്മുടെ സീനീയർ മിഷനറിയായ നവനീഥർ അണ്ണന്റെ കൂടെ സുവിശേഷ രഥത്തിൽ പ്രവർത്തിക്കുവാൻ അവനു അവസരം ലഭിച്ചു. നാലു വർഷത്തോളം സുവിശേഷ രഥത്തിന്റെ കൂടെ ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു. ഈ ശുശ്രൂഷയാൽ നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചു ആത്മഭാരം തന്നിൽ ഉളവായി. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ 13/6/2007 ൽ സെൽവരാജ് പൂർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു. ഒരു വർഷത്തെ മിഷനറി പരിശീലനത്തിനു ശേഷം രാജസ്ഥാനിലെ വിവിധ ഇടങ്ങളിൽ കർത്താവിന്റെ വേല ചെയ്തു.

നെയ്യേലിയിലെ ശ്രീ. തങ്കരാജിന്റെയും ശ്രീമതി ലൈല മേരിയുടെയും മൂത്ത മകളായി 9/6/1987 ൽ സഹോദരി സെൽവമ്മാൾ ജനിച്ചു. അദ്ധ്യാപിക പരിശീലനം പൂർത്തീകരിച്ച നാളുകളിൽ സഭയിൽ നടത്തിയ പ്രാർത്ഥന യോഗത്തിൽ വെച്ചു സഹോദരി സെൽവമ്മാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തുടർന്നു ഹോണററി മൊബലൈസേഷൻ സെക്രട്ടറി. ശ്രീ. ശേഖർ മോറിസിന്റെ സഹായിയായി ഒരു വർഷം പ്രവർത്തിച്ചു. 11/6/2008 ൽ പൂർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു. ഒരു വർഷത്തെ പരിശീലനത്തിനു ശേഷം ഗുജറാത്തിലെ സെളംമ്പയിൽ പ്രവർത്തിച്ചു. 14/12/2009 ൽ സെൽവരാജുമായുള്ള വിവാഹം നടന്നു. അതിനെ തുടർന്നു ഇവർ കുടുംബമായി രാജസ്ഥാനിലെ പീലിബംഗാനിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ ഇവർ രാജസ്ഥാനിലെ ഖൈർത്താലിൽ ശുശ്രൂഷ ചെയ്യുന്നു.

ദൈവം ഇവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. സെരുബ മെൽബിൻ രാജ് (25/12/2010) ഒമ്പതാം ക്ലാസ്സിലും സ്മിത്ത് മാർട്ടിൻ രാജ് (23/1/2014) ആറാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.



**ശ്രീ. സെൽവരാജ് & ശ്രീമതി. സെൽവമ്മാൾ കുടുംബം**

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR : Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR: Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala: ................ Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East: Mr.K. Thankappan,** Hon. Pro. secretary, FMPB, "Prabhath",
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram: Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION : Rev. Thomas Mathew,** Zonal Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta : Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :....... Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha............. Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:....... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322



FMPB
NAVODAYA TEAM
EN FUEGO
Is not this a brand plucked out from the fire? - Zec 3:2
YOUTH CAMP
10th Oct 10 am - 12th Oct 5 pm 2024
MUSIC
GAMES
WORKSHOPS
MISSIONS
SPEAKERS
JAMES EBENEZER
Pastor - One Church - Mumbai
PHILIP CHERIAN
Formations Ministry, Vellore
PRIYA ARISTOTLE
Advocate on Record - Supreme Court - Delhi
RAVI RATHOD
FMPB - Missionary - Bihar
15+
REGISTER
Registration Fee
Rs. 800/-
LOCATION
CONVENERS
P.J. Ramya Raju & Shanti
7708836465, 9444333072
VENUE
Cedar School Campus
(formerly AMG)
Bhimili - Visakhapatnam
For further details Contact
Jacob Raj Kumar 9849340295
Vanya Francis 8142311923
John Jacob 9885226616



friends missionary prayer band
STATE CONFERENCE 2024
New Delhi
Theme:
Who Am i
2 Samuel 7: 18
Date :
31.10 2024
Time
9:30 am - 5:30 pm
Vanue :
Mount Carmel,School
Dwarka Sector 22
New Delhi
GUEST SPEAKER :
REV.JOHN BERLIN
GS -FMPB
MISSION SHARING :
Mr.Muthaiah Samuel
Jharkhand Team
SEPARATE SESSIONS FOR CHILDREN & YOUTH
Vision & Mission Songs ,Powerful Sermon, Live Mission Sharing,Live Testimony
Contact :9941111745,9868528354,9810453669
FMPB Delhi NCR C128, Sainik Nagar,
Uttam Nagar, New Delhi-110059




***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***